"നാം ഈ ലോകത്തു ജീവിക്കുന്ന കാലത്തോളം കഷ്ടപ്പാടും പ്രലോഭനവും നമുക്കു ഉണ്ടാകാതിരിക്കാൻ നിവൃത്തിയില്ല. "ലോകത്തു മനുഷ്യജീവിതം ഒരു പ്രലോഭനമാകുന്നു" എന്നു ജോബിൻെറ പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു. അതുകൊണ്ടു്, ഒരിക്കലും ഉറങ്ങാതെ തനിക്കു വിഴുങ്ങുന്നതിനു പററിയവരെ തേടി നടക്കുന്ന പിശാചിനു സൗകര്യം കൊടുക്കാതിരിക്കുന്നതിനായി എല്ലാവരും പ്രലോഭനങ്ങളെപ്പററി ജാഗരൂകരായി ഉറക്കമിളച്ചു പ്രാർത്ഥിക്കേണ്ടതാണു്."
—ക്രിസ്ത്വനുകരണം.

# സത്യദീപം

"പിന്നീടു്, അവിടുന്നു് ഇതെല്ലാം പറഞ്ഞവസാനിപ്പിച്ചപ്പോൾ തൻെറ ശിഷ്യന്മാരോടു അരുൾചെയ്തു: രണ്ടു ദിവസങ്ങൾക്കുശേഷം പെസഹാദിവസം വരുമെന്നു നിങ്ങൾക്കറിയാമല്ലോ. അപ്പോഴാണു് ക്രൂശിക്കപ്പെടേണ്ടതിനായി മനുഷ്യപുത്രൻ ഏല്പിക്കപ്പെടേണ്ടതു്. ഇതേസമയംതന്നെ പ്രധാനാചാര്യന്മാരും ജനപ്രമാണികളും കയ്യേപ്പാ എന്നു വിളിക്കപ്പെടുന്ന മഹാപുരോഹിതൻെറ അരമനയിൽക്കൂടി, ഉപായേന ഈശോയെ വധിക്കുവാൻ ദുരാലോചന നടത്തി."
—മത്തായി XXVI: 1-5

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1957 ഏപ്രിൽ 10—ബുധനാഴ്ച | Vol. 30, No. 34

## കത്തോലിക്കാ സാഹിത്യത്തിലെ ഒരു ശക്തികേന്ദ്രം

### "ഷീഡ് ആൻഡ് വാർഡ്"

(ജെയിംസ് പാലിയേക്കുന്നേൽ)

മുപ്പത്തഞ്ചുവയസ്സിൽ താഴെ ഒന്നാംകിട കത്തോലിക്കാഗ്രന്ഥകർത്താക്കൾ ഇല്ലെന്നു പ്രസാധകനായ മി. ഫ്രാങ്ക് ഷീഡ് അഭിപ്രായപ്പെടുന്നു. കത്തോലിക്കരുടെ ഈ പിന്നോക്കമായ സാഹിത്യനിലയിൽ ഭഗ്നാശനാകുന്നില്ല അദ്ദേഹം. കാരണം അദ്ദേഹത്തിൻെറ വാക്കുകളിൽതന്നെ പറഞ്ഞാൽ "കത്തോലിക്കാഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്ന ഒരു ജനഗണം നമുക്കുണ്ടെങ്കിൽ ദൈവാനുഗ്രഹത്താൽ കത്തോലിക്കാ ഗ്രന്ഥകാരന്മാർ താനേ ഉണ്ടായിക്കൊള്ളും."

അത്തരമൊരു ജനഗണത്തെ സൃഷ്ടിക്കുന്നതിനുള്ള ശ്രമം ഫ്രാങ്ക് ഷീഡും അദ്ദേഹത്തിൻെറ സഹധർമ്മിണി മെയ്സി വാർഡും ഏറെറടുത്തു് പ്രവർത്തനം തുടങ്ങിയിട്ടു് കാൽശതാബ്ദക്കാലത്തിലധികമായി. അവർ ഒരുമിച്ചു് ഒന്നാംതരമൊരു സമിതി രൂപീകരിച്ചു. ഫ്രാങ്ക് ഷീഡ് അതിൻെറ പ്രസിഡണ്ടു്, മെയ്സി വാർഡ് വൈസ്പ്രസിഡണ്ടും. തങ്ങളുടെ തൊഴിലിനെക്കുറിച്ചു് അവർക്കു യാതൊരു ആശങ്കയുമില്ല. "കത്തോലിക്കാ പ്രസിദ്ധീകരണത്തിൽമാത്രം ഭാഗ്യമടങ്ങിയിരിക്കുന്നെന്നു നമുക്കു നിശ്ചയിച്ചുകൂടാ. തല്ക്കാരണം നമുക്കു ഹിതകരമായവ പ്രസിദ്ധീകരിക്കണം" എന്നാണ് അവരുടെ അഭിമതം. അതേസമയം തങ്ങളുടെ തൊഴിലിൻെറ പ്രാധാന്യം സമഗ്രമായി ഗ്രഹിച്ചു് തദനുസരണം രൂപംകൈക്കൊണ്ടിട്ടുള്ളതാണ് അവരുടെ ഹിതം.

കത്തോലിക്കാ ആശയങ്ങളുടെ പ്രചരണത്തിൽ ഷീഡും വാർഡും അതിപ്രധാനമായ ഒരു സ്ഥാനമാണ് ഗ്രന്ഥങ്ങൾവഴി കരസ്ഥമാക്കിയിരിക്കുന്നതു്. അവർക്കു നൽകപ്പെട്ടിട്ടുള്ള ബഹുമതികളിൽ ചിലതിൻെറ പരിചിന്തനം ഇതു സ്പഷ്ടമാക്കും. വോർസെസ്റ്ററിലുള്ള അസംപ്ഷൻകോളേജിലെ "ക്രിസ്തീയസംസ്കാരഉപന്യാസപരമ്പര"യിൽനിന്നുത്ഭവിച്ചിട്ടുള്ളതും ക്രിസ്തീയാദർശങ്ങളുടെ സുസ്പഷ്ടമായ ഒരു അത്മായപ്രകാശനത്തിനു പ്രതിവർഷം നൽകിവരുന്നതുമായ "ക്രിസ്റ്റ്യൻ കൾച്ചർ അവാർഡ്" 1944-ൽ ഷീഡിനു സമ്മാനിക്കപ്പെട്ടു.

കത്തോലിക്കാ ഗ്രന്ഥകാരന്മാരുടെ സംഘത്തിലെ അംഗങ്ങളാണു ഷീഡും വാർഡും. പ്രസ്തുത സംഘത്തിലെ അംഗങ്ങളുടെ മുൻകൊല്ലത്തെ ഗ്രന്ഥങ്ങളിൽ സാഹിത്യഗുണത്തിലും വിഷയാവിഷ്കരണത്തിലും ഏററം മികച്ചതായി തിരഞ്ഞെടുക്കപ്പെട്ട "Theology and Sanity" എന്ന ഗ്രന്ഥത്തിനു 1948-ൽ ഷീഡിനു "കാത്തലിക് ലിററററി അവാർഡ്" നൽകപ്പെട്ടു. ചിക്കാഗോയിലെ സാമൂഹ്യശാസ്ത്രപഠനകേന്ദ്രമായ "ഷീൽസ്കൂൾ", കത്തോലിക്കാ സാമൂഹ്യശാസ്ത്രാഭ്യസനരംഗത്തിലെ ഏററം ഉത്തമപ്രസിദ്ധീകരണത്തിനു നൽകിവരാറുള്ള "പോപ്പ് ലെയോ XIII മെഡലി"നു 1951-ൽ യോഗ്യരായി കാണപ്പെട്ടതും ഷീഡും വാർഡും തന്നെ. "ന്യൂമാൻ ക്ലബ്ബ് ഫെഡറേഷ"ൻെറ പ്രവർത്തനം പുരോഗമിപ്പിക്കത്തക്കവിധം രാജ്യഭരണം, മതം മുതലായവ സംബന്ധിച്ചു് രചിക്കപ്പെട്ടിട്ടുള്ള ഏററം ഉത്തമഗ്രന്ഥത്തിനു് പ്രതിവർഷം നൽകിവരാറുള്ള "കാർഡിനൽ ന്യൂമാൻ അവാർഡ്" കരസ്ഥമാക്കിയതും "ഷീഡ് ആൻറ് വാർഡ്"തന്നെ. ഇവയെല്ലാം മകുടം ചാർത്തുന്ന ഒരു സംഭവമാണു് വൈദികസെമ്മിനാരികളുടേയും കലാലയങ്ങളുടേയും നിയന്ത്രണം വഹിക്കുന്ന റോമിലെ തിരുസംഘം ഈയടുത്തകാലത്തു ഫ്രാങ്ക് ഷീഡിനു് അദ്ദേഹത്തിൻെറ പ്രശസ്തസേവനങ്ങളെ ആദരിച്ചു് ദൈവശാസ്ത്രത്തിൽ ഡോക്ടറേററു് ബിരുദം പ്രദാനംചെയ്തുവെന്നുള്ളതു്. അൽമായരിൽ ഇദംപ്രഥമമായി ഈ ബിരുദം ലഭിച്ചിട്ടുള്ളതു് ഇദ്ദേഹത്തിനാണെന്നതു് പ്രത്യേകം ശ്രദ്ധാർഹമാണു്.

ഫ്രാങ്ക് ഷീഡും മെയ്സി വാർഡും കഴിഞ്ഞ ശതാബ്ദത്തിൻെറ അന്ത്യത്തിൽ ലോകത്തിൻെറ രണ്ടു വിദൂരഭാഗങ്ങളിൽ ജനിച്ചു. 1897-ൽ സിഡ്നിയിൽ ജനിച്ച ഒരു ആസ്ത്രേലിയനാണു് മി. ഷീഡ്. അദ്ദേഹത്തിൻെറ മാതാവു് ഒരു കത്തോലിക്കയും പിതാവു് നിരീശ്വരനുമായിരുന്നു. ബാല്യകാലത്തു് കത്തോലിക്കാവിദ്യാലയങ്ങളിൽ അഭ്യസനം നടത്തുകയുണ്ടായില്ല. സിഡ്നി യൂണിവേഴ്സിററിയിൽനിന്നു് അദ്ദേഹം കലകളിലും നിയമത്തിലും ഡിഗ്രികളും ലത്തീൻ, ഫ്രഞ്ചു്, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ "ഫസ്റ്റ്ക്ലാസ്" ഓണേഴ്സും സമ്പാദിച്ചു. നിയമാഭ്യസനം ആരംഭിച്ചു വർഷം അവധിക്കാലം ഇംഗ്ലണ്ടിൽ കഴിക്കുവാനായി അദ്ദേഹം പുറപ്പെട്ടു. അവിടെ അദ്ദേഹം മെയ്സി വാർഡുമായി പരിചയപ്പെടുകയുണ്ടായി. നാലു സംവത്സരങ്ങൾക്കുശേഷംമാത്രം അദ്ദേഹം ആസ്ത്രേലിയായിലേക്കു മടങ്ങുകയും നിയമത്തിൽ "ബാച്ചലർ"ഡിഗ്രി സമ്പാദിക്കുകയും ചെയ്തു.


മെയ്സി 1889-ൽ ഇംഗ്ലണ്ടിലെ "വൈററു്" ദ്വീപിൽ ജനിച്ചു. അവളുടെ പിതൃപക്ഷത്തുനിന്നുള്ള പിതാമഹൻ, "ഓക്സ്ഫോർഡ് മൂവ്മെൻറി"ൻെറ പ്രവർത്തനഫലമായി ഒന്നാമതായി സത്യസഭാതരുവിൻെറ തണലിൽ ആശ്വസിക്കുകയും തത്വത്തിലും പ്രവൃത്തിയിലും കർഡിനാൾ ന്യൂമാനിൽനിന്നു് വ്യത്യസ്തങ്ങളായ ആശയങ്ങൾ പലകാര്യങ്ങളിലുമുണ്ടായിരുന്നിട്ടും അദ്ദേഹത്തിൻെറ ഒരു സ്നേഹിതനായിരിക്കുകയും ചെയ്ത വില്യം ജോർജ്ജ് വാർഡും മാതൃപക്ഷത്തുനിന്നുള്ള പിതാമഹൻ പ്രസ്തുത മൂവ്മെൻറിൻെറ പ്രവർത്തനഫലമായി പിൽക്കാലത്തു് സ്വാമിത്രമായിരുന്ന കർദ്ദിനാൾ മാനിംഗിനോടുകൂടി സത്യസഭാമാതാവിനെ ആശ്ലേഷിച്ചയാളുമായ ജെയിംസ് ഹോപ്സ്കോട്ടും ആയിരുന്നു.

മെയ്സിയുടെ മാതാപിതാക്കന്മാർ നവംതികഞ്ഞ സാഹിത്യകാരന്മാരായിരുന്നു. അവളുടെ പിതാവു് വിൽഫ്രിഡ് വാർഡ്, ഇംഗ്ലണ്ടിൽ കത്തോലിക്കാ നവജീവൻ വരുത്തിവച്ച തത്വശാസ്ത്രജ്ഞന്മാരിൽ പ്രശ്രുതനായ ഒരാളായിരുന്നു. ജനനി ജോസഫൈൻ വാർഡ് ഇംഗ്ലണ്ടിലെ പ്രഥമ പ്രശസ്തകത്തോലിക്കാ നോവലിസ്റ്റായി സർവ്വരാലും ആദരിക്കപ്പെട്ടുപോന്നു. ഇംഗ്ലണ്ടിലെ എലിസബത്തു പ്രഥമ രാജ്ഞിയുടെ ഭരണകാലത്തു നടന്ന അനേകവർഷത്തെ കത്തോലിസ്കാ മതമർദ്ദനം വിവരിക്കുന്ന 'Tudor Sunset' (x) അവളുടെ ഏററം പ്രചുരിമയാർന്ന ഗ്രന്ഥമാണു്.

"കാത്തലിക് എവിഡൻസ് ഗിൽഡി"ലുള്ള പ്രവർത്തനം ഫ്രാങ്ക് ഷീഡിനേയും മെയ്സിവാർഡിനേയും ഒരുമിച്ചുകൂട്ടി. പ്രസ്തുതസംഘം പാർക്കുകളിലും തെരുവുകളിലും ജനങ്ങൾ തടിച്ചുകൂടുന്ന ഇതരസ്ഥലങ്ങളിലും കത്തോലിക്കാസഭയുടെ പഠനങ്ങളെ വിവരിച്ചു സ്പഷ്ടമാക്കുന്ന പൊതുനിരത്തുപ്രഭാഷണങ്ങൾക്കായി പ്രാസംഗികരെ പരിശീലിപ്പിക്കുന്നു. ഷീഡ് ഇംഗ്ലണ്ടിൽ വന്ന കാലത്തു് മെയ്സി പ്രസ്തുതരംഗത്തു് പ്രാവീണ്യം സമ്പാദിച്ചു കഴിഞ്ഞിരുന്നു. അനേകസംവത്സരക്കാലത്തേക്കു് പൊതുനിരത്തുകളിലുള്ള പ്രസംഗപീഠങ്ങളിൽനിന്നു് അവർ പ്രഭാഷണങ്ങൾ നടത്തുകയും കത്തോലിക്കാ തത്വജ്ഞാനത്തിനുതകുന്ന "കാത്തലിക് എവിഡൻസ് ട്രെയിനിംഗ് ഔട്ട്ലൈൻസ്" എന്ന ചെറുഗ്രന്ഥം പ്രസിദ്ധീകരിക്കുകയും ചെയ്തുപോന്നു. അവർ തമ്മിൽ കണ്ടുമുട്ടി അധികകാലതാമസംകൂടാതെ ഷീഡ് മെയ്സിയുടെ സംഘത്തിൽ അംഗത്വം സ്വീകരിച്ചു. പ്രസ്തുത സംഭവം അദ്ദേഹത്തിൻെറ ജീവിതകൃത്യമായി പരിണമിച്ചു, തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലുമുള്ള അസ്പഷ്ടാശയങ്ങൾ അക്ലിഷ്ടവും സുഗ്രാഹ്യവുമായ സുന്ദരപദങ്ങളിൽ ഭാഷാന്തരപ്പെടുന്ന ഭാരമേറിയ കൃത്യത്തിലേക്കു് അദ്ദേഹത്തെ നയിച്ചു.

ഞായറാഴ്ചകളിൽ ലണ്ടനിലെ ഹൈഡ് പാർക്കിലും മററു ദിനങ്ങളിൽ സായാഹ്നത്തിൽ ജോലിസമയത്തിനുശേഷം ഇതരസ്ഥലങ്ങളിലും ഫ്രാങ്ക് ഷീഡും മെയ്സി വാർഡും "ഗിൽഡി"ലെ മററംഗങ്ങളും തങ്ങളുടെ സോപ്പുപെട്ടികളിന്മേൽ കയറിനിന്നു് കത്തോലിക്കാ വിശ്വാസസത്യങ്ങൾ തങ്ങളുടെ ശ്രോതാക്കൾക്കായി വിവരിക്കും. ഇപ്രകാരം ഗണത്തിൽനിന്നു തെററിപ്പോയ അജത്തെ തിരിച്ചുകൊണ്ടുവരുന്ന നല്ലയിടയന്മാർ മാത്രമല്ലാ അകത്തോലിക്കർക്കു് മതപഠനം നൽകി സത്യസഭാംബികയെ ആശ്ലേഷിപ്പിക്കുന്ന അപ്പസ്തോലന്മാർ കൂടിയാണു് അവർ. ഇംഗ്ലണ്ടിലും അമേരിക്കയിലുമായി ഷീഡ് 3000-ൽ അധികം മീററിംഗുകൾ നടത്തിക്കഴിഞ്ഞിട്ടുണ്ടു്. മെയ്സിക്കുമുണ്ടു് അത്രയും വരുന്ന ഒരു നമ്പർ. ഇന്നും അവരിരുവരും അതു വർദ്ധിപ്പിച്ചുകൊണ്ടുമിരിക്കുന്നു. (തുടരും)

(x) Tudor ഇംഗ്ലണ്ടിനെ ഭരിച്ച രാജാക്കന്മാരുടെ ഒരു വംശമാണു്. ഈ വംശത്തിൻെറ ആരംഭം ഹെൻറി ഒന്നാമനിലും അന്ത്യം ഒന്നാം എലിസബത്തിലുമാണു്.



"ഹോസാനാ! ദാവീദിൻ പുത്രനു് ഹോസാനാ"

(ഓശാനഞായർ—ഏപ്രിൽ 14)

ആഖ്യായിക

## ബറാബാസ്



### അദ്ധ്യായം 22 (തുടർച്ച)

### വേറൊരു തടവുകാരൻ

(വി. സി. ജോർജ്ജ് ബി എ. എൽ. ററി.)

വീണ്ടും റാബ്ബിയുടേയും പുരോഹിതന്മാരുടെയും ലേവായരുടെയും നേതൃത്വത്തിൽ നീങ്ങിയ യാത്രയനുഗമിച്ചു തന്നെ എസ്രാ മുമ്പോട്ടു പോയി. യാത്രയിൽ ചേരുന്നതിനുവേണ്ടി ഉന്നതാചാര്യൻ സ്വന്തം വസതിയിൽ നിന്നിറങ്ങി പല്ലക്കിൽ പ്രവേശിക്കുന്നതും അയാളുടെ കണ്ണിൽ പെടാതിരുന്നില്ല. ദേവാലയോദ്യോഗസ്ഥന്മാരോടും അവരുടെ സഹായികളോടുംചേർന്നു തെരുവിൽ കാണപ്പെട്ട പ്രാകൃതഗണത്തിനിടയിൽ കൂടി എസ്രാ നടന്നു. തനത്നൈരാശ്യത്തിൽ കുടുങ്ങി വിവശനായ അയാൾക്കു നസ്രായനെതിരായി ജനക്കൂട്ടത്തിൽനിന്നു നിർഗ്ഗമിച്ച ശാപവാക്യങ്ങളും ആ ദ്രോഹിയുടെ അന്തം വരുത്തണമെന്നുള്ള ആഗ്രഹപ്രകടനങ്ങളും ശ്രദ്ധാവിഷയമായി. നസ്രായനു ലഭിക്കുവാനിരുന്ന ശിക്ഷയുടെ വിധത്തെപ്പററി വിമർശനങ്ങൾ നടന്നു. മുൻകാലത്തു നിലവിലിരുന്ന കല്ലെറിഞ്ഞുകൊലയായിരുന്നുവെങ്കിൽ തങ്ങൾക്കും അതിൽ പങ്കെടുക്കാമായിരുന്നല്ലോ എന്നുള്ള അഭിപ്രായങ്ങളും ഉണ്ടായി, യാത്ര കയ്യാഫാസിൻെറ വലിയ മന്ദിരം സമീപിച്ചു. മതേതരകാര്യങ്ങളുടെ ഭരണനിർവ്വഹണമായിരുന്നു കയ്യാഫാസിനുണ്ടായിരുന്നതു്. മതകാര്യങ്ങളിൽ പ്രധാനചുമതല അദ്ദേഹത്തിൻെറ ശ്വശുരൻ അന്നാസിനുമായിരുന്നു. ഈ മന്ദിരത്തിലും, ഇപ്പോഴേക്കും വളരെ തടിച്ചുകൂടിയിരുന്ന ആളുകൾ യാത്ര പ്രതീക്ഷിച്ചിരുന്നതായി തോന്നി. പുരോഹിതന്മാരും ലേവായരും വാതില്ക്കൽ കാത്തുനില്ക്കുന്നുണ്ടായിരുന്നു, തടവുകാരനെ കൊണ്ടുവരുന്നകാര്യം അകത്തറിയിക്കുവാൻ ഇവരിൽ ചിലർ ധൃതിയിൽ അകത്തേക്കു പോകുകയും ചെയ്തു. എസ്രാ മന്ദിരത്തിനുള്ളിൽ പ്രവേശിച്ചു്, സാന്നെദ്രിൻ സംഘം സമ്മേളിച്ചുകഴിഞ്ഞിരുന്ന ശാലയിൽ സ്ഥലം പിടിച്ചു. അന്നാസ് അവിടെ സന്നിഹിതനായിരുന്നില്ല. ഉയർന്ന വേദികയിൽ കയ്യഫാസും, ഒന്നാം ഗണത്തിൽപെട്ട പുരോഹിതന്മാരും, മററു റാബ്ബികളിൽ മുമ്പന്മാരും ആസനസ്ഥരായിരുന്നു. പല ആസനങ്ങളും ഒഴിവായി കിടന്നതു് രാത്രിയിൽ ത്വരപ്പെട്ടു് നടത്തിയ ഈ കുററവിസ്താരത്തിൽ ഭാഗഭാക്കുകളാകുവാൻ പുരോഹിതന്മാരിൽ ഒരു വലിയ ലഘുപക്ഷം വിസമ്മതിച്ചതിനു സൂചനയായിരുന്നു.

അതാ ഉന്നതാചാര്യൻ അന്നാസ് ആഗതനാകുന്നു. നഥാനിയേൽ റാബ്ബിയുടെ കൈത്തണ്ടിൽ താങ്ങി ന്യായാധിപാസനത്തിലേക്കു ആരോഹണം ചെയ്യുന്നതിനുള്ള പടികൾ കയറി കയ്യാഫാസിൻെറ ഒരു വശത്തു് ആസനസ്ഥനായ അന്നാസിനെ ജാമാതാവും മററു പുരോഹിതന്മാരും യഥോചിതം ആചരിച്ചു് സ്വീകരിച്ചു. ദേവാലയോദ്യോഗസ്ഥന്മാർ ഇതിനിടയ്ക്കു് തടവുകാരനെ വേദികയുടെ മുമ്പിൽ ആനയിച്ചു് അദ്ദേഹത്തിനു ചുററും അർദ്ധവൃത്തമായി കാവൽ നിന്നിരുന്നു. തെരുവുകളിൽനിന്നു വന്ന ജനക്കൂട്ടം വേദികയ്ക്കു സമീപം തള്ളിക്കയറിയെങ്കിലും സൈനികർ ഇരുവശത്തെയും ഭിത്തികൾക്കു സമീപം അവരെ അണിനിരത്തിയതിനാൽ ശാലയിൽ മദ്ധ്യഭാഗത്തായി ഒരു സഞ്ചാരസ്ഥാനം ദൃശ്യമായി. ബൃഹത്തായ കൽത്തൂണുകൾക്കിടയിൽക്കൂടിനടുമുററത്തേക്കു നയിച്ച സ്വീകരണശാലയുടെ ഒരു വശത്തു് എസ്രാ എത്തി. നടുമുററത്തു് പല അഗ്നികുണ്ഡങ്ങൾ കാണപ്പെട്ടു. അവയ്ക്കു സമീപം ദേവാലയോദ്യോഗസ്ഥന്മാരിൽ ഒരു ഭാഗവും മന്ദിരത്തിലെ ഭൃത്യഗണത്തിൽ ചിലരും തീ കായുകയായിരുന്നു. കാണികളിൽ പലരും ശാലവിട്ടു് മുററത്തിറങ്ങി കൈകൾ ചൂടു പിടിപ്പിച്ചു എസ്രായാകട്ടെ കുററവിസ്താരത്തിൻെറ ഗതിയിൽ ശ്രദ്ധാലുവായിരുന്നു. വിസ്താരം അത്ര തിടുക്കത്തിലല്ലാ ആരംഭിച്ചതു്. പുരോഹിതന്മാർ രഹസ്യാലോചനകൾ നടത്തിയും തടവുകാരനെ മാറിമാറി നോക്കിയും വിമർശിച്ചും കുറെ സമയം കളഞ്ഞു. അനന്തരം കയ്യാഫാസ് തടവുകാരനോടു് അദ്ദേഹം നസ്രായൻ ഈശോയാണോ യെന്നു് ചോദിച്ചുകൊണ്ടു് വിസ്താരമാരംഭിച്ചു.

ഈശോ സമ്മതിച്ച മറുപടി നൽകി.

അനന്തരം പുരോഹിതന്മാരിൽ ഒരാൾ എഴുന്നേററു നിന്നുകൊണ്ടു് കുററപത്രത്തിൻെറ രൂപത്തിൽ ഒരു രേഖ വായിച്ചു. ഇതിലെ ഉള്ളടക്കം ശരിക്കു് മനസ്സിലാക്കുവാൻ എസ്രായ്ക്കു് കഴിഞ്ഞില്ല. നിയമത്തിനെതിരായ കുററങ്ങൾ നസ്രായൻ ചെയ്തതായും, മോശയുടെ പ്രമാണങ്ങൾ ലംഘിക്കുവാൻ ജനങ്ങളെ പ്രേരിപ്പിച്ചതായും, ദൈവദൂഷണത്തിൽ ഏർപ്പെട്ടതായും അതിൽ ആരോപണമുണ്ടായിരുന്നു.

അനന്തരം ഒട്ടുവളരെ സാക്ഷികൾ നസ്രായനെതിരായി മൊഴി കൊടുക്കുവാൻ വിളിക്കപ്പെട്ടു. ഈ സാക്ഷികളുടെ മൊഴികളും എസ്രാ ശരിക്കു്കേട്ടു എന്നു് പറഞ്ഞുകൂടാ. സാക്ഷിമൊഴികളിൽനിന്നു് നസ്രായൻ കുററക്കാരനാണെന്നുള്ള അനുമാനം ന്യായാധിപന്മാർ പ്രഖ്യാപിച്ചതു കേട്ടതായോ കേട്ടെന്നു് തോന്നിയതായോ എസ്രാ ചിന്തിച്ചു. എന്നാൽ എല്ലാ സാക്ഷികളും തന്നെ അവരുടെ മൊഴികളിൽ ദേവാലയം നശിപ്പിച്ചിട്ടു് അതിനെ മൂന്നു് ദിവസങ്ങൾക്കുള്ളിൽ പുനരുദ്ധരിക്കുവാൻ തനിക്കു് സാധിക്കുമെന്നു ഈശോ പ്രസ്താവിച്ചതിനെ ഊന്നിപ്പറഞ്ഞിരുന്നു. നിയമസംബന്ധമായ ഭാഷാസരണിയിൽ അപരിചിതനായ എസ്രായ്ക്കുപോലും ഒരു കാര്യം സുനിശ്ചിതമായി. സാക്ഷികളുടെ മൊഴികളെല്ലാം ഒരേ രീതിയിലായിരുന്നു; അവരെ പഠിപ്പിച്ചപടി അവർ പാടിയതാണു്. ഓരോ സാക്ഷികളുടെയും മൊഴി അവസാനിക്കുമ്പോൾ ഈശോയുടെ നേരെ തിരിഞ്ഞു ഉന്നതാചാര്യൻ ചോദിക്കുമായിരുന്നു: "തനിക്കിതിനെപ്പററി എന്തു പറയാനുണ്ടു്?" യേശുവാകട്ടെ മൗനം അവലംബിച്ചതേയുള്ളു.

എസ്രാ ചിന്തിച്ചു; "ഇയാൾ എന്തുകൊണ്ടു് സമാധാനം നൽകുന്നില്ല? നിസ്സാരങ്ങളായ ഈ ആരോപണങ്ങളിൽ നിന്നൊഴിയുവാൻ പ്രയാസമില്ലല്ലോ കാര്യം പറഞ്ഞില്ലെങ്കിൽ ഇയാളുടെ കഥ കഴിഞ്ഞതുതന്നെ."

എസ്രായ്ക്കു നസ്രായൻെറ പേരിൽ കോപവും സഹതാപവുമുണ്ടായി. അയാൾ വിസ്താരമുറിയിൽ നിന്നിറങ്ങി മുററത്തേക്കുചെന്നു. അവിടെ ദേവാലയോദ്യോഗസ്ഥന്മാർ അഗ്നികുണ്ഡങ്ങൾക്കു സമീപം വലിയ ചഷകങ്ങളിൽനിന്നു വീഞ്ഞുകുടിക്കുന്നതു കാണാമായിരുന്നു. ഈശോയെ ബന്ധിക്കുന്നതിൽ സഹകരിച്ച ഏതാനും ആളുകളും അവിടെ പ്രത്യക്ഷപ്പെട്ടു. ബന്ധനംസംബന്ധിച്ച സംഭവങ്ങൾ വിമർശിക്കുന്നതിൽ അവിടെയുണ്ടായിരുന്നവർ ഏർപ്പെട്ടു ദൈവദൂഷകൻെറ ശിഷ്യന്മാരിൽ ഒരുവൻ ബന്ധനോദ്യുക്തരെ തടയുവാനൊരുങ്ങിയെന്നും, അയാൾ വാളെടുത്തു് ഉദ്യോഗസ്ഥന്മാരിൽ ഒരുവൻെറ ചെവി വീശിക്കളഞ്ഞുവെന്നും, നസ്രായൻ ചെവിയുടെ മുറിഞ്ഞുപോയ ഭാഗമെടുത്തു പൂർവ്വസ്ഥാനത്തുവച്ചു് ഉദ്യോഗസ്ഥനു് വിരോപണംനൽകിയിട്ടു് ആക്രമണോൽസുകനായ സ്വശിഷ്യനെ ശാസിച്ചുവെന്നും അവിടെ സംസാരമുണ്ടായി. ആ ഉദ്യോഗസ്ഥൻ അവിടെ അടുപ്പിനുസമീപം നില്ക്കുന്നുണ്ടായിരുന്നു. അയാളുടെ ചെവി പരിശോധിച്ചതിൽ മുറിവോ വ്രണമോ കണ്ടില്ല. സംഭവം കണ്ടവർ ശപഥപൂർവ്വം തങ്ങളുടെ കണ്ണുകൾകൊണ്ടു കണ്ടതാണെന്നു് സാക്ഷ്യംവഹിച്ചുവെങ്കിലും ചുററുംനിന്നവർ അതു വിശ്വസിക്കുവാൻ സന്നദ്ധരായില്ല.

മുററത്തേക്കു പ്രവേശിച്ച അപരിചിതരിൽ ഒരുവൻ ഒരു ദേവാലയോദ്യോഗസ്ഥനാൽ നസ്രായൻെറ ശിഷ്യനെന്ന കുററാരോപണത്തിനു വിധേയനായി. അപരിചിതൻെറ ഉച്ചാരണരീതി അയാളെ ഗലീലിയൻ എന്നു പ്രഖ്യാപിച്ചു. എന്നാൽ അപരിചിതൻ താൻ നസ്രായൻ ഈശോയെ അറിയുകയില്ലെന്നു ഉച്ചത്തിൽ നിഷേധിക്കുകയാണു ചെയ്തതു്. എസ്രാ അയാളെ ഉററുനോക്കി. ഈശോയുടെ പാർശ്വത്തിൽ ബഥനിയിലെ ലാസറസിൻെറ ഭവനത്തിൽ ഉണ്ടായിരുന്ന ഒരതിഥിയായി അയാളെ തിരിച്ചറിയുവാൻ എസ്രായ്ക്കു സാധിച്ചു. എസ്രായിൽ വിരക്തിയുടെ ആവേശമുണ്ടായി. അയാൾ തന്നോടുതന്നെ ചോദിച്ചു: "ബറാബാസിനെ ഈവിധം ഭീരുത്വത്തോടുകൂടി നിഷേധിക്കുവാൻ താനാളാകുമോ? ഇല്ല, ഞാൻ എന്തുവന്നാലും ബറാബാസിനോടുകൂടി നില്ക്കും. ഈ ആളുകളുടെ കാര്യത്തിൽ എനിക്കെന്തു്?" സ്വന്തം ചോദ്യത്തിനു് എസ്രാ മറുപടിനൽകി. അയാൾ അവിടെനിന്നു പിന്തിരിഞ്ഞു് ശാലയിലേക്കുപോയി.

അവിടെ സാക്ഷിവിസ്താരം അവസാനിച്ചിരുന്നു. ഉന്നതാചാര്യൻ കയ്യാഫാസ് സ്വസ്ഥാനത്തുനിന്നു എണീററു് വേദികയുടെ മദ്ധ്യത്തിലെത്തി, തൻെറ മുമ്പിലായി താഴെ നിന്നിരുന്ന നസ്രായനെ അഭിമുഖീകരിച്ചു് ഉച്ചസ്വരത്തിൽ ചോദിച്ചു: "ഈ സാക്ഷികൾ നിങ്ങൾക്കെതിരായി പറഞ്ഞതെല്ലാം നിങ്ങൾ കേട്ടുവല്ലോ. നിങ്ങൾ യാതൊരു സമാധാനവും പറയുന്നില്ലേ?"

യേശു മൗനമവലംബിച്ചു മുതുകിൽ ചേർത്തു് യേശുവിൻെറ കൈകൾ പിറകോട്ടു കെട്ടിയിരുന്നു. അവിടുന്നു ഉന്നതാചാര്യൻെറനേരെ മുഖമുയർത്തി നിലകൊണ്ടു. ഒററവാക്കും ശബ്ദിച്ചില്ല. പുരോഹിതന്മാർ ഈശോയെ അവഗാഢം നോക്കി. അവരിൽ ചിലർ ന്യായാധിപാസ്ഥാനങ്ങളിൽ മുമ്പോട്ടാഞ്ഞുകൊണ്ടു് കുനിഞ്ഞു് നില്ക്കുന്നവരും വികാരഭാരത്താൽ വിറയ്ക്കുന്നവരുമായിരുന്നു.

കയ്യഫാസ് കരങ്ങൾനീട്ടി ഗംഭീരസ്വരത്തിൽ സംസാരിച്ചു: "സജീവനായദൈവത്തിൻെറനാമത്തിൽ ഞാൻ നിങ്ങളോടു് സമാദേശിക്കുന്നു, നിങ്ങൾ ദൈവപുത്രനായ ക്രിസ്തുവാകുന്നോയെന്നു ഞങ്ങളോടു പറയൂ."

ആ മുറിയിൽ ഏതാനും നിമിഷങ്ങളിൽ പരിപൂർണ്ണനിശ്ശബ്ദത മാത്രം. അനന്തരം അഭിയുക്തൻെറ വാക്കുകൾ മുഴങ്ങി: "നിങ്ങൾ അതു പറഞ്ഞുവെങ്കിലും ഞാൻ നിങ്ങളോടു പറയുന്നു; ഇതഃപരം മനുഷ്യപുത്രൻ ദൈവശക്തിയുടെ വലത്തുഭാഗത്തിരിക്കുന്നതും വാനമേഘങ്ങളിലൂടെ വരുന്നതും നിങ്ങൾ കാണും."

ശ്രവണമാത്രയിൽ ഉന്നതാചാര്യൻ അലങ്കാരമയമായ അദ്ദേഹത്തിൻെറ അങ്കി ബലമായി വലിച്ചു മുകളിൽനിന്നു കീഴോട്ടു കീറിയിട്ടു് രോഷംകലർന്ന സ്വരത്തിൽ അലറി: "ഇയാൾ ദൈവദൂഷണം ഉച്ചരിച്ചുകഴിഞ്ഞു. ഇനി നമുക്കു സാക്ഷികളുടെ ആവശ്യമെന്തു്? ഇയാളുടെ ദൈവദൂഷണോക്തി നിങ്ങൾ കേട്ടുവല്ലോ. നിങ്ങൾ എന്തു ചിന്തിക്കുന്നു?"

പുരോഹിതന്മാരെല്ലാവരും ഇപ്പോൾ സ്വസ്ഥാനങ്ങളിൽനിന്നെണീററിട്ടുണ്ടായിരുന്നു. അവർ ഏകസ്വരത്തിൽവിളിച്ചുപറഞ്ഞു: "ഇയാൾ മരണശിക്ഷയ്ക്കർഹനായ കുററക്കാരൻതന്നെ. മരണം—മരണം."

കുററവിസ്താരരംഗം അവസാനിച്ചുവെന്നു പറയാം. നഥാനിയേൽ റാബ്ബി വേദികയിൽനിന്നിറങ്ങി. തുടർന്നു ഉന്നതാചാര്യന്മാരിരുവരും സാന്നെദ്രിൻ അംഗങ്ങളിൽ മററു ചിലരും ഒരു പിൻവാതിലിലൂടെ നിർഗ്ഗമിച്ചു. യേശുവിനെ ബന്ധിച്ച കയറുകളുടെ അഗ്രങ്ങൾ പിടിച്ചിരുന്ന ദേവാലയോദ്യോഗസ്ഥന്മാരോടു് നഥാനിയേൽറാബ്ബി ഏതോ മന്ത്രിച്ചു; പിന്നീടു് വിസ്താരശാലയിലേക്കുള്ള പ്രധാനവാതിൽക്കൽക്കൂടി അദ്ദേഹം ഇറങ്ങിപ്പോയി. കുററവിധിയേററ ആളെ ദേവാലയോദ്യോഗസ്ഥന്മാർ അങ്ങോട്ടുമിങ്ങോട്ടും വലിച്ചു്, അടിച്ചു് ഇടിച്ചു്, അയാളുടെ മുഖത്തു തുപ്പി. പുറകിൽനിന്ന ഒരുവൻ വൃത്തികെട്ട ഒരു തുണിയിട്ടു് യേശുവിൻെറ കണ്ണുകൾ മൂടിയിട്ടിട്ടു് മുഖത്തടിക്കുകയും, "നിങ്ങൾ ക്രിസ്തുവാണെങ്കിൽ കാണാതെ പറയുക, നിങ്ങളെ അടിച്ചതാരാണെന്നു്" എന്നിങ്ങനെ വിജയസ്വരത്തിൽ അധിക്ഷേപിക്കുകയുംചെയ്തു.

(തുടരും)

# തിരസ്ക്കരണികളുള്ളിൽ

(റവ. ഫാദർ ജേക്കബ്ബ് മാഞ്ഞൂരാൻ ബി. എ.)

### ഹങ്കറി

(തുടർച്ച)

സോവിയററു റഷ്യയുടെ കമ്മ്യൂണിസ്റ്റു് പ്രചരണതന്ത്രങ്ങൾ പ്രസിദ്ധമാണല്ലോ. ഇരുട്ടിനെ വെളിച്ചമാക്കി കാണിക്കലാണു് അവരുടെ പ്രചരണതന്ത്രയന്ത്രത്തിൻെറ പ്രവർത്തനഉന്നം. അതിൽ അവർ വിജയിക്കുന്നുമുണ്ടു്. റഷ്യൻ കോളണികളിൽ ഇതേപ്രചരണതന്ത്രം തന്നെയാണു് അവർ ഉപയോഗിക്കുന്നതു്. ഹങ്കറിയിൽ പൂർണ്ണമതസ്വാതന്ത്ര്യമുണ്ടെന്നും അവിടെ കത്തോലിക്കാസഭ അഭിവൃദ്ധിപ്പെട്ടുവരികയാണെന്നും സ്വതന്ത്രലോകത്തെ ധരിപ്പിക്കുന്നതിനു വളരെയധികം പണം വ്യയം ചെയ്തു ഉന്നതനിലയിലുള്ള പ്രസിദ്ധീകരണങ്ങൾ അവർ നടത്തുന്നുണ്ടു്.

അവയിൽ ഒന്നാണു് ജർമ്മൻഭാഷയിൽ പ്രസിദ്ധപ്പെടുത്തുന്ന "ഹങ്കറിയിൽനിന്നുള്ള റോമൻ കാത്തലിക് റിവ്യൂ" എന്ന പ്രസിദ്ധീകരണം. വെട്ടിത്തിളങ്ങുന്ന തടിച്ച കടലാസ്സോടുകൂടി പള്ളികളുടേയും അവയിൽ ആളുകൾ തിങ്ങി തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുന്നതിൻേറയും, മററു കത്തോലിക്കാസ്ഥാപനങ്ങളുടേയും അനേകം ഫോട്ടോകളോടുകൂടി ബുഡാപ്പെസ്റ്റു് യൂണിവേഴ്സിററി പ്രസ്സിൽനിന്നു പ്രസിദ്ധീകരിക്കുന്ന ജർമ്മൻഭാഷയിലുള്ള ഒരു പ്രസിദ്ധീകരണമാണിതു്. ഹങ്കറിയിൽ ഏതാണ്ടു 25000 ജർമ്മൻകാരേ ഉള്ളു. അവർക്കുവേണ്ടിയല്ല, ഇത്ര വിലപിടിച്ച ഈ പ്രസിദ്ധീകരണം അടിച്ചിറക്കുന്നതു് എന്നു നിശ്ചയമാണു്. ആസ്ത്രിയാ, ജർമ്മനി എന്നീ രാജ്യങ്ങളിൽ ഹങ്കറിയിലെ കത്തോലിക്കാസഭയെപ്പററി മതിപ്പുണ്ടാക്കുന്നതിനുവേണ്ടിയുള്ള ഒരു കമ്മ്യൂണിസ്റ്റു് പ്രചരണോപാധിയാണു് ഈ പ്രസിദ്ധീകരണം. കത്തോലിക്കാസഭയെപ്പററി ഈ പ്രസിദ്ധീകരണത്തിൽ പറയുന്നതിൻെറ കടകവിരുദ്ധമാണു് ഹങ്കറിയിൽമാത്രം പ്രചാരത്തിലിരിക്കുന്ന കമ്മ്യൂണിസ്റ്റുപത്രങ്ങളിൽ പറയുന്നതു്. ഉദാഹരണമായി.മുൻപറഞ്ഞ "കാത്തലിക് റിവ്യൂ"വിൻെറ 1955 ഒക്ടോബറിലെ പ്രതിയിൽ ഹങ്കറിയിൽ പരി. കന്യകമറിയത്തോടുള്ള ഭക്തിയെപ്പററി

(ശേഷം 11-ാംപേജിൽ)

## ഈശോസഭയുടെ മധുര പ്രോവിൻസ്

കേരളത്തിലൊ, തമിഴ്നാട്ടിലൊ, ആന്ധ്രദേശത്തൊ പ്രേഷിതവേല ചെയ്യുവാൻ സന്നദ്ധരായവരെ ആവശ്യമുണ്ടു്. ഇൻററമീഡിയറേറാ, പ്രീയൂണിവേഴ്സിററിയൊ എങ്കിലും ജയിച്ചവർക്കു് ഉടനെ സഭയിൽ ചേരാം സ്കൂൾഫൈനൽമാത്രം പാസായവരാണെങ്കിൽ അവർ ത്രിശ്ശിനാപ്പള്ളി സെൻറു് ജോസഫ്സ് കോളേജിൽ പ്രീയൂണിവേഴ്സിററി ക്ലാസ്സിൽ ചേർന്നു പഠിക്കേണ്ടിവരും

തുണസഹോദരന്മാരാകുവാൻ ആഗ്രഹിക്കുന്നവർ ഒന്നുകിൽ III Form പാസായിരിക്കണം. അല്ലെങ്കിൽ ഇംഗ്ലീഷിൽ സാമാന്യജ്ഞാനവും അതോടൊപ്പം ഏതെങ്കിലും ഒരു തൊഴിൽ പരിചയവും ഉള്ളവരായിരിക്കണം.

കൂടുതൽ വിവരങ്ങൾക്കു് താഴെ കാണുന്ന മേൽവിലാസത്തിൽ അന്വേഷിക്കുക.

REV. FR. SUPERIOR,
JESUIT HOUSE,
ST, ALBERT'S HIGH SCHOOL,
ERNAKULAM-1

വിമർശനപംക്തി

# വേദപുസ്തകത്തെപ്പററി

(തുടർച്ച)

ബൈബിളിൽ ഉൾപ്പെടുന്ന പുസ്തകങ്ങൾ ഏവയെന്നതിനെപ്പററി ക്രിസ്തുവിനുശേഷം 1900 വർഷങ്ങൾ കഴിഞ്ഞിരിക്കുന്ന ഇന്നും ക്രിസ്ത്യാനികളുടെ ഇടയിൽ സർവ്വസമ്മതമായ ഒരഭിപ്രായമില്ലെന്നും, എന്നാൽ ഒന്നാം ഇന്നൊസെൻറ് മാർപ്പാപ്പായുടെ പ്രഖ്യാപനത്തെത്തുടർന്നു കത്തോലിക്കാസഭയിൽ സർവ്വസമ്മതമായ ഒരു അഭിപ്രായമാണ് നിലവിലുള്ളതെന്നും പറഞ്ഞുവല്ലോ. പരമാർത്ഥം ഇങ്ങനെയിരിക്കെ ശ്രീ കെ. പി. പൗലോസ് (തൊടുപുഴ) ചോദിക്കുകയാണ്: "ഒന്നാംനൂററാണ്ടിൽ ക്രോഡീകരിക്കപ്പെട്ട (അപ്പസ്തോലികകാലത്തു്) വേദപുസ്തകഗ്രന്ഥങ്ങൾ അക്കാലംമുതൽതന്നെ മററു ഗ്രന്ഥങ്ങളിൽനിന്നു വേർതിരിക്കപ്പെട്ടുവല്ലോ. (മ്യൂറേറോറിയൻ ഗ്രന്ഥാവശിഷ്ടം ഇതിനു ഉപോൽബലകമാണല്ലോ) പിന്നെ ("ആദിനൂററാണ്ടുകളിൽ അപ്പസ്തോലന്മാരുടേയും ശിഷ്യന്മാരുടേയും പേരിൽ) ഉണ്ടായിട്ടുള്ള ഗ്രന്ഥങ്ങളും വേദപുസ്തകശേഖരത്തിൽ ഉൾപ്പെടേണ്ടതല്ലേ" (ചോദ്യം 6) എന്ന പ്രസ്താവന തെററല്ലേ" യെന്നു്.

ഒന്നാമതു്, ബൈബിളിൽ ഉൾപ്പെടുന്ന പുസ്തകങ്ങൾ ഒന്നാംനൂററാണ്ടിൽ ക്രോഡീകരിക്കപ്പെട്ടിരുന്നില്ല. പുതിയ നിയമത്തിലെ ഒരു പുസ്തകമായ വിശുദ്ധ യോഹന്നാൻെറ സുവിശേഷം ഒന്നാംനൂററാണ്ടിൻെറ അന്ത്യഘട്ടമായ എ. ഡി. 96-98 നിടയ്ക്കാണു രചിച്ചതെന്നാണല്ലോ പണ്ഡിതമതം. പുതിയനിയമ ക്രോഡീകരണം ഒന്നാംനൂററാണ്ടിൽ നടന്നിരുന്നുവെങ്കിൽ കുറഞ്ഞപക്ഷം വിശുദ്ധ യോഹന്നാൻെറ ശിഷ്യന്മാരെങ്കിലും അതു് അറിയാതിരിക്കുകയില്ലല്ലോ. അവർ തങ്ങൾക്കു അറിയാൻ സാധിച്ചിട്ടുള്ള പുസ്തകങ്ങളെപ്പററി പ്രസ്താവിക്കുന്നുണ്ടെങ്കിലും. ഇന്നയിന്ന പുസ്തകങ്ങൾ ചേർന്നതാണ് ക്രൈസ്തവബൈബിൾ എന്നു അവരാരും പ്രസ്താവിക്കുന്നില്ല. എന്നുതന്നെയല്ലാ അങ്ങനെയൊരു ക്രോഡീകരണം ഒന്നാംനൂററാണ്ടിലോ ഇനിരണ്ടാംനൂററാണ്ടിലോ നടന്നിരുന്നുവെങ്കിൽ വിശുദ്ധ ജെറോം, വിശുദ്ധ ആഗുസ്തീനോസ് മുതലായ വേദപുസ്തകപണ്ഡിതന്മാരായ സഭാപിതാക്കന്മാർ തമ്മിൽ വേദപുസ്തകകാനോനെപ്പററി ഇത്ര ഭിന്നമായ അഭിപ്രായങ്ങൾ വച്ചു പുലർത്തുകയില്ലായിരുന്നു.

ശ്രീ പൗലോസ് (തൊടുപുഴ) തൻെറ വാദത്തിനു തെളിവായി "മ്യൂറേറോറിയൻ ഗ്രന്ഥാവശിഷ്ട"മാണ് ഹാജരാക്കിയിരിക്കുന്നതു്. എന്താണ് ഈ മ്യൂറേറോറിയൻ ഗ്രന്ഥാവശിഷ്ടം? മിലാനിലെ അംബ്രോസിയൻ ഗ്രന്ഥശാലയിലുള്ള ഒരു പ്രാചീനകൈയെഴുത്തുകൃതിയുടെ അവശിഷ്ടമാണിതു്. മി. എൽ. എ. മ്യൂറേറോറി എന്നയാൾ 1740-ൽ അതു കണ്ടുപിടിച്ചു പ്രസാധനം ചെയ്തതിനെത്തുടർന്നു് ആ പേരിലാണ് അതു അറിയപ്പെടുന്നതു്. അസംസ്കൃത ലത്തീൻഭാഷയിൽ എഴുതിയിട്ടുള്ള എ. ഡി. 8-ാം നൂററാണ്ടിലെ ഒരു കൈയെഴുത്തുപ്രതിയാണിതു്. എ. ഡി 180-200 നിടയ്ക്കു റോമയിലോ, പരിസരങ്ങളിലോവച്ചു് എഴുതപ്പെട്ട മൂലകൃതിയുടെ 8-ാം നൂററാണ്ടിലെ ഒരു പകപ്പാണ് മിലാൻ ഗ്രന്ഥശാലയിലുള്ളതെന്നാണ് പണ്ഡിതാഭിപ്രായം. മൂലം ഗ്രീക്കിലായിരുന്നിരിക്കണമെന്നും അതിൽനിന്നു ലത്തീനിലേക്കു പരിഭാഷപ്പെടുത്തുകയായിരുന്നെന്നും അഭിപ്രായപ്പെടുന്നവരുമുണ്ടു്.

കൈയെഴുത്തുകൃതിയുടെ ചില അംശങ്ങൾ മാത്രമേ കിട്ടിയിട്ടുള്ളുവെങ്കിലും അതു പ്രധാനപ്പെട്ട ഒരു രേഖതന്നെയാണ്. കാരണം, നമുക്കു കിട്ടിയിട്ടുള്ളതിലേക്കും ഏററം പഴക്കംചെന്ന ബൈബിൾ ഗ്രന്ഥപട്ടികയാണിതു്. പുതിയ നിയമഗ്രന്ഥങ്ങളെപ്പററി മാത്രമേ ഇതിൽ പ്രതിപാദിക്കുന്നുള്ളു. ആദ്യഭാഗം നഷ്ടപ്പെട്ടിരിക്കുകയാണ്. കിട്ടിയിട്ടുള്ളതിൻെറ ആദ്യം മർക്കോസിൻെറ സുവിശേഷത്തെപ്പററിയുള്ള പ്രസ്താവനയുടെ അന്തിമവരിയാണ്. തുടന്നു മൂന്നും നാലും സുവിശേഷങ്ങൾ, നടപടി, പൗലോസിൻെറ ലേഖനങ്ങൾ (എബ്രായ ഒഴിച്ചു്) യൂദായുടെ ലേഖനം, യോഹന്നാൻെറ രണ്ടു ലേഖനങ്ങൾ എന്നിവയെപ്പററി പ്രതിപാദിക്കുന്നു. എന്നാൽ വിശുദ്ധ പൗലോസിൻെറ എബ്രായക്കാർക്കുള്ള ലേഖനം, യാക്കോബിൻെറ ലേഖനം, പത്രോസിൻെറ ലേഖനങ്ങൾ, യോഹന്നാൻെറ ഒരു ലേഖനം എന്നിവയെപ്പററി ഒന്നും പ്രസ്താവിക്കുന്നില്ല.

മ്യൂറേറോറിയൻ അംശത്തിൽ യോഹന്നാൻെറ വെളിപാടിനെപ്പററി പ്രസ്താവിക്കുന്നുണ്ടു്. അതുപോലെതന്നെ പത്രോസിൻെറ വെളിപാടു്, പാസ്റ്റർ ഓഫ് ഹെർമാസ് എന്ന രണ്ടു പുസ്തകങ്ങൾ കൂടി പുതിയനിയമത്തിൽ ഉൾപ്പെടുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. (ഒടുവിൽ പറഞ്ഞതു ദിവ്യകർമ്മങ്ങളിൽ ഉപയോഗിക്കരുതെന്നു നിർദ്ദേശിക്കുന്നുണ്ടു്), പക്ഷെ ഈ ഒടുവിൽപറഞ്ഞ രണ്ടു പുസ്തകങ്ങളും ദൈവനിവേശിത ഗ്രന്ഥങ്ങളായി ഇന്നു ആരുംതന്നെ അംഗീകരിക്കുന്നില്ല. അങ്ങനെ മ്യൂറേറോറിയൻഗ്രന്ഥാവശിഷ്ടത്തിൽ മിക്ക പുതിയ നിയമഗ്രന്ഥങ്ങളുടേയും പട്ടിക ഉണ്ടെങ്കിലും അതൊരു അഥോറിട്ടിയായി ആരും സ്വീകരിച്ചിരുന്നില്ലെന്നു വ്യക്തമാണ്. കാരണം അതെഴുതപ്പെട്ടുവെന്നു പറയപ്പെടുന്ന കാലത്തിനുശേഷവും വേദപുസ്തകഗ്രന്ഥങ്ങൾ ഏവയെന്നതിനെപ്പററി പ്രസിദ്ധ സഭാപിതാക്കന്മാരുടെ ഇടയിൽതന്നെ അഭിപ്രായവ്യത്യാസമുണ്ടായിരുന്നു

മോഡേൺ ബിൽഡിംഗ്
ഡിസൈനേഴ്സ്
നവീനമാതൃകയിലുള്ള പള്ളികളുടേയോ, ചാപ്പലുകളുടേയോ, കെട്ടിടങ്ങളുടേയോ, പ്ലാനുകളും എസ്റ്റിമേററുകളും വിദഗ്ദ്ധമേൽനോട്ടത്തിൽ തയ്യാറാക്കി കൊടുക്കുന്നതാണ്. കെട്ടിടനിർമ്മാണസംബന്ധമായി വിദഗ്ദ്ധോപദേശം ആവശ്യാനുസൃതം ലഭിക്കുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്കു് ആവശ്യപ്പെടുക:
മാനേജർ,
മോഡേൺ ബിൽഡിംഗ്
ഡിസൈനേഴ്സ്,
കണ്ണങ്കുന്നത്തു പള്ളിക്കു സമീപം
ബാനർജി റോഡ്,
എറണാകുളം

ശ്രീ പൗലോസിൻെറ വാദത്തിൽനിന്നുതന്നെ പത്രോസിൻെറ വെളിപാടുപോലെയുള്ള കൃത്രിമഗ്രന്ഥങ്ങൾ വേദപുസ്തകശേഖരത്തിൽ ഉൾപ്പെടേണ്ടതാണ്. (മ്യൂറേറോറിയൻ അംശത്തിൽ അതുൾപ്പെടുത്തിയിട്ടുണ്ടല്ലോ) പക്ഷെ അതു കൃത്രിമമാണെന്നും, വേദപുസ്തകശേഖരത്തിൽ ഉൾപ്പെടുത്തേണ്ടെന്നും സഭ, സഭാദ്ധ്യക്ഷനായ ഇന്നൊസെൻറ് മാർപ്പാപ്പാ, തീരുമാനിച്ചതിനാൽ, അതു ഇന്നു വേദപുസ്തകശേഖരത്തിൽ ഉൾപ്പെടുന്നില്ല.


89-ാം ചോദ്യത്തിനുള്ള ഉത്തരത്തിൽ "വേദപുസ്തകത്തെക്കാൾ പരമമായ അധികാരം സഭയ്ക്കാണ്" എന്നു പറഞ്ഞിട്ടുണ്ടു്. "ഈ അധികാരം എങ്ങനെ ലഭിച്ചു"വെന്നും, "സഭയ്ക്കു തെററാവരമുണ്ടോ"യെന്നും ശ്രീ പി. പി. വറുഗീസ് (അങ്കമാലി) ചോദിക്കുന്നു. സഭയ്ക്കു ഈ അധികാരം അതിൻെറ നാഥനായ ക്രിസ്തുവിൽനിന്നു ലഭിച്ചു. "നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതോ സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും" (മത്തായി XVIII, 16) എന്നു ക്രിസ്തു അരുളിച്ചെയ്തിട്ടുള്ളതിനു വല്ല അർത്ഥവുമുണ്ടെങ്കിൽ, ഇന്നയിന്ന പുസ്തകങ്ങൾ കൂടുന്നതാണു വേദപുസ്തകമെന്നു പറയാനുള്ള അധികാരം, ക്രിസ്തു കഴിഞ്ഞാൽ പിന്നെ, സഭയ്ക്കാണുള്ളതു്. "നിങ്ങളുടെ വാക്കു കേൾക്കുന്നവൻ എൻെറ വാക്കു കേൾക്കുന്നു; നിങ്ങളെ നിരസിക്കുന്നവൻ എന്നെയാണു നിരസിക്കുന്നതു്; എന്നെ നിരസിക്കുന്നവനോ എന്നെ അയച്ചവനെ നിരസിക്കുന്നു" (ലൂക്കാ X. 16) എന്നും അവിടുന്നു അരുളിച്ചെയ്തിട്ടുണ്ടു്.

വീണ്ടും ക്രിസ്തുനാഥൻ അരുളിച്ചെയ്തിരിക്കുന്നു: "ഞാനോ ഇതാ ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടിയുണ്ടു്." (മത്താ: XXVIII 20) "എൻെറ പിതാവു് എൻെറ നാമത്തിൽ അയക്കുന്ന പരിശുദ്ധാത്മാവായ പാരഖ്ലേത്താതന്നെ നിങ്ങളെ സകലവും പഠിപ്പിക്കുകയും, ഞാൻ നിങ്ങളോടു പറയുന്നവയെല്ലാം നിങ്ങളെ ഓർമ്മപ്പെടുത്തുകയുംചെയ്യും" (യോഹ: XVI 26); "സത്യാത്മാവു വന്നുകഴിയുമ്പോൾ അവൻ സകല സത്യത്തിലും നിങ്ങളെ നടത്തും. എന്തുകൊണ്ടെന്നാൽ അവൻ സ്വന്തമായി പറയുകയില്ല. പിന്നെയോ അവൻ കേൾക്കുന്നതെല്ലാം പറയുകയും, വരുവാനിരിക്കുന്നവ നിങ്ങളെ അറിയിക്കുകയുംചെയ്യും" (യോഹ: XIV, 13) ക്രിസ്തുവിൻെറ ദൈവത്വത്തെ ഏററുപറയുകയും അവിടുന്നു കള്ളംപറയുകയില്ലായെന്നു വിശ്വസിക്കുകയും ചെയ്യുന്ന ഒരു ക്രിസ്ത്യാനി, ക്രിസ്തു എപ്പോഴും കൂടെ ഉണ്ടായിരിക്കുകയും പരിശുദ്ധാത്മാവായ പാരഖ്ലേത്താ സത്യത്തിൽ നടത്തുകയും ചെയ്യുന്ന സഭ അതിൻെറ ഔദ്യോഗികപഠനങ്ങളിൽ തെററിപ്പോകുമെന്നു കരുതുകയില്ല. മറിച്ചുകരുതുന്നവർ, എന്തു പേരുതന്നെ വഹിച്ചാലും, ക്രിസ്ത്യാനികളാകുകയില്ല.

ശ്രീ പി. പി. വറുഗീസിനു (അങ്കമാലി) മറെറാരു ബലമായ സംശയംകൂടിയുണ്ടു്. "വെളിപാടു് XXII, 18. 19 വാക്യങ്ങളിൽ വേദപുസ്തകത്തോടു യാതൊന്നും കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുവാൻ പാടില്ലെന്നു അനുശാസിച്ചിരിക്കെ, വേദപുസ്തകം അപൂർണ്ണമാണെന്നു പറയുന്നതു് ദൈവദൂഷണമല്ലേ?" എന്നതാണതു്. വേദപുസ്തകം ഏതാണെന്നു് അറിയാതെ അതിനോടു കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്ന പ്രശ്നമേയില്ലല്ലോ. അതുകൊണ്ടു് ആദ്യംതന്നെ വേദപുസ്തകം ഏതെന്നു അറിയണം. തെററുവരാൻ പാടില്ലാത്ത സഭയുടെ ഒരു വിധികൊണ്ടല്ലാതെ അതു അറിയാൻ ഒരു മാർഗ്ഗവുമില്ലെന്നേ സത്യദീപം പറഞ്ഞുള്ളൂ. വേദപുസ്തകം അപൂർണ്ണമാണെന്നു സത്യദീപം പറഞ്ഞിട്ടില്ല. വേദപുസ്തകമാണ് സർവ്വസ്വവുമെന്നു പറയുന്നതിനോടു മാത്രമേ സത്യദീപം വിയോജിച്ചിട്ടുള്ളു. വേദപുസ്തകം അപൂർണ്ണമാണെന്നു പറഞ്ഞുകൂടായെന്നു ദൈവം ഒരിക്കലും അനുശാസിച്ചിട്ടില്ലാത്തതിനാൽ അതു അപൂർണ്ണമാണെന്നു ആരെങ്കിലും പറഞ്ഞാൽ ദൈവദൂഷണമാകുകയില്ല.

മി വറുഗീസ് ഭയങ്കരമായി വഞ്ചിക്കപ്പെട്ടിരിക്കുകയാണ്. എന്തെന്നാൽ അദ്ദേഹം പറയുന്നതുപോലെ "വേദപുസ്തകത്തോടു് യാതൊന്നും കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുവാൻ പാടില്ലെ"ന്നു വെളിപാടുപുസ്തകത്തിൽ പറഞ്ഞിട്ടില്ല. വെളിപാടു് 22-ാം അദ്ധ്യായം 18-ം 19-ം വാക്യങ്ങൾ ഇങ്ങനെയാണ്: "ഈ പുസ്തകത്തിലെ പ്രവചനവാക്കുകൾ കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷിപ്പെടുത്തി പറയുന്നു: ആരെങ്കിലും അവയോടു എന്തെങ്കിലും കൂട്ടിച്ചേർത്താൽ ഈ പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്ന ബാധകൾ ദൈവം അവൻെറമേൽ വരുത്തും. ഈ പ്രവചനപുസ്തകത്തിലെ വാക്കുകളിൽനിന്നു ആരെങ്കിലും എന്തെങ്കിലും നീക്കിക്കളഞ്ഞാലോ ഈ പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്ന ആയുസ്സിൻെറ വൃക്ഷത്തിലും വിശുദ്ധ നഗരത്തിലുംനിന്നു് അവൻെറ അംശം ദൈവം നീക്കിക്കളയും." വിശുദ്ധ യോഹന്നാൻ ഇവിടെ പറയുന്നതു താൻ എഴുതുന്ന വെളിപാടുപുസ്തകത്തെപ്പററിയാണെന്നു മദ്ധ്യാഹ്നസൂര്യപ്രകാശംപോലെ സ്പഷ്ടമാണല്ലോ. അതു വേദപുസ്തകത്തെപ്പററിയാണെന്നു പറയുന്നതു്, വിശുദ്ധ യോഹന്നാൻ എഴുതിയതിനോടു കൂട്ടിച്ചേർക്കുന്ന അപരാധം തന്നെയാകുന്നു. (എന്നാലും യോഹന്നാൻെറ ശാപം ചോദ്യകർത്താവിനു് ഉണ്ടാകാതിരിക്കട്ടെ.)

വിശ്വാസത്തിൻെറ സർവാധാരവും വേദപുസ്തകമാണെന്നു് അന്ധമായും അവശ്യമായും വിശ്വസിച്ചിരിക്കുന്നവർ, അതിനെ സാധൂകരിക്കാവുന്ന വല്ല വാക്യശകലങ്ങളും വേദപുസ്തകത്തിലുണ്ടോയെന്നു തേടിയലയുകയാണ്. മുങ്ങിച്ചാകാൻ പോകുന്നവൻ വയ്ക്കോൽ തുരുമ്പും അവലംബമാക്കുന്നതുപോലെ, വല്ല വാക്യശകലങ്ങളും കിട്ടിയാൽ അതിൽ പിടികൂടുകയായി; അങ്ങനെ കിട്ടാത്തപക്ഷം വാക്യങ്ങളെ കൃത്രിമമായി വ്യാഖ്യാനിക്കുകയോ, രൂപഭേദപ്പെടുത്തുകയോ ചെയ്യുന്നു. അങ്ങനെയുള്ള അസമീചീനമായ ഒരു പ്രവൃത്തിയാണ് ശ്രീ വറുഗീസ് ഇവിടെ ചെയ്തിരിക്കുന്നതു്. "നിൻെറ വചനം പൂർണ്ണമാകുന്നു" എന്ന



എടക്കുന്നിയിലെ "നസ്രത്തുസ്ഥാപനങ്ങ"ളോടു് അനുബന്ധിച്ചു പുതുതായി പണിതീർത്തിട്ടുള്ള ശിശുകേന്ദ്രം (Infants' Home)



പ്രസ്തുത ശിശുകേന്ദ്രത്തിൻെറ ആശീർവ്വാദകർമ്മവും ഉൽഘാടനവും എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി 1957 മാർച്ച് 25-ാം തീയതി കല്പിച്ചു നിർവ്വഹിച്ചു.

## ഏകാന്തധ്യാനം, വാഴക്കുളം

വലിയ ബുധനാഴ്ച ഉച്ചതിരിഞ്ഞു് 6 മണിയ്ക്കാരംഭിച്ചു് ഉയിർപ്പുഞായറാഴ്ച രാവിലെ അവസാനിക്കത്തക്കവണ്ണം ഇൻഫൻറ് ജീസസ് ഹൈസ്കൂളിൽവച്ചു് നടത്തപ്പെടുന്നതാണ്. ധ്യാനഗുരു റവ. ഫാദർ ജനേസിയൂസ് ടി. ഒ. സി. ഡി. ധ്യാനത്തിൽ സംബന്ധിക്കുവാനാഗ്രഹിക്കുന്നവർ വിവരം ഏപ്രിൽ 14-ാംനു-ക്കകം താഴെ കാണുന്ന മേൽവിലാസത്തിൽ അറിയിക്കേണ്ടതാണ്. ഭക്ഷണച്ചിലവു് 6ക. ശയ്യോപകരണങ്ങൾ കൊണ്ടുവരണം.

കുഞ്ഞൻ കുര്യാക്കോസ്, പ്രസിഡൻറ് സെ. വി.
ഡി പോൾ സൊസൈററി, വാഴക്കുളം P. O,
Via മൂവാററുപുഴ

ശ്രീ കെ. പി. പൗലോസിന്റെ സങ്കീർത്തനവാക്യം (88-ാം ചോദ്യം നോക്കുക) മറെറാരു തെളിവാണ്. അവിടെയും ഈദൃശമായ ക്ഷന്തവ്യമല്ലാത്ത ഒരു കൃത്രിമം കാണാവുന്നതാണ്.

ശ്രീ കെ പി. പൗലോസ് (തൊടുപുഴ) വേറൊരു "മഹാ തത്വ"വും ഞങ്ങൾക്കെഴുതി അയച്ചുതന്നിട്ടുണ്ട്. "ലോകത്തെ ന്യായം വിധിക്കുന്നതിനുള്ള ദൈവവചനം, ദൈവം അപൂർണ്ണനെങ്കിലല്ലാതെ, അപൂർണ്ണമായിരിക്കുമോ?" എന്നൊരു ചോദ്യമാണത്. പക്ഷേ "ദൈവവചനം" എന്ന പ്രയോഗത്തിന്റെ അർത്ഥത്തെ ആശ്രയിച്ചിരിക്കും ആ ചോദ്യത്തിനുള്ള മറുപടി എന്ന് അദ്ദേഹം അറിയുന്നില്ല; അല്ലെങ്കിൽ അദ്ദേഹം തന്നെത്തന്നെയും മററുള്ളവരെയും വഞ്ചിക്കുന്നു. വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ അവതീർണ്ണനായ ത്രിത്വത്തിലെ രണ്ടാമത്തെ ആളിനെപ്പററി "ദൈവവചനം" എന്ന് പ്രയോഗിച്ചിട്ടുണ്ടല്ലോ. ആ അർത്ഥത്തിൽ ആണെങ്കിൽ ദൈവം അപൂർണ്ണനാണെങ്കിലേ ദൈവവചനം അപൂർണ്ണമാവൂ. ഇനി ദൈവത്തിന്റെ വചനം എന്ന അർത്ഥത്തിലാണ് പ്രയോഗമെങ്കിൽ, സന്ദർഭം നോക്കി മാത്രമേ അതു പൂർണ്ണമാണോ, അപൂർണ്ണമാണോ എന്നു നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ. ഇതിനു ദൈവത്തിന്റെ പൂർണ്ണതയുമായി യാതൊരു ബന്ധവുമില്ല. ദൈവം പൂർണ്ണനും സർവ്വശക്തനുമാകയാൽ, അവിടുന്ന് ആഗ്രഹിക്കുന്ന പക്ഷം അപൂർണ്ണമായ ഒരു വചനം അരുളിച്ചെയ്യുവാൻ കഴിയും.

ദൈവം വെളിപ്പെടുത്തിയിട്ടുള്ള സത്യങ്ങളെ സംബന്ധിച്ചാണോ ദൈവവചനം എന്ന പദം ഉപയോഗിച്ചിരിക്കുന്നത്? അത് അപൂർണ്ണമാണെന്നു സത്യദീപമോ കത്തോലിക്കാസഭയോ ഒരിക്കലും പറഞ്ഞിട്ടില്ല. ദൈവത്തിന്റെ ആവിഷ്കൃതസത്യങ്ങൾ മനുഷ്യർ അപൂർണ്ണമായേ ഗ്രഹിച്ചുള്ളുവെന്നു വരാം. എന്നാലും ആവിഷ്കരണത്തെ സംബന്ധിച്ചിടത്തോളം അവ പൂർണ്ണമാകുന്നു. ഇനി ദൈവം ആവിഷ്കരിച്ചിട്ടുള്ള സത്യങ്ങളാകുന്ന ദൈവവചനം പൂർണ്ണമായി വേദപുസ്തകത്തിൽ ഉണ്ടെന്നാണോ വാദം? അതിനു തെളിവില്ലാത്തതിനാൽ കത്തോലിക്കസഭ അതു സ്വീകരിക്കുന്നില്ല. വേദപുസ്തകത്തിലുള്ളവ ആവിഷ്കൃത സത്യങ്ങളാണെന്നു സഭ സമ്മതിക്കുന്നു; ആവിഷ്കൃതസത്യങ്ങളെല്ലാം വേദപുസ്തകത്തിലില്ലായെന്നു മാത്രമേ സഭ വാദിക്കുന്നുള്ളൂ. ആവിഷ്കൃതസത്യങ്ങളെല്ലാം എഴുതിവെക്കണമെന്നു ദൈവം ആവശ്യപ്പെട്ടിട്ടില്ലാത്തതിനാലും, വേദപുസ്തകഗ്രന്ഥങ്ങൾ രചിച്ചവർക്കു എല്ലാം എഴുതണമെന്ന് ഉദ്ദേശ്യമില്ലാതിരുന്നതിനാലും ഇതിൽ അപ്രസക്തമായി ഒന്നുമില്ല. ക്രിസ്തു, തന്റെ പഠനങ്ങളെ പ്രസംഗിക്കുവാനും പഠിപ്പിക്കുവാനുമാണ് സ്വശിഷ്യന്മാരോട് ആവശ്യപ്പെട്ടത്. അവർ ആ നിർദ്ദേശം തുടരുന്ന കാലത്തോളം, എഴുതപ്പെട്ടാതെ തന്നെ, ആവിഷ്കൃതസത്യങ്ങളെ മനുഷ്യരാശിക്കു മനസ്സിലാക്കിക്കൊടുക്കുവാൻ സാധിക്കുകയും ചെയ്യും.

ശ്രീ കെ പി പൗലോസിന്റെ ഒരു തെററിദ്ധാരണയ്ക്കുകൂടി സമാധാനം നൽകിക്കൊള്ളട്ടെ. "അപ്പോക്രിഫാ പുസ്തകങ്ങൾക്കു യഹൂദ കാനോനിൽ യാതൊരു സ്ഥാനവുമില്ലല്ലോ. പിന്നെ എന്തിനാണ് അങ്ങനെയുള്ള പുസ്തകങ്ങളിൽനിന്നു സാക്ഷ്യങ്ങൾ ഉദ്ധരിക്കുന്നത്?." എന്നാണദ്ദേഹം ചോദിക്കുന്നത്. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയെപ്പററി പ്രതിപാദിക്കുന്നിടത്ത് [illegible] (ചോദ്യം 7) പഴയനിയമത്തിലെ മക്കബായക്കാരുടെ പുസ്തകത്തിൽനിന്നും ചില വാക്യങ്ങൾ ഉദ്ധരിച്ചതിനെ പരാമർശിച്ചാണ് അദ്ദേഹം ഈ സംശയം ഉന്നയിച്ചിരിക്കുന്നത്.

"യഹൂദകാനോൻ" എന്നൊന്നില്ലെന്നും ഓർശ്ലം കാനോൻ എന്നും അലക്സാണ്ട്റിയൻകാനോൻ എന്നും രണ്ടുതരം കാനോൻ യഹൂദന്മാരുടെ ഇടയിൽ നിലവിലുണ്ടെന്നും മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ. അലക്സാണ്ട്റിയൻ കാനോനിൽ ഉൾപ്പെട്ടതും ഓർശ്ലം കാനോനിൽ ഉൾപ്പെടാത്തതുമായ ചില ഗ്രന്ഥങ്ങളുണ്ടെന്നും ഇവയെ ഡ്യൂട്രോ കാനോനിക്കൽ എന്നു പറയാറുണ്ടെന്നും മുകളിൽ പറഞ്ഞു. പക്ഷേ ഡ്യൂട്രോകാനോനിക്കൽ ഗ്രന്ഥങ്ങളെ അപ്പോക്രിഫാ ഗ്രന്ഥങ്ങളെന്നു പറയാമോ? അപ്പോക്രിഫാ എന്ന പദത്തിന് മറഞ്ഞിരിക്കുന്നത്, നിഗൂഢം എന്നാണർത്ഥം. ഏറെക്കാലം മറഞ്ഞിരുന്നതും ദൈവനിവേശിത സ്വഭാവം അവകാശപ്പെട്ടതും കാലത്തെയും കർതൃത്വത്തെയും സംബന്ധിച്ചിടത്തോളം കൃത്രിമങ്ങളും ആയ ഗ്രന്ഥങ്ങളെയാണു അപ്പോക്രിഫാ എന്നു പറഞ്ഞുവന്നത്. പഴയനിയമഗ്രന്ഥങ്ങളെപ്പററി ആ പദം ഉപയോഗിക്കുന്നതു ശരിയല്ലാ. കാലത്തെയോ കർതൃത്വത്തെയോ സംബന്ധിച്ചിടത്തോളം ആ പഴയ നിയമഗ്രന്ഥങ്ങൾ അപ്പോക്രിഫാ (വ്യാജനിർമ്മിതങ്ങൾ) ആണെന്ന് ഓർശ്ലം യഹൂദന്മാർക്കുപോലും അഭിപ്രായം ഉണ്ടായിരിക്കുന്നില്ല. വേദപുസ്തകശേഖരത്തിൽ അവ ഉൾപ്പെടുത്തണമോ എന്ന കാര്യത്തിൽ മാത്രമേ അവർക്കു അഭിപ്രായവ്യത്യാസമുള്ളൂ.

പക്ഷേ ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഈ പ്രശ്നത്തിനു യാതൊരുപ്രസക്തിയുമില്ല. പഴയ നിയമഗ്രന്ഥങ്ങളെ ക്രൈസ്തവസഭ സ്വീകരിച്ചിരിക്കുന്നത് അവ യഹൂദഗ്രന്ഥങ്ങളായതുകൊണ്ടു മാത്രമല്ലെന്നും, പ്രത്യുത നമ്മുടെ കർത്താവും അവിടുത്തെ അപ്പസ്തോലന്മാരും അവയെ അംഗീകരിച്ചതുകൊണ്ടു കൂടിയാണെന്നും മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ. അങ്ങനെ വേദപുസ്തകത്തിൽ ഉൾപ്പെട്ടതെന്നു സൂനഹദോസുകളും സഭാദ്ധ്യക്ഷനായ മാർപ്പാപ്പായും വിധിച്ചിട്ടുള്ള ഒരു പുസ്തകം, ഇരുപതാം നൂററാണ്ടിൽ തൊടുപുഴ ഇരുന്ന് ഒരാൾ അപ്പോക്രിഫാ ആണെന്നു ശഠിച്ചാൽ, കേൾക്കുന്നവർ ചിരിക്കുകയേയുള്ളൂ.

മക്കബായക്കാരുടെ പുസ്തകത്തിൽ പറഞ്ഞിട്ടുള്ളതുകൊണ്ടല്ലാ കത്തോലിക്കർ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത്. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയ്ക്ക് വേദപുസ്തകത്തിൽ എന്തെങ്കിലും തെളിവുണ്ടോയെന്നു ചോദിച്ചതുകൊണ്ടുമാത്രം ആ പുസ്തകത്തിൽനിന്നു സാക്ഷ്യം ഉദ്ധരിച്ചതാണ്. ഈ വ്യത്യാസം നല്ലവണ്ണം മനസ്സിലാക്കണം. യഹൂദന്മാരുടെ അലക്സാണ്ട്റിയൻ കാനോനിൽ ഉൾപ്പെട്ടതും, ആദിമക്രൈസ്തവസഭ സ്വീകരിച്ചിരുന്നതും, 1900-ത്തിലധികം കൊല്ലങ്ങളായി സഭ അഭംഗമായി സ്വീകരിച്ചുപോന്നിരിക്കുന്നതും, വ്യാജനിർമ്മിതമെന്നോ അയഥാർത്ഥമെന്നോ ആർക്കും അഭിപ്രായമില്ലാത്തതുമായ ബൈബിൾ ഗ്രന്ഥങ്ങളിൽനിന്നു ഉദ്ധരണികൾ നൽകുന്നതിൽ അപ്രസക്തമായി യാതൊന്നുമില്ല.

(10-ാം പേജ് തുടർച്ച)

പഠിക്കേണ്ടതും ആചരിക്കേണ്ടതുമായ സംഗതി അവനു ഈ മതവിഷയംപോലെ മറെറാന്നില്ലതന്നെ. കാരണം അതു അവന്റെ ജീവിതലക്ഷ്യത്തെ സാക്ഷാല്ക്കരിക്കുന്ന സോപാനമത്രെ. നിത്യരക്ഷ, അതാണ് നമ്മുടെ സർവ്വപ്രധാനമായ ലക്ഷ്യം. ഇതിൽ പണ്ഡിതന്മാരെന്നു അഭിമാനിക്കുന്ന ചിലരേക്കാൾ കേവലം വിദ്യാവിഹീനന്മാരും സാധുക്കളുമായ ചില ആളുകൾ മുൻപന്തിയിൽ നില്ക്കുന്നതായി കാണുന്നുണ്ട്. ഈ കാലത്തെ പ്രലോഭനങ്ങൾക്കു വിധേയരായി വഴിതെററിയ ചിലരുടെ നിർഭാഗ്യസ്ഥിതിയിൽ പരിതപിച്ച് ഒരു നവക്രിസ്ത്യൻ പറയുകയുണ്ടായി, "ഞാൻ യാതൊരു ലൗകികലാഭത്തിലും മോഹിച്ചല്ല ക്രിസ്ത്യാനിയായത്. എന്റെ ആത്മരക്ഷയിൽമാത്രം ആഗ്രഹിച്ചാണ്. ആകയാൽ ഏതെല്ലാം, എന്തെല്ലാം ഭൗമികങ്ങളായ മോഹനവാഗ്ദാനങ്ങളും ലാഭങ്ങളും ഉണ്ടായാൽ തന്നെ, അല്ലെങ്കിൽ ദുഃഖങ്ങളും ദുരിതങ്ങളും നേരിട്ടാൽ, മരണംവരെ, കുഴിമാടംവരേയും അതിനപ്പുറവും, ദൈവകൃപയാൽ ഞാൻ ക്രിസ്ത്യാനിയായിരിക്കും" എന്ന്. മതത്തിന്റെ ശരിയായ ബോധനമാണ്—അതിന്റെ പാലനമാണ് നമ്മുടെ ജീവിതലക്ഷ്യം പ്രാപിക്കുവാൻ നമ്മെ സഹായിക്കുന്നത്. ആകയാൽ അവയെ—മതതത്വങ്ങളെ—നാം ശരിക്കു പഠിച്ചറിയേണ്ടിയിരിക്കുന്നു.

"ഇവിടെ ധാരാളം അഭ്യസ്തവിദ്യരായ ആളുകളുണ്ട്. അങ്ങനെയുള്ള ജനസഞ്ചയം ഉൾക്കൊള്ളുന്ന ഈ ഇടവകയിൽ ഈ അദ്ധ്യയനസംഘം അതിന്റെ ലക്ഷ്യം സാക്ഷാല്ക്കരിക്കുമെന്നു ഞാൻ പ്രത്യാശിക്കുന്നു. അങ്ങനെ സേവനസന്നദ്ധതയും, കർമ്മോത്സുകതയുമുള്ള ധാരാളം അഭ്യസ്തവിദ്യരായ യുവജനങ്ങൾ ഈ അദ്ധ്യയനമണ്ഡലത്തിൽ അംഗങ്ങളായി ചേർന്ന്, മററുള്ള ഇടവകകൾക്കും മാതൃകകൾനൽകി വിരാജിച്ചു വിജയശ്രീലാളിതമാകട്ടെയെന്നുള്ള പ്രാർത്ഥനാശംസകളോടെ അദ്ധ്യയനമണ്ഡലം ഇവിടെ ഞാൻ പ്രത്യാശാപൂർവ്വം ഉൽഘാടനം ചെയ്യുന്നു."

—o—




സംഭവകഥ

# വികാരി അച്ചൻ മനസ്സുതിരിഞ്ഞു

(ജെ. പി. വി.)

III

ആ വൈദികവിദ്യാർത്ഥി ശോകഭാരത്തോടെ പള്ളിമുററത്തേക്കു നടന്നു. അദ്ദേഹത്തിന്റെ മനസ്സു പൂർവ്വചിന്തകളാൽ ആവൃതമായി. രണ്ടു മൂന്നുകൊല്ലമേ കഴിഞ്ഞിട്ടുള്ളൂ അവ സംഭവിച്ചിട്ട്. വന്ദ്യപിതാക്കന്മാരായ ഫാദർ ഫുസരീനിയും ഫാദർ ജക്രൂസിയും ഭരിച്ചിരുന്ന കാലം. അന്നു പള്ളിമേട പാവപ്പെട്ടവരുടേയും ദുഃഖിതരുടേയും ആലംബകേന്ദ്രമായിരുന്നു. ആർക്കും അവിടെ സ്വാഗതമുണ്ടായിരുന്നു. തന്റെ ദൈവവിളി വികസിതമായ ചരിത്രംതന്നെ ആ യുവവിദ്യാർത്ഥിക്കു മറക്കാൻ സാധിക്കുന്നതല്ല. അതിൽ തന്നെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത ഫുസരീനി അച്ചന്റെ മഹാമനസ്കത! അദ്ദേഹം തന്നെ പാദുവാ സെമ്മിനാരിയിലേക്കയച്ച സംഭവം; ഒഴിവുകാലങ്ങളിൽ പള്ളിമുറിയിൽ സൗകര്യമായി താമസിക്കുകയും ഭക്തകൃത്യങ്ങളെല്ലാം ക്രമമായി അനുഷ്ഠിക്കുകയും ചെയ്ത അനുഭവങ്ങൾ; എന്തിന്! പാവപ്പെട്ട താൻ ധരിച്ചിരുന്ന ഉടുപ്പു തന്നെയും ആ വത്സലപിതാവിന്റെ ദാനമല്ലയോ? ഇന്ന് വികാരിയെ ഒന്നു കാണുവാൻപോലും സൗകര്യമില്ല. ജോസഫ് സാത്തോയുടെ യുവഹൃദയം സങ്കടം കൊണ്ടു തരളിതമായിപ്പോയി, ഈ സംഭവങ്ങളുടെ ഓർമ്മയിൽ.

ജോസഫ് സാത്തോ മുറിയുടെ വരാന്തയിൽനിന്നിറങ്ങി പള്ളിയുടെ മറുവശത്തേക്കുപോയി. പള്ളിയുടേയും മണിമാളികയുടേയും നിഴലിൽ അദ്ദേഹം ആ പച്ചപ്പുൽപരവതാനിയിൽ മുട്ടുകുത്തി. പള്ളി പൂട്ടിക്കഴിഞ്ഞിരുന്നതുകൊണ്ടു ആതുരാലംബമായ സ്നേഹനാഥന്റെ സന്നിധിയിൽ അണയുവാൻ സാദ്ധ്യമായിരുന്നില്ല. എങ്കിലും തുറന്നിരുന്ന ജനാലയിൽക്കൂടി കെടാവിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ ദിവ്യസക്രാരിയെ അദ്ദേഹത്തിനു കാണാമായിരുന്നു. ദിവ്യനാഥന്റെ സന്നിധിയിൽ നർമ്മഭാഷണത്തിൽ ആ ഭക്തഹൃദയം ലയിച്ചുചേർന്നു. കൊന്തയുടെ സന്തോഷമായ രഹസ്യങ്ങൾ അദ്ദേഹം ഭക്തിപൂർവ്വം ചൊല്ലിക്കൊണ്ടിരുന്നു. അതവസാനിച്ചപ്പോഴേക്കും കുതിരകളുടെ കുളമ്പടിക്കുന്ന സ്വരം അദ്ദേഹം ശ്രവിച്ചു. മനോഹരമായ ഇരട്ടക്കുതിരവണ്ടി പള്ളിമുറിയുടെ മുമ്പിൽ വന്നുനിന്നു. മറുപുറത്തെ വാതായനത്തിൽക്കൂടി സംഭവങ്ങൾ സാത്തോയ്ക്കു നിഷ്പ്രയാസം കാണാമായിരുന്നു. വണ്ടി മൊരീനാപ്രഭ്വിയുടേതാണ്. ആ വണ്ടി റീസിലെ ഏതു കുഞ്ഞിനും സുപരിചിതമത്രെ. മൊരീനാപ്രഭ്വി വളരെക്കാലമായി ആ ഗ്രാമത്തിനടുത്തുള്ള അവരുടെ എസ്റ്റേററ് ബംഗ്ലാവിലാണു താമസം. പ്രാരംഭകാലത്തു നെപ്പോളിയൻ ചക്രവർത്തിയുടെ മന്ദിരത്തിൽ മഹോന്നതസ്ഥാനങ്ങൾ വഹിച്ചു ജീവിച്ചിരുന്നുവെങ്കിലും വാർദ്ധക്യവും വൈധവ്യവും ഒരു സ്വൈരജീവിതത്തിലേക്കു അവരെ മാടിവിളിച്ചു. മാതൃകാപരമായ ഒരു കത്തോലിക്കാജീവിതത്തിൽ അവർ അഗ്രഗണ്യയായിരുന്നു. മൊരീനാപ്രഭ്വിയുടെ വണ്ടി വന്നു എന്നറിഞ്ഞയുടനെ വാററായി അച്ചൻ ബദ്ധപ്പെട്ടു ഗോവണിയിറങ്ങി സ്ഥലത്തെത്തിക്കഴിഞ്ഞു. അസ്സേന്തിയച്ചനും ഒട്ടും വൈമുഖ്യം കാണിച്ചില്ല എന്നു പറയേണ്ടല്ലോ. വിവരാന്വേഷണങ്ങൾ തട്ടുതകൃതിയായി നടന്നു. അച്ചനേയും കയററി വണ്ടി സ്ഥലം വിടുകയും ചെയ്തു.

അടക്കാനാവാത്ത ചിന്താഭാരത്തോടെ സാത്തോ വീട്ടിലേക്കു തിരിച്ചു. തന്റെ ഹൃദയവ്യഥ പാടുള്ളിടത്തോളം തീർന്നിട്ടേ വീട്ടിലെത്താവൂ എന്നുള്ള ഉദ്ദേശത്തോടെ വളരെ സാവധാനത്തിലായിരുന്നു ആ യുവവിദ്യാർത്ഥി മുന്നോട്ടുനീങ്ങിയത്. മാർഗ്ഗമദ്ധ്യേ ഒരു കോണുതിരിയുന്ന സമയത്തു റോഡിനരികിലുള്ള ഒരു ചെറുകുടിലിൽനിന്നു ദയനീയമായ കരച്ചിൽ അദ്ദേഹത്തിന്റെ കാതുകളിൽ പെട്ടു. അതു പീററർ ബണ്ടിനിയുടെ വീടായിരുന്നു. കരയുന്നതു അയാളുടെ യുവതിയായ ഭാര്യ ആഞ്ചെലായും. ഈ അസമയത്തു തന്റെ സാന്നിദ്ധ്യം അസ്ഥാനത്താകുമോ എന്നദ്ദേഹം കുറച്ചുനേരം ചിന്തിച്ചുനിന്നുപോയി. വർദ്ധിച്ചുവന്ന രോദനം അദ്ദേഹത്തിന്റെ കരുണാർദ്രമായ ഹൃദയത്തെ കീഴ്പ്പെടുത്തി. അദ്ദേഹം സാവധാനത്തിൽ കതകിൽ മുട്ടി. വാതിൽ തുറക്കപ്പെട്ടു. "ഓ! പ്രിയപ്പെട്ട ശമ്മാശാ, അകത്തേക്കുവന്നാലും. ഈ രാത്രിസമയത്തു ഞങ്ങളെ ആശ്വസിപ്പിക്കുന്നതിനു ദൈവമയച്ച ഒരു സ്വർഗ്ഗീയ ദൂതനാണവിടുന്ന്." അവർ അദ്ദേഹത്തിനു ഹൃദയപൂർവ്വം സ്വാഗതമരുളി.

IV

ആഞ്ചെലാ ഒരുകാലത്തു ജോസഫ് സാത്തോയുടെ കളിത്തോഴിയായിരുന്നു. അവരൊന്നിച്ചാണ് വിദ്യാലയത്തിൽ പോയിരുന്നത്. ബാലലീലകളിൽ അവർ നിഷ്കന്മഷരായി പങ്കെടുത്തിരുന്നു. അന്നു ആഞ്ചെലാ അതിസുന്ദരിയായ ഒരു കർഷകബാലികയായിരുന്നു. ഇടതൂർന്ന അവളുടെ ഇരുണ്ട തലമുടിയും തിളങ്ങുന്ന കറുത്ത നയനങ്ങളും തുടുത്ത കവിൾത്തടങ്ങളും ഓമനത്തം തുളുമ്പുന്നവയായിരുന്നു. അക്കാലങ്ങൾ കഴിഞ്ഞിട്ടു വർഷങ്ങൾ പലതു കടന്നുപോയിരുന്നു. ഇന്നു ആഞ്ചെലാ ഒരു യുവമാതാവാണ്, മൂന്നു ഓമനക്കുഞ്ഞുങ്ങളുടെ. ദരിദ്രമായ കുടുംബസാഹചര്യങ്ങളും ദുസ്സഹമായ ക്ലേശഭാരവും അവളുടെ ആരോഗ്യത്തെ അതികഠിനമായി ആക്രമിച്ചുകഴിഞ്ഞിരിക്കുന്നു. ശോഷിച്ച ശരീരം, സങ്കടംകൊണ്ട് കൂമ്പിയ മുഖം, നീർക്കൊണ്ട നയനങ്ങൾ. തലമുടി നാലുപാടും ചിന്നിച്ചിതറിക്കിടക്കുന്നു. രണ്ടു ശോഷിച്ച പിഞ്ചുകുഞ്ഞുങ്ങൾ ഭയവിഹ്വലരായി അമ്മയുടെ ചുററും പാറിക്കൂടി നില്ക്കുന്നുണ്ട്. അടുത്തുതന്നെ ഒരു തൊട്ടിലിൽ ഒരു ചോരക്കുഞ്ഞു കിടക്കുന്നു. ഈ ക്ലേശപാരാവാരത്തിനിടയിൽ എന്തു ചെയ്യണമെന്നു രൂപമില്ലാതെ അല്പസമയം സാത്തോ അമ്പരന്നുനിന്നുപോയി.

"എന്റെ ബെപ്പോ, (അതായിരുന്നു ജോസഫ് സാത്തോയുടെ

വി. യൗസേപ്പ്പിതാവിന്റെയും, മാതാവിന്റെയും മാദ്ധ്യസ്ഥതാലും, ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

അരീക്കൽ ഏലിയാമ്മ,
തുടങ്ങനാട്ട്

ആദ്ധ്യാത്മികവീഥി

## ദൈവവിളി—കുടുംബം

ദൈവത്തിൻെറ വത്സലമക്കളേ,

കുട്ടികളെ നല്ല ശിക്ഷണത്തിൽ വളർത്താത്ത കുടുംബങ്ങളിൽനിന്നു ദൈവവിളി സാധാരണ പ്രതീക്ഷിക്കേണ്ടതില്ലെന്നും മറിച്ച് നല്ലവണ്ണം വളർത്തപ്പെടുന്ന കുട്ടികൾക്കു വൈദികജീവിതത്തിൽ ആവശ്യപ്പെടുന്ന ത്യാഗങ്ങൾ വിഷമമായി തോന്നുകയില്ലെന്നും കഴിഞ്ഞ രണ്ടു ലക്കങ്ങളിൽ പറയുകയുണ്ടായല്ലോ.

കുടുംബാന്തരീക്ഷത്തിൽ ഉണ്ടായിരിക്കേണ്ട മറെറാരു സംഗതി വൈദികബഹുമാനമാണു്. അച്ചന്മാർ വീട്ടിൽവരുമ്പോൾ അവരോടു കാണിക്കുന്ന ബഹുമാനം വളരെ ചെറുപ്പംമുതൽതന്നെ കുട്ടികളുടെ ഹൃദയത്തിൽ വൈദികജീവിതത്തോടു വലിയ മതിപ്പുള വാക്കും. പല നല്ല ദൈവവിളിയുടേയും ആരംഭം മാതാപിതാക്കന്മാർക്കു വൈദികരോടുള്ള ബഹുമാനമാണെന്നു സ്വന്ത അനുഭവത്തിൽ നിന്നുതന്നെ ചില വൈദികർ പറഞ്ഞുകേട്ടിട്ടുണ്ടു്.

നേരിട്ടുകാണുമ്പോൾ വൈദികരോടു കാണിക്കുന്ന ബഹുമാനം എത്രതന്നെ ആദരണീയമാണെങ്കിലും, അവരുടെ അഭാവത്തിൽ അവരെ വിമർശിക്കുന്നുവെന്നു വരുന്നപക്ഷം അതുകൊണ്ടു് ഒരുപകാരവും ഉണ്ടാകുവാൻ പോകുന്നില്ല. ചില കുടുംബങ്ങളിൽ അച്ചന്മാരെ കുററംപറയുകയെന്നുള്ളതു ഒരു സാധാരണ ചടങ്ങായിത്തീർന്നിട്ടുണ്ടു്. അതെല്ലാം സശ്രദ്ധം കേട്ടുകൊണ്ടിരിക്കുന്ന കുട്ടികൾക്കു ആ വ്യക്തികളോടെന്നതിനേക്കാൾ ആ ജീവിതസ്ഥിതിയോടാണു് അവജ്ഞയുണ്ടാകുന്നതു്.

വൈദികരെല്ലാവരും മാലാഖാമാരാണെന്നോ അവരിൽ യാതൊരു കുററവുമില്ലെന്നോ ആരും പറയുന്നില്ല. നമ്മുടെ കുടുംബങ്ങളിൽ നിന്നുതന്നെയല്ലയോ അവർ പോകുന്നതു്. അതിനാൽ അൽമായരിൽ കാണുന്ന ചില ന്യൂനതകൾ അവരിലും ഉണ്ടായിയെന്നുവരുന്നതു വെറും സ്വാഭാവികമാണു്. പക്ഷെ അതിവർണ്ണനംചെയ്തു വർദ്ധിപ്പിച്ചു് അവയെല്ലാം പരസ്യപ്പെടുത്തുന്നതു് ഒട്ടും ആശാസ്യമല്ല. നല്ല കത്തോലിക്കർ തങ്ങളുടെ കുടുംബങ്ങളിൽവച്ചു വൈദികരെ നിശിതമായി വിമർശിക്കുന്നതിനു ഒരിക്കലും മുതിരുകയില്ല. മററാരെങ്കിലും മുതിർന്നാൽതന്നെയും എതിർന്യായംപറഞ്ഞു ദൈവശുശ്രൂഷകരെ ആദരിക്കാനേ അവർ ശ്രമിക്കയുള്ളൂ. അങ്ങനെയുള്ള കുടുംബങ്ങളിൽനിന്നേ സാമാന്യമായി ദൈവവിളി പ്രതീക്ഷിക്കുവാൻ നിവൃത്തിയുള്ളൂ.

എന്നു

പ്രാർത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവു്

---

ഓമനപ്ലേർ) എൻെറ ഫ്രാൻസിസ്സോ മരിക്കാൻ ഇടയാക്കരുതേ" ആ അമ്മയുടെ ഹൃദയഭാരം മുഴുങ്ങിയ വാക്കുകളിൽ ബഹിർഗമിച്ചു. സാർത്തോ കുട്ടിയെ സൂക്ഷിച്ചു പരിശോധിച്ചു. ഒരു പാവപ്പെട്ട കുടുംബത്തിൽ എട്ടു കുട്ടികളുടെ കൂട്ടത്തിൽ മൂത്തവനായി വളന്ന ജോസഫിനു ബാലപീഡകളെപ്പററി ധാരാളം പരിചയമുണ്ടായിരുന്നു. താഴെയുള്ള കുഞ്ഞുങ്ങളുടെ പരിരക്ഷണത്തിലും ദീനപരിചരണത്തിലും ഒരു പിതാവായും മാതാവായും വൈദ്യനായും ശുശ്രൂഷകനായും അദ്ദേഹം ധാരാളം സേവനമനുഷ്ഠിച്ചിട്ടുണ്ടു്. കുട്ടിയുടെ സ്ഥിതി യഥാർത്ഥത്തിൽ ഗുരുതരമായിരുന്നു. അതിൻെറ തൊണ്ടയിൽ കഫം കുറുങ്ങുന്നുണ്ടായിരുന്നു. ഇടയ്ക്കിടയ്ക്കു ഛർദ്ദിയും. വല്ലാത്ത അസ്വാസ്ഥതയുടെ ലക്ഷണങ്ങൾ മുഖത്തു ദൃശ്യമായിരുന്നു. കോളറദീനത്തിൻെറ സകല ലക്ഷണങ്ങളുമുണ്ടായിരുന്നു. (തുടരും)

## ഇടവകവാർത്തകൾ

കോട്ടപ്പടി: കോട്ടപ്പടി അങ്ങാടിയിൽ മാർച്ചു് 29-ാം തീയതി 22 വീടുകൾ തീ കത്തി നശിക്കുകയും വളരെ നഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തു. ഉടനെ സ്ഥലം പള്ളിയിൽനിന്നു് ഓരോ വീട്ടുകാർക്കും താല്ക്കാലികാശ്വാസനടപടികൾ സ്വീകരിക്കുകയുണ്ടായി. തൃശ്ശൂർ മെത്രാൻ തിരുമനസ്സിലെ നിർദ്ദേശമനുസരിച്ചു്, പ്രസ്തുത പള്ളിയിൽനിന്നു് ഗണ്യമായ ഒരു തുക ഭവനനിർമ്മാണത്തിനു ദാനമായി കൊടുത്തിരിക്കുന്നു.

ചെമ്പംതൊട്ടി: സ്ഥലം ദേവാലയത്തിൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ തിരുനാൾ, തലശ്ശേരി രൂപതയുടെ അഭിവന്ദ്യ മെത്രാൻ തിരുമനസ്സിലെ മഹനീയ സാന്നിദ്ധ്യത്തിൽ ആഘോഷിച്ചു. പ്രാരംഭമായി നടത്തപ്പെട്ട ധ്യാനം റവ. ഫാ. ജോസഫ് കുന്നേൽ അവർകളാണു പ്രസംഗിച്ചതു്. 29-ാംനു വെള്ളിയാഴ്ച രാവിലെ കൊടികയററൽ കർമ്മവും ഉച്ച കഴിഞ്ഞു് വന്ദ്യമെത്രാനച്ചൻ തിരുമനസ്സിലെ സ്വീകരണവും കുട്ടികളുടെ സ്കൂൾവാർഷിക മീററിങ്ങും നടന്നു. ശനിയാഴ്ച കുട്ടികളുടെ ആദ്യകുർബാന സ്വീകരണം, മുമ്പിലത്തെ ഒപ്പുശുമാ മുതലായ തിരുക്കർമ്മങ്ങളും ഞായറാഴ്ച തിരുനാൾ ആഘോഷങ്ങളും നടത്തപ്പെട്ടു. ശ്രീ ദേവസ്യാ മേലേമുറിയിൽ ആയിരുന്നു തിരുനാൾ പ്രസുദേന്തി.

ചെട്ടിക്കാട്ട്: സ്ഥലത്തു ശ്രീ ലൂയിസ് പടമാടൻെറ ചെലവിൽ പണി കഴിപ്പിച്ച ഫാത്തിമാ കപ്പേളയുടെ ആശീർവാദകർമ്മം സാഘോഷം നടത്തപ്പെട്ടിരിക്കുന്നു. തദവസരത്തിൽ ശ്രീ ജോസഫ് കൈമാപറമ്പൻെറ ഒരു കഥാപ്രസംഗവും ഉണ്ടായിരുന്നു.

കുരിയാച്ചിറ: അമലോത്ഭവ സെൻറ് ജോസഫ്സ് പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിൻേറയും സി. ഇ. സി. യുടേയും വാർഷികം മാർച്ചു 31-ാംനു ആഘോഷിക്കപ്പെട്ടു. ഈ ഇടവകയിൽനിന്നും ആദ്യമായി വൈദികപട്ടം സ്വീകരിച്ച റവ. ഫാദർ ജൈൽസി ഒ. എഫ്. എം. (cap) അവർകളെ അനുമോദിക്കുന്നതിനു പ്രസ്തുതാവസരം വിനിയോഗിക്കപ്പെട്ടു. നവവൈദികൻെറ അദ്ധ്യക്ഷതയിൽ പൊതുയോഗം കൂടി. സി. എൻ. ഇഗ്നേഷ്യസ് പ്രസംഗിച്ചു. സഖ്യാംഗങ്ങൾ "തകന്ന ജീവിതം" എന്നപ്രഹസനം അഭിനയിക്കുകയും ചെയ്തു. യോഗാനന്തരം മരിയാസഖ്യാംഗമായ ഫ്രാൻസീസ് കോലങ്ങാടൻെറ ഒരു കഥാപ്രസംഗവും ഉണ്ടായിരുന്നു.

കുറമ്മാവു്: സ്ഥലം ആശ്രമദേവാലയത്തിൽവച്ചു് ഏപ്രിൽ 7-ാം തീയതി കാലത്തു 8 മണിക്കു് റവ ഫാദർ സെനോ ടി ഒ സി ഡി അവർകളുടെ പ്രഥമദിവ്യബലിസമർപ്പണം ആഘോഷമായി നടത്തപ്പെട്ടിരിക്കുന്നു. പുത്തൻപള്ളി ഇടവക ശ്രീ ലോനപ്പൻ വിതയത്തിൽ അവർകളുടെ ഇളയപുത്രനാണു് ഫാദർ സെനോ. നവവൈദികൻെറ അഞ്ചു സഹോദരികളും പുത്തഞ്ചിറ തിരുക്കുടുംബമഠത്തിലെ അംഗങ്ങളാണു്. മുത്തോലി ആശ്രമക്കപ്പേളയിൽവച്ചു 6-ാം തീയതി ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ മാത്യു കാവുകാട്ടു് തിരുമനസ്സിൽനിന്നും നവവൈദികൻ വൈദികപട്ടം സ്വീകരിച്ചു. നവപൂജാർപ്പണവും വിശുദ്ധ കർബാനയുടെ വാഴ്വും "ലാക്ആലാഹ" എന്ന സ്തോത്രഗീതവും കഴിഞ്ഞു് വെരി റവ ഫ ദർ സാലസ് സി ഡി എം എ അച്ചർകൾ പൗരോഹിത്യത്തെ ആസ്പദമാക്കി ഒരു പ്രസംഗം നിർവ്വഹിച്ചു. നവവൈദികൻ അദ്ദേഹത്തിൻെറ പിതാമഹനും പുത്തഞ്ചിറമഠത്തിൻെറ സ്ഥാപകനും നാളിതുവരെ കപ്പോനുമായ വെരി റവ ഫാദർ ജോസഫ് വിതയത്തിൽ അവർകളെ സന്ദർശിച്ചു് 8-ാം തീയതി മഠംകപ്പേളയിൽ കർബാന ചൊല്ലുകയും ചെയ്തു.

ചേനപ്പാടി: ചേനപ്പാടി ചെറുവള്ളി, തകനാട്ടുകുന്നു ഈ ഇടവകകളിലെ ലീജിയൻ ഓഫ് മേരി പ്രസീദിയങ്ങളുടെ പ്രവർത്തനസൗകര്യത്തെ പരിഗണിച്ചു് ഇവിടെ ഒരു ക്കൂരിയാ മാർച്ചു് 30-ാംനു സ്ഥാപിച്ചിരിക്കുന്നു.

ചേനപ്പാടിപ്പള്ളിയിൽ സ്ഥാപിച്ചു സ്തുത്യർഹമാംവിധം പ്രവർത്തനം നടത്തിവരുന്ന സൊഡാലിററി, മിഷൻലീഗ് ഈ സംഘടനകളുടെ സംയുക്തവാർഷികം മാർച്ചു് 31-ാംനു ഉച്ചകഴിഞ്ഞു 3 മണിക്കു് സ്ഥലം സെൻറ് മൈക്കിൾസ് സ്കൂൾഹാളിൽ രാജശ്രീ വി വി ജോസഫ് ബി എ ബി എൽ അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീമതി എം ഇ ത്രേസ്യാമ്മ ബി എ ബി ടി അവർകളും സാഹിത്യവിശാരദ് ശ്രീ എൻ സി മാത്യു പൊൻകുന്നം അവർകളും പ്രസംഗിച്ചു. കുട്ടികളുടെ വിവിധ വിനോദപ്രകടനങ്ങളും പ്രഹസനവും കഥാപ്രസംഗവും ഉണ്ടായിരുന്നു.

—o—

## ചരമവാർത്തകൾ

ഞാറയ്ക്കൽ: ഇവിടത്തെ ഒരു പൗരമുഖ്യനും പൊതുകാര്യപ്രസക്തനും, പരേതനായ ജസ്റ്റി ജോർജ്ജ് പാറയ്ക്കൽ, ഡോ ജോൺ പാറയ്ക്കൽ എന്നിവരുടെ പിതാവുമായ പാറയ്ക്കൽ വക്കീ ഇട്ടൂപ്പ് ബി എ എൽ ടി ഏപ്രിൽ 6 ാംനു വൈകുന്നേരം 78-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം വൈകുന്നേരം 4 മണിക്കു എറണാകുളം അതിരൂപതാ വികാരിജനറാൾ റൈററ് റവ മോൺ: ജോർജ്ജ് വലിയാറമ്പത്തു അവർകളുടെ പ്രധാനകാർമ്മികത്വത്തിലും ഒട്ടുവളരെ വൈദികരുടേയും വമ്പിച്ച ഒരു ജനാവലിയുടേയും സാന്നിദ്ധ്യത്തിലും നിർവ്വഹിക്കപ്പെട്ടു.

പൂവരണി: സ്ഥലത്തെ ഫ്രാൻസിസ്കൻ മൂന്നാംസഭ, സത്യാരാധനസംഘം ലീജിയൻ ഓഫ് മേരി മുതലായ ഭക്തസംഘടനകളുടെ ഒരു സജീവാംഗമായ ബ്ര: സ്കറിയാ സക്കറിയാസ് മുളഞ്ഞനാനിക്കൽ 47-ാമത്തെ വയസ്സിൽ മാർച്ചു് 28-ാംനു വ്യാഴാഴ്ച കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. മൃതദേഹം പിറെറ ദിവസം ഒരു വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിൽ പൂവരണി പള്ളി സിമിത്തേരിയിൽ യഥാവിധി സംസ്കരിക്കപ്പെട്ടു.

R. I. P.

തൈക്കാട്ടു് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ചു്: ആലുവാ റെയിൽവെസ്റ്റേഷനസമീപം
എല്ലാം വ്യാഴാഴ്ചയും ഉച്ചയ്ക്കു് 1 മണി മുതൽ
വൈകുന്നേരം 5 മണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ
പരിശോധിച്ചു ചികിൽസ നിശ്ചയിക്കുന്നതുമാണു്.

## കേരളവാർത്തകൾ

ഫോർട്ടുകൊച്ചിയിലെ മി. ഡബ്ളിയു. എച്ചു്. ഡിക്രൂസിനെ, ആംഗ്ലോ ഇന്ത്യൻ സമുദായപ്രതിനിധിയായി, കേരളസ്റ്റേററു് അസംബ്ളിയിലേക്കു കേരളഗവർണർ നോമിനേററുചെയ്തിരിക്കുന്നു. അതോടുകൂടി 127 അംഗങ്ങളുള്ള പുതിയ അസംബ്ളി സംഘടിതമായിരിക്കുന്നു.

—കോൺഗ്രസ്പ്രസിഡൻറു ഡേബാർ ഏപ്രിൽ 17-ാംതീയതി ഇവിടെ എത്തുന്നതും 3 ദിവസം കേരളത്തിൽ പര്യടനം നടത്തുന്നതുമാണു്.

—എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു വിശ്രമാർത്ഥം ദേവികുളത്തേക്കു പോയിരിക്കുന്നു.

—രാജ്യസഭയിൽ കേരളത്തിൽനിന്നുമുള്ള രണ്ടു സീററുകളിലേക്കുള്ള തിരഞ്ഞെടുപ്പു മേയ് 6-ാംതീയതിക്കു മുൻപു നടത്തേണ്ടതാണെന്നു ഇലക്ഷൻ കമ്മീഷൻ വിജ്ഞാപനം ചെയ്തിരിക്കുന്നു.

—കേരള അഡ്വക്കേററ്സ് അസോസിയേഷൻെറ പ്രസിഡൻറായി മി. കെ. ടി. തോമ്മസിനെ തിരഞ്ഞെടുത്തിരിക്കുന്നു.

—മദ്രാസ് മെഡിക്കൽകോളെജ് അനാട്ടമി പ്രൊഫസർ കെ. ഗോവിന്ദമേനോനെ കോഴിക്കോട്ടു മെഡിക്കൽകോളെജ് സ്പെഷ്യൽ ഓഫീസറായി നിയമിച്ചിരിക്കുന്നു.

—കേരള അഡൈ്വസർ ശ്രീ കെ. രാമുണ്ണിമേനോൻ ഏപ്രിൽ 4-ാം തീയതി ഉദ്യോഗം ഒഴിഞ്ഞിരിക്കുന്നു.

—മലബാർ ഡിസ്ട്രിക്ട് മജിസ്ട്രേട്ടു മി. എം. ബാലകൃഷ്ണമേനോനെ കേരളഹൈക്കോടതി രജിസ്ട്രാർ ആയി നിയമിച്ചിരിക്കുന്നു.

—കേരളത്തിലെ പ്രസിഡൻറുഭരണം അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവു ഏപ്രിൽ 5-ാംനു പ്രസിദ്ധീകൃതമായിരിക്കുന്നു.

## ഇൻഡ്യാ വാർത്തകൾ

ഇക്കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ മൈസൂർ സ്റ്റേററു അസംബ്ളിയിലേക്കു മെ: ജോർജ്ജ് ഫ്ലവർ, എഫ് എക്സ് ഡി പിൻേറാ, മിസ്സസ് ഗ്രേസ് ടക്കർ എന്ന മൂന്നു ക്രിസ്ത്യാനികൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടു്. ഇതിൽ ആദ്യത്തെ രണ്ടുപേർ കത്തോലിക്കരാണു്. മറെറാരു കത്തോലിക്കനായ മി. ജോവാക്കിം ആൾവാ ലോകസഭയിലേക്കും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

—ഒറീസായിൽ ഒരു മന്ത്രിസഭ രൂപവത്കരിക്കുവാൻ കോൺഗ്രസ്പാർട്ടി ലീഡറായ ഡോക്ടർ ഹരേകൃഷ്ണമേത്താബിനെ ഒറീസാ ഗവർണർ ക്ഷണിച്ചിരിക്കുന്നു.

—പ്രസിഡൻറായി ഡോക്ടർ രാജേന്ദ്രപ്രസാദിനെയും വൈസ്പ്രസിഡൻറായി ഡോക്ടർ രാധാകൃഷ്ണനെയും വീണ്ടും സ്ഥാനാർത്ഥികളായി നിർത്തുവാൻ കോൺഗ്രസ് പാർട്ടി തീരുമാനിച്ചിരിക്കുന്നു. ഈ നാമനിർദ്ദേശത്തോടു് അവരിരുവരും അനുകൂലിച്ചിരിക്കുന്നു.

—ഡൽഹി മലയാളി അസോസിയേഷൻെറ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന മൂന്നാമത്തു മലയാളി കലോത്സവം ശ്രീ വി കെ കൃഷ്ണമേനോൻ അടുത്ത വ്യാഴാഴ്ച ഉൽഘാടനം ചെയ്യുന്നതാണു്.

—മെ: ഫ്രാങ്കു് ആൻറണിയേയും ഇ. ടി. ബാരോസിനെയും ആംഗ്ലോ ഇന്ത്യൻ പ്രതിനിധികളായി പ്രസിഡൻറു് ലോകസഭയിലേക്കു നോമിനേററുചെയ്തിരിക്കുന്നു.

—കോഴിക്കോടു്, കോൺപൂർ ബോപ്പാൽ, ജാംനഗർ, ജബൽപൂർ എന്നീ 5 സ്ഥലങ്ങളിൽ ഈ അദ്ധ്യയനവർഷം മുതൽ ഓരോ മെഡിക്കൽ കോളെജുകൾ ആരംഭിക്കുന്നതാണു്.

—മലയായിലെയും സിംഗപ്പൂരിലെയും ഇന്ത്യൻ കമ്മീഷണറായി ശ്രീ വി എം എം നായരെ നിയമിച്ചിരിക്കുന്നു.

—കേന്ദ്രവെൽഫയർ ബോർഡു മെംബറായി മിസ്സസ് ജോൺ മത്തായിയെ ഇൻഡ്യാ ഗവമ്മെൻറു നോമിനേററുചെയ്തിരിക്കുന്നു.

—75 അംഗങ്ങളുള്ള കാശ്മീർ അസംബ്ളിയിലേക്കു നടത്തപ്പെട്ട തിരഞ്ഞെടുപ്പിൽ 60 സീററു ഭരണകക്ഷിയായ നാഷനൽ കോൺഫ്രൻസിനു ഇതിനകം ലഭിച്ചിട്ടുണ്ടു്. ഇനി 10 സീററുകളുടെ ഫലമറിയാനുണ്ടു്.

—പ്രസിദ്ധ വിദ്യാഭ്യാസപ്രവർത്തകനും വ്യവസായിയും ധർമ്മിഷ്ഠനുമായ ഡോക്ടർ ആർ എം അളകപ്പച്ചെട്ടിയാർ 49_ാമത്തെ ജന്മദിനത്തിൽ നിര്യാതനായിരിക്കുന്നു.



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1957 APRIL 10 || No. 34.


## വിധവാ_അനാഥമന്ദിരബിൽ

വിധവാസങ്കേതങ്ങളേയും അനാഥമന്ദിരങ്ങളേയും സംബന്ധിച്ച "The Orphanages and Widows' Home Bill" എന്ന ഒരു ബിൽ ശ്രീ കൈലാസ് ബിഹാരിലാൽ അവർകൾ രാജ്യസഭയിൽ അവതരിപ്പിച്ചിരിക്കുകയാണ്. അതിപ്പോൾ പൊതുജനാഭിപ്രായമറിയുന്നതിനായി പ്രസിദ്ധപ്പെടുത്തപ്പെട്ടിരിക്കുന്നു. ഒരു മതേതരരാഷ്ട്രമായ ഇന്ത്യയുടെ ആദർശത്തിനു യോജിക്കാത്തതും, കേരളത്തിൽ പ്രത്യേകിച്ചും പ്രശസ്തമായി നടത്തപ്പെട്ടുപോരുന്ന പല താദൃശജീവകാരുണ്യപരമായ സ്ഥാപനങ്ങളേയും നശിപ്പിക്കത്തക്കതുമായ ഈ നിയമനിർമ്മാണം പൊതുജനങ്ങൾ ഏകയോഗമായി ശക്തിപൂർവ്വം പ്രതിഷേധിക്കേണ്ടതാകയാൽ ഈ ബില്ലിന്റെ വൈകല്യങ്ങളേയും അതു സൃഷ്ടിക്കുന്ന കുഴപ്പങ്ങളേയും എല്ലാവരും ശരിയായി പഠിച്ചിരിക്കേണ്ടതത്രെ. ഇതിനു മുന്നോടിയായി 1956-ൽ "വിമൺസ് ആൻറു ചിൽഡ്റൺസ് ഇൻസ്റ്റിററ്യൂഷൻസ് (ലൈസൻസിംഗ്) ആക്ട്" എന്ന ഒരു നിയമം പാർലമെൻറ് പാസാക്കി 1956 ഡിസമ്പർ 30-ാംതീയതി പ്രസിഡൻറിന്റെ അംഗീകാരം സിദ്ധിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ ആക്ട് ഇനിയും നടപ്പായിട്ടില്ലെങ്കിലും ഏതാണ്ടതേരൂപത്തിലുള്ളതും കൂടുതൽ കർക്കശമായ നിയമങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒരു ബില്ലാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നതു്. അതിന്റെ സ്വഭാവത്തെപ്പററി പരിശോധിക്കുന്നതിനുമുമ്പ് പ്രസ്തുത ആക്ടിനെപ്പററി അല്പം ചില സംഗതികൾ മനസ്സിലാക്കുന്നതു നന്നായിരിക്കും.

"ന്യൂലീഡർ" പത്രത്തിൽ ശ്രീ എം. എം. ഡിസൂസാ അവർകൾ എഴുതിയിട്ടുള്ള ഒരു ലേഖനത്തിൽ ഈ ആക്ടിന്റെ സ്വഭാവം വ്യക്തമാക്കിയിട്ടുണ്ട്. അദ്ദേഹം പറയുന്നു:- "ഇന്ത്യൻ പാർലമെൻറിന്റെ ഇക്കഴിഞ്ഞ സമ്മേളനത്തിന്റെ അവസാനഘട്ടത്തിൽ ബദ്ധപ്പെട്ടു കടത്തിവിട്ട വിമൺസ് ആൻറ് ചിൽഡ്റൺസ് ഇൻസ്റ്റിററ്യൂഷൻസ് ലൈസൻസിംഗ് ആക്ട് (1956)" ഉൾക്കൊള്ളുന്ന നൂലാമാലകൾ രാജ്യത്തിന്റെ ഈ ഭാഗങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾ വേണ്ടത്ര മനസ്സിലാക്കിയിട്ടുണ്ടെന്നു തോന്നുന്നില്ല. ആരംഭത്തിൽ അതു് ഒരു സ്വകാര്യമെമ്പറുടെ ബില്ലുമാത്രമായിരുന്നു. പക്ഷെ കാലാന്തരത്തിൽ അതൊരു നല്ല നടപടിയാണെന്നു കരുതിയാവാം ഗവമ്മേണ്ടുതന്നെ അതേറെറടുത്തു്. എങ്കിലും പാർലമെൻറിൽ വാദപ്രതിവാദത്തിനു വന്നപ്പോൾ അതു പൊതുവെ അധികംപേരുടെ ശ്രദ്ധയെ ആകർഷിച്ചില്ല. അതിൽ അന്തർലീനമായിരിക്കുന്ന നൂലാമാലകളെപ്പററി ക്രിസ്തീയനേതാക്കന്മാരെങ്കിലും വേണ്ടതരത്തിൽ മനസ്സിലാക്കിയിരുന്നെങ്കിൽ, അതിന്റെ നിയന്ത്രണപരിധിയിൽപെടുന്ന ഏതത്സമുദായങ്ങളുടെ സ്ഥാപനങ്ങളെ സംബന്ധിച്ചു വേണ്ട സംരക്ഷണങ്ങൾ ബില്ലിൽ വ്യവസ്ഥചെയ്യുന്നതിനെങ്കിലും അവർ വാദം നടത്താതിരിക്കുകയില്ലായിരുന്നു. പ്രഥമവീക്ഷണത്തിൽ ഈ നിയമം അപകടരഹിതമായി തോന്നിയേക്കാം; എന്നാൽ അതു അവഗാഢമായി പഠിക്കുകയാണെങ്കിൽ കാണാം, അനുഭാവമില്ലാത്തവരും മനസ്സാക്ഷിയില്ലാത്തവരുമായ അധികാരികൾക്കും ഗവമ്മേണ്ടുമേധാവികൾക്കും മറ്റന്തിനല്ലെങ്കിൽ അനാവശ്യമായ കൈകടത്തലുകൾക്കെങ്കിലും അതിലെ വ്യവസ്ഥകൾ വഴിതെളിക്കുന്നുണ്ട് എന്നു്.

"ഇന്ത്യൻ യൂണിയനിലെ ഓരോ സ്റ്റേററിലും അവിടത്തെ ഗവമ്മേണ്ടിന്റെ ഒരു നോട്ടിഫിക്കേഷൻമൂലം ഈ ആക്ട് പ്രാബല്യത്തിൽ വരുന്നതാണ്. അതു പ്രയോഗത്തിൽ വന്നാൽ പിന്നീട് സ്റ്റേററുഗവമ്മേണ്ടോ ഗവമ്മേണ്ടിൽനിന്നു നിയമിക്കുന്ന ഒരു ലൈസൻസിങ്ങ് അതോറിട്ടിയോ നൽകുന്ന ലൈസൻസുകൂടാതെ, സ്ത്രീകളേയോ കുട്ടികളേയോ സ്വീകരിക്കുന്നതും, സംരക്ഷിക്കുന്നതും, പരിചരിക്കുന്നതുമായ യാതൊരു സ്ഥാപനവും ആരംഭിക്കുകയോ നടത്തിപ്പോരുകയോ ചെയ്തുകൂടാത്തതാണ്. ആക്ടിന്റെ ആരംഭത്തിനുമുമ്പു താദൃശമായ ഏതെങ്കിലും സ്ഥാപനം നടത്തിപ്പോരുന്നവർ, പ്രസ്തുത തീയതി മുതൽ മൂന്നുമാസത്തിനകം ഒരു ലൈസൻസ് വാങ്ങിയിരിക്കണം. ലൈസൻസിനപേക്ഷിച്ചാൽ ലൈസൻസിംഗ് അതോറിററിക്കു് ആവശ്യമെന്നു തോന്നുന്ന അന്വേഷണങ്ങൾ നടത്തിയശേഷം ലൈസൻസ് നൽകുകയോ നിഷേധിക്കുകയോ ചെയ്യാം. ഒരു നിശ്ചിതകാലത്തേക്കു മാത്രമേ ലൈസൻസു് നൽകപ്പെടുകയുള്ളു. പ്രസ്തുത കാലാവധിക്കുശേഷം അതു വീണ്ടും പുതുക്കാവുന്നതാണ്. തക്കകാരണമുണ്ടെങ്കിൽ ലൈസൻസ് റദ്ദ്ചെയ്യപ്പെടും. ലൈസൻസിംഗ് അതോരിററി ഒരു ലൈസൻസ് കൊടുക്കുന്നതിനു നിഷേധിക്കുകയോ നൽകപ്പെട്ട ലൈസൻസ് റദ്ദ്ചെയ്യുകയോ ചെയ്യുകയാണെങ്കിൽ അതേപ്പററി സ്റ്റേററുഗവമ്മേണ്ടിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്. ഗവമ്മേണ്ടിന്റെ തീരുമാനം അവസാനത്തേതായിരിക്കും. വിദ്യാഭ്യാസസ്ഥാപനങ്ങളോടു ബന്ധപ്പെട്ടതോ അവയാൽ നടത്തപ്പെടുന്നതോ ആയ ഹോസ്റ്റലുകളും ബോർഡിംഗുകളും ഈ നിയമത്തിന്റെ പരിധിയിൽപെടുന്നതല്ല. 1956-ലെ "സപ്രെഷൻ ഓഫ് ഇമ്മോറൽ ട്രാഫിക്ക് ഇൻ വിമൺ ആൻറു് ഗേൾസ് ആക്ട"നുസരിച്ചു നടത്തപ്പെടുന്ന സങ്കേതങ്ങളും ഈ നിയമപരിധിയിൽ നിന്നൊഴിവാക്കപ്പെട്ടവയാണ്.

"സ്ഥാപനത്തിന്റെ നിയന്ത്രണത്തിനാവശ്യമായ നിയമങ്ങൾ ക്രോഡീകരിക്കുന്നതിനുള്ള അധികാരം സ്റ്റേററുഗവമ്മെൻറുകൾക്കുണ്ടായിരിക്കും. ലൈസൻസിനു വേണ്ട വ്യവസ്ഥകൾ, സ്ഥാപനങ്ങളിൽ സ്ത്രീകളേയും കുട്ടികളേയും സ്വീകരിക്കുന്നതിലും സംരക്ഷിക്കുന്നതിലും പരിചരിക്കുന്നതിലും പാലിക്കേണ്ട ക്രമങ്ങൾ, അവരുടെ ഭക്ഷണം വസ്ത്രം പാർപ്പിടം പരിശീലനം സ്വഭാവസംസ്കരണം മുതലായവ സംബന്ധിച്ച നിബന്ധനകൾ, സ്ഥാപനങ്ങളുടെ പരിശോധന, വരവുചിലവു കണക്കുകളും മാസാന്തറിപ്പോർട്ടുകളും, സ്ത്രീകളേയും കുട്ടികളേയും പറഞ്ഞുവിടൽ മുതലായ എല്ലാ കാര്യങ്ങളേയും സംബന്ധിക്കുന്നതായിരിക്കും പ്രസ്തുത നിയമങ്ങൾ. ആക്ടിലെ വ്യവസ്ഥകളേയൊ ആക്ടിൻപടി ക്രോഡീകരിച്ചിട്ടുള്ള നിയമങ്ങളേയൊ ലംഘിക്കുന്ന ഏവനും മൂന്നുമാസംവരെ തടവിനോ, 250 ക വരെ പിഴയ്ക്കോ അഥവാ രണ്ടിനുംകൂടിയോ ശിക്ഷിക്കപ്പെടാവുന്നതാണ്.

"കത്തോലിക്കരും അവരുടെ സന്യാസസഭകളും നടത്തിപ്പോരുന്ന അനേകം സ്ഥാപനങ്ങളെ ഈ നിയമം ബാധിക്കാതിരിക്കുകയില്ലെന്നു മേല്പറഞ്ഞതിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ. യുവതികളുടെ നൊവിഷ്യേററുകൾ, അനാഥശാലകൾ, ശിശുമന്ദിരങ്ങൾ, വൃദ്ധ-അഗതിഭവനങ്ങൾ ആദിയായവയ്ക്കു ഇതനുസരിച്ച് ലൈസൻസ് ആവശ്യമായിവരും. മിഷനറിസംഘടനകൾ സ്ത്രീകളേയും കുട്ടികളേയും സംബന്ധിക്കുന്ന അവരുടെ സേവനത്തിൽ എപ്പോഴും അതീവശ്രദ്ധാലുക്കളായിരിപ്പാൻ നിർബന്ധിതരായിത്തീരുകയും ചെയ്യും. ഇതുവരേയും യാതൊരു സ്റ്റേററും ഈ ആക്ട് നടപ്പാക്കിയിട്ടില്ല. സ്റ്റേററുഗവമ്മെൻറുകൾ ആക്ടനുസരിച്ചുണ്ടാക്കുന്ന നിയമങ്ങളെ സംബന്ധിച്ച് പൊതുജനാഭിപ്രായം ആരായാതിരിക്കുകയില്ലെന്നുവേണം വിചാരിക്കാൻ. നമ്മുടെ അൽമായരും, പ്രത്യേകിച്ച് കത്തോലിക്കാസംഘടനകളും യൂണിയനുകളും, അപ്രകാരം ക്രോഡീകരിക്കപ്പെടുന്ന നിയമങ്ങളെ ശരിയായി പരിശോധിക്കുന്നതിനും, ആക്ടിന്റെ പ്രയോഗം അനാവശ്യമായ ദുർഘടങ്ങൾക്കു കാരണമാകാതിരിക്കത്തക്കവണ്ണം നമ്മുടെ കത്തോലിക്കാസ്ഥാപനങ്ങളുടെ ഉദ്ദേശ്യങ്ങളെ സംബന്ധിച്ച നിലപാട് മേലധികാരികളെ വ്യക്തമായി ധരിപ്പിക്കുന്നതിനും ശ്രദ്ധാലുക്കളായിരിക്കണം. ഈ നിയമനിർമ്മാണത്തിൽ നൂതനമായി കാണുന്ന ഒരു വിചിത്രമായ സംഗതി, ഒരു സ്റ്റേററു് ഗവമ്മെൻറിന്റേയോ ഒരു ലൈസൻസിംഗ് അതോരിട്ടിയുടേയൊ തീരുമാനത്തിൽ പരാതിയുള്ള ആൾക്കു സാധാരണഗതിയിൽ സങ്കടപരിഹാരത്തിനു ഒരു സിവിൽകോടതിയെ ശരണംഗമിക്കുന്നതിനു നിവൃത്തിയില്ല എന്നുള്ളതാണ്."

മേലുദ്ധരിച്ച വസ്തുതകളിൽനിന്നു ഈ നിയമനിർമ്മാണം വലിയൊരു ചിന്താക്കുഴപ്പത്തിൽനിന്നും തെററിദ്ധാരണയിൽനിന്നും രൂപംപ്രാപിച്ചതാണെന്നു കരുതേണ്ടിയിരിക്കുന്നു. ദക്ഷിണേന്ത്യയിൽ മാതൃകാപരമായി നടത്തപ്പെടുന്ന ഏതാദൃശജീവകാരുണ്യസ്ഥാപനങ്ങളെപ്പററിയും അവയുടെ പ്രവർത്തനങ്ങൾ മിക്കവാറും ഏറെറടുത്തു നടത്തിപ്പോരുന്ന സന്യാസിനീസമൂഹങ്ങളുടെ നിസ്വാർത്ഥമായ സേവനത്തെപ്പററിയും, ഇന്ത്യയാകെ പര്യടനംനടത്തി റിപ്പോർട്ടുസമർപ്പിച്ചതായ സോഷ്യൽ- മോറൽ- ഹൈജീൻ കമ്മീററിയും അതിന്റെ അദ്ധ്യക്ഷയായിരുന്ന ശ്രീമതി ധനുവന്തി രാമറാവുവും വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതാണ്. അവരുടെ റിപ്പോർട്ടിൽ വ്യഥാപൂർവ്വം രേഖപ്പെടുത്തിയിട്ടുള്ളതും നിർദ്ദാക്ഷിണ്യം തടയപ്പെടേണ്ടവയാണെന്നു താക്കീതുചെയ്യപ്പെട്ടിട്ടുള്ളതുമായ വടക്കെ ഇന്ത്യയിലെ—ഉത്തരപ്രദേശ്, ബീഹാർ, രാജസ്ഥാൻ, മദ്ധ്യഭാരത് മുതലായ സംസ്ഥാനങ്ങളിലെ—ചില അഴിമതികളായിരിക്കാം ഈ നിയമനിർമ്മാണത്തിനു പ്രേരണനൽകിയിട്ടുള്ളതു്. പക്ഷെ നല്ലനിലയിൽ നടന്നുപോരുന്ന അനേകം സ്ഥാപനങ്ങളെ അതു നിമ്മാജ്ജനം ചെയ്യുന്നതിനിടയാക്കുമെന്നുള്ള വസ്തുതകൂടി അനുസ്മരിക്കപ്പെടേണ്ടതാണ്.

ഇപ്പോൾ ശ്രീ കൈലാസ് ബിഹാരിലാൽ അവതരിപ്പിച്ചിരിക്കുന്നതും പൊതുജനാഭിപ്രായത്തിനുവേണ്ടി പ്രസിദ്ധപ്പെടുത്തപ്പെട്ടിരിക്കുന്നതുമായ "അനാഥമന്ദിര-വിധവാസങ്കേത ബിൽ" മേലുദ്ധരിച്ച വിമൺസ് ആൻറു് ചിൽഡ്റൻസ് ഇൻസ്റ്റിററ്യൂഷൻ ആക്ടിൽനിന്നും എന്തു വ്യത്യസ്തമായ ഉദ്ദേശത്തോടുകൂടിയതാണെന്നു മനസ്സിലാകുന്നില്ല. ആക്ടനുസരിച്ചു ഇക്കാര്യത്തിൽ വേണ്ട നിബന്ധനകൾ ഓരോ സ്റ്റേററിനും നിയമനിർമ്മാണംവഴി ഏപ്പെടുത്താവുന്നതാണല്ലോ. എന്നാൽ ഒരു വ്യത്യാസമുണ്ട്. ആക്ടിൽ അനുവദിച്ചിട്ടുള്ള പരിമിതമായ സ്വാതന്ത്ര്യങ്ങൾപോലും ബിൽ ഹനിച്ചുകളയുന്നു. ഉദാഹരണമായി പ്രസ്തുത സ്ഥാപനങ്ങളിൽ മതബോധനം നടത്തുന്നതിനുള്ള സ്വാതന്ത്ര്യത്തിനു തടസ്സം വരുത്തിയിരിക്കുന്നു. ബില്ലിന്റെ നാലാം വകുപ്പനുസരിച്ചു ഏതെങ്കിലും പ്രത്യേക മതവിഭാഗത്തിന്റെ മതബോധനം നൽകുന്ന സ്ഥാപനങ്ങൾക്കു സ്റ്റേററിന്റെ സഹായത്തിനർഹതയില്ല. അതുപോലെ തന്നെ 11, 12 വകുപ്പുകളിൽ പ്രസ്തുതസ്ഥാപനങ്ങളുടെ മേൽനോട്ടത്തിനും നിയന്ത്രണത്തിനുമായി ഒരു ബോർഡ് സംഘടിപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു. ഓരോ സ്ഥാപനത്തിൽനിന്നും ഓരോ പ്രതിനിധിവീതം അടങ്ങുന്ന അവ്യവസ്ഥിതമായ അംഗസംഖ്യയുള്ള ഒരു ബോർഡാണത്രെ. വീണ്ടും, സ്ഥാപനങ്ങളിലെ അന്തേവാസികളെ ട്രാൻസ്ഫർ ചെയ്യുന്നതിനു ബോർഡു ചെയർമാനെ അധികാരപ്പെടുത്തുന്ന ഒരു 18-ാം വകുപ്പുണ്ട്. ഇങ്ങനെ കർക്കശങ്ങളും അപ്രായോഗികങ്ങളുമായ ഒട്ടുവളരെ വ്യവസ്ഥകളും നിയന്ത്രണങ്ങളും ഉൾപ്പെടുത്തി സൃഷ്ടിക്കുന്ന ഈ ബില്ലു ആർക്കുവേണ്ടിയാണ് എന്നാണ് മനസ്സിലാകാത്തതു്. ജീവകാരുണ്യപരമായ സേവനങ്ങൾ ഏതെങ്കിലും വ്യക്തിയോ സമൂഹങ്ങളോ ഏറെറടുത്തു് നിസ്വാർത്ഥമായും അവശർക്കാശ്വാസമാകത്തക്കവിധത്തിലും നിർവഹിക്കുമ്പോൾ അതിനുവേണ്ട സഹായവും സഹകരണവും ചെയ്യുന്നതിനു പകരം അവയെ തേജോവധം ചെയ്യുന്നതിനുള്ള സംരംഭങ്ങൾ രാജ്യരക്ഷാപരമായ പ്രവർത്തനങ്ങളായിരിക്കുകയില്ലല്ലോ. അനീതികളോ അഴിമതികളോ ശക്തിയുക്തം തടയപ്പെടണം. പക്ഷെ തലവേദന മാററുവാൻ തല വെട്ടിക്കളയുക എന്നുള്ളതല്ലല്ലോ മാർഗ്ഗം. നിസ്വാർത്ഥസേവനത്തെ ബഹുമാനിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും, പ്രവർത്തകരുടെ സ്വാതന്ത്ര്യത്തെ നിഹനിക്കാതിരിക്കുന്നതിനും അധികാരസ്ഥാനത്തുള്ളവർ സന്നദ്ധരായെങ്കിൽ മാത്രമേ ആ പ്രസ്ഥാനങ്ങൾ പുരോഗമിക്കുകയുള്ളു.

## പ്രസാധകക്കുറിപ്പുകൾ

### ഹങ്കറിയിലെ വിപ്ലവം

ഹങ്കറിയിൽ നടമാടിയ ഒക്ടോബർ വിപ്ലവത്തെപ്പററി ഇന്നും അനുകൂലവും പ്രതികൂലവുമായ ആശയഗതികളാണ് പ്രചരിച്ചുകൊണ്ടിരിക്കുന്നതു്. അവിടെ നടന്ന യഥാർത്ഥ സംഭവങ്ങൾ എന്തെല്ലാമാണെന്നു വിശ്വാസയോഗ്യമായ പല കേന്ദ്രങ്ങളിൽനിന്നും ധാരാളം അറിവുകൾ ഇതിനകം ലഭിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിലും അവയെ എല്ലാം ആവരണം ചെയ്യത്തക്കവണ്ണം കമ്മ്യൂണിസ്റ്റ് പ്രചരണങ്ങൾ ശക്തിയായി നടന്നിട്ടുണ്ട്, നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. വളരെക്കാലമായി വിദേശശക്തികൾ അവരുടെ ചാരന്മാർവഴി വിപ്ലവാശയങ്ങൾ ജനങ്ങളിൽ കുത്തിവച്ചതിന്റേയും വിദേശീയായുധങ്ങൾ അവർക്കു നൽകിക്കൊണ്ടിരുന്നതിന്റേയും ഫലമായിട്ടാണ് ഇപ്രകാരം ഒരു വിപ്ലവം ഉണ്ടായതെന്നു് അവർ അതിനെ വ്യാഖ്യാനിക്കുന്നു. ഹങ്കറിയിൽ കൈവന്നതായ സാമ്പത്തികപുരോഗതിയെ തകിടം മറിക്കുന്നതിനു ഫാസിസ്റ്റ് ഗൂഢാലോചനക്കാർ കരുപ്പിടിച്ച ഒരു എതിർവിപ്ലവമാണതെന്നു സ്ഥാപിക്കുവാൻ ശ്രമിക്കുന്നവരുമുണ്ട്. എങ്ങിനേയും ബാഹ്യലോകത്തിനു വസ്തുതാനിരീക്ഷണം നടത്തുന്നതിനോ ഹങ്കറിക്കാർക്കു യാഥാർത്ഥ്യങ്ങളെ പുറമേ അറിയിക്കുന്നതിനോ കഴിവില്ലാത്ത ഒരു ഇരുമ്പുമറയ്ക്കുള്ളിലാണ് ആ ഉപഗ്രഹരാജ്യം സ്ഥിതിചെയ്യുന്നതെന്നുള്ളതുകൊണ്ടു് ഈ വികഥനങ്ങളെ അതർഹിക്കുന്നവിധം ബഹുജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനു കഴിയാതാണിരിക്കുന്നതെന്നു പറയേണ്ടല്ലോ. എന്നാൽ ഐക്യരാഷ്ട്രസംഘടനയിൽനിന്നു നിയോഗിച്ചിരുന്ന പ്രത്യേകകമ്മററിയുടെ ഇടക്കാലറിപ്പോർട്ടു ഇപ്പോൾ പ്രസിദ്ധീകൃതമായിരിക്കുന്നതു് ഏതദ്വിഷയത്തിൽ പല സംശയങ്ങളും പരിഹരിക്കുന്നതിനു സഹായിക്കുന്നതാണ്. വസ്തുതകൾ നേരിട്ടറിയാവുന്നവരും നിലയും വിലയുമുള്ളവരുമായ ഹങ്കറിക്കാരിൽനിന്നു ശേഖരിച്ചിട്ടുള്ള സാക്ഷ്യങ്ങളാണ് കമ്മററിയുടെ ആധാരങ്ങൾ. നാഗിയുടെ ഹ്രസ്വകാലഗവമ്മേണ്ടിൽ ഒരംഗമായിരുന്ന മിസ്സ് അന്ന കെത്ത്ലി, ബുഡാപ്പെസ്റ്റിലെ സൈനികകമാണ്ടറായിരുന്ന മേജർ ജനറൽ ബെക്ക് കിരളി, ബുഡാപ്പെസ്റ്റിലെ മൻമേയറായിരുന്ന മിസ്റ്റർ ജോസഫ് കൊവാഗോ മുതലായ മാന്യന്മാർ അതിൽപെടുന്നു. അവരെല്ലാം ഏകയോഗമായി സാക്ഷ്യപ്പെടുത്തുന്നതു് ഇപ്രകാരമാണ്: പ്രസ്തുത പ്രക്ഷോഭണം ഒരു പ്രതിവിപ്ലവമായിരുന്നില്ല; അതിന്റെ ആരംഭത്തിൽ അതിനു സോവ്യററുയൂണിയനെതിരായ യാതൊരു പരിപാടിയും ഇല്ലായിരുന്നു; അതു പുറമേനിന്നുള്ള പ്രചോദനത്താൽ ഉണ്ടായതോ സഹായത്താൽ നടത്തപ്പെട്ടതോ അല്ല; അതു മുഴുവനായും ജനകീയമായിരുന്നു—വിദ്യാർത്ഥികളും ബുദ്ധിജീവികളും അതു നയിച്ചു. സാവധാനത്തിൽ അതു എല്ലാ ജനവിഭാഗങ്ങളിലും പ്രചരിക്കുകയും ചെയ്തു; സെക്യൂരിററിപോലീസു കൈക്കൊണ്ട നടപടികളാണ് രക്തപ്രവാഹത്തിനും ജീവനാശത്തിനും വഴിതെളിച്ചതു്; ഹങ്കറിക്കാർക്കു മഹായുദ്ധകാലത്തിനുമുമ്പുണ്ടായിരുന്ന സാമ്പത്തികവ്യവസ്ഥിതിയിലേക്കു മടങ്ങണമെന്നും ഉദ്ദേശ്യമില്ലായിരുന്നു; എന്നാൽ അവർ പ്രക്ഷോഭണത്തിനിറങ്ങിയതിൽ അവർക്കുണ്ടായിരുന്ന ലക്ഷ്യങ്ങൾ ഇവയായിരുന്നു:- ഹങ്കറിയുടെ ദേശീയസ്വാതന്ത്ര്യത്തെ മാനിക്കുന്ന ഒരു ഭരണകൂടം ഉണ്ടാകണം; സ്വതന്ത്രവും രഹസ്യവുമായ സമ്മതിദാനാവകാശത്തോടുകൂടിയതുംവിവിധപാർട്ടിപ്രവർത്തനസ്വാതന്ത്ര്യമുള്ളതുമായ ഒരു ജനാധിപത്യക്രമം രൂപവത്കരിക്കണം; മൗലികസ്വാതന്ത്ര്യങ്ങളും മാനുഷികാവകാശങ്ങളും അംഗീകരിക്കപ്പെടണം. വെറും നീതിയെമാത്രം അടിസ്ഥാനപ്പെടുത്തിയുള്ള ഈ അവകാശവാദത്തെയാ

ണ് വിപ്ലവമായി മുദ്രകുത്തി സോവ്യററുമേധാവികൾ പ്രതിരോധിക്കുകയും പൊതുജനസ്വരത്തെ നിശ്ശബ്ദമാക്കുന്നതിനു സായുധസമരത്തിനു രംഗത്തിറങ്ങുകയും ചെയ്തു. വിപ്ലവകാരികളെ അടിച്ചമത്തുന്നതിനു റഷ്യയിൽനിന്നു ടാങ്കുകളും യന്ത്രത്തോക്കുകളും പട്ടാളവും ഇടതടവില്ലാതെ ഹങ്കറിയിലേക്കു പ്രവഹിച്ചു. പാവപ്പെട്ട ജനങ്ങളെ തെരുവീഥികൾതോറും ഭവനങ്ങൾതോറും വേട്ടയാടി. ഈ ഭീകരഭരണമാണു് കാഡാർ ഗവമ്മേണ്ടു് അവിടെ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതു്. ഹങ്കറിയിലെ സ്ഥിതിഗതികളെപ്പററി അന്ധതയിൽ കഴിഞ്ഞുകൂടിയിരുന്ന രാജ്യങ്ങളും ഇപ്പോൾ യാഥാത്ഥ്യങ്ങളെ ഗ്രഹിക്കുന്നതിനു തുടങ്ങിയിട്ടുണ്ടു്. സവ്വരാജ്യസഖ്യം ലോകാഭിപ്രായത്തെ യഥാത്ഥവസ്തുതകൾക്കനുസരിച്ചു രൂപപ്പെടുത്തുന്നതിനും, സോവ്യററുറഷ്യയുടെ ഉപഗ്രഹരാജ്യങ്ങളിൽ അതു നടത്തുന്ന കേൾപ്പോരും കേൾവിയുമില്ലാത്ത മൃഗീയമായ കയ്യേററങ്ങളെ ഫലപ്രദമായി തടയുന്നതിനും വേണ്ടതു പ്രവത്തിക്കുകയെന്നുള്ളതാണു് അവശ്യകരണീയം. എല്ലാ മഹച്ഛക്തികളും അതിൽ ആത്മാത്ഥമായി സഹകരിക്കേണ്ടിയിരിക്കുന്നു. ഐക്യരാഷ്ട്രജനറൽ അസംബ്ളിയിൽ ഇന്ത്യൻ പ്രതിനിധി മി. വി. കെ. കൃഷ്ണമേനോൻ വ്യക്തമായി പ്രസ്താവിച്ചു:- "ഹങ്കറിയിൽ നിലവിലിരുന്ന ഭരണകൂടത്തിനെതിരായി രൂപം പ്രാപിച്ച പ്രക്ഷോഭണം ദേശീയ സ്വാതന്ത്ര്യലബ്ധിക്കുവേണ്ടിയുള്ള ഒരു പ്രസ്ഥാനമായിരുന്നു എന്നു് എൻെറ ഗവമ്മേണ്ടിനു ബോദ്ധ്യമായിക്കഴിഞ്ഞിരിക്കുന്നു." എന്നു്. ഏതാദൃശമായ ബോദ്ധ്യതയും അതനുസരിച്ചു കാര്യക്ഷമമായി പ്രവത്തിക്കുന്നതിനുള്ള സന്നദ്ധതയുമാണു് ഇന്നു ഓരോ രാഷ്ട്രത്തിനുമുണ്ടാകേണ്ടതു്. നീതിനിവ്വഹണത്തിനു അതു വഴി തെളിക്കുന്നതായിരിക്കും.

x x x

## കമ്മ്യൂണിസ്റ്റുപാർട്ടി കേരളഭരണം ഏറെറടുത്തു

ലോകത്തിലെ ആദ്യത്തെ തിരിഞ്ഞെടുക്കപ്പെട്ട കമ്മ്യൂണിസ്റ്റു് ഭൂരിപക്ഷപാർട്ടിയും, ഇന്ത്യയിലെ ആദ്യത്തെ സ്റ്റേററു് ഭരണകക്ഷിയുമായ ഇവിടത്തെ കമ്മ്യൂണിസ്റ്റുപാർട്ടി ഏപ്രിൽ 5-ാംനു- കേരളത്തിൻെറ ഭരണഭാരം കയ്യേററിരിക്കുന്നു. കാലത്തു 12-30 നു് തിരുവനന്തപുരത്തു രാജ്ഭവൻെറ പരിസരത്തിൽ നിമ്മിച്ചിരുന്ന പന്തലിൽവച്ചാണു് ശ്രീ ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടിൻെറ നേതൃത്വത്തിലുള്ള 11 അംഗമന്ത്രിസഭ സത്യപ്രതിജ്ഞ നിവ്വഹിച്ചതു്. മന്ത്രിസഭാംഗങ്ങൾ:- പ്രധാനമന്ത്രി ശ്രീ ഇ. എം. എസ്. നമ്പൂതിരിപ്പാടു് സഹമന്ത്രിമാർ:- മെ: സി. അച്ചുതമേനോൻ, കെ സി. ജോർജ്ജ്, കെ. പി. ഗോപാലൻ, ടി. വി. തോമസ്, പി കെ. ചാത്തൻ, ശ്രീമതി കെ. ആർ. ഗൗരി, ശ്രീ ടി. എ മജീദ്, പ്രൊ: ജോസഫ് മുണ്ടശ്ശേരി, ഡോക്ടർ എ. ആർ. മേനോൻ, ശ്രീ വി. ആർ. കൃഷ്ണയ്യർ എന്നിവരാണു്. സത്യപ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തതു് ഗവണ്ണർ രാമകൃഷ്ണറാവുവാണു്. മന്ത്രിസഭാംഗങ്ങളിൽ ഡോക്ടർ എ. ആർ മേനോനും ശ്രീ വി. ആർ. കൃഷ്ണയ്യരും മാത്രമാണു് ഈശ്വരനാമത്തിൽ വിശ്വാസപ്രതിജ്ഞ ചെയ്തതു്. മററുള്ളവർ ഒമ്പതുപേരും ഈശ്വരനാമം ഉപേക്ഷിച്ചു് വിശ്വാസപ്രതിജ്ഞചെയ്യുകമാത്രമാണുണ്ടായതു്. ഈ ചടങ്ങിൽ പ്രത്യേകം ക്ഷണിതാക്കളായി 200-ൽപ്പരം പ്രശസ്താതിഥികൾ പങ്കുകൊണ്ടു. 2-30 നു് മന്ത്രിമാർ സെക്രട്ടറിയേററിലെത്തി ഉദ്യോഗസ്ഥന്മാരുമായി ഔദ്യോഗികമായി പരിചയപ്പെട്ടു. വൈകുന്നേരം 7 മണിക്കു് തിരുവനന്തപുരം റേഡിയോവഴി പ്രധാനമന്ത്രി ശ്രീ ഇ. എം. എസ്സ്. നമ്പൂതിരി അവർകൾ കേരളജനതയ്ക്കായി ഒരു സന്ദേശം പ്രഖ്യാപനം ചെയ്യുകയുണ്ടായി. കമ്മ്യൂണിസ്റ്റുപാർട്ടി ഭരണം ഏറെറടുക്കുന്നതിനു മുമ്പായി കാലത്തു 8 മണിയോടു കൂടി പാർട്ടിയിലെ നേതാക്കന്മാരും വലിയൊരു ജനവിഭാഗവും പുന്നപ്രകൂടി കേരളകമ്മ്യൂണിസ്റ്റുപാർട്ടിയുടെ ഒരു സ്ഥാപകാംഗമായ, 1949 ആഗസ്റ്റു 19-ാംനു- സപ്പദംശംമൂലം മൃതിയടഞ്ഞ ശ്രീ പി. കൃഷ്ണപിള്ളയുടെ സമാധിസ്ഥലത്തു രക്തഹാരങ്ങൾ അപ്പിക്കുകയും ആ നേതാവിനോടുള്ള ഭക്ത്യാദരങ്ങൾ പ്രകടിപ്പിക്കുകയുംചെയ്തു.

പ്രധാനമന്ത്രിയുടെ സുദീർഘമായ പ്രക്ഷേപണിസന്ദേശത്തിൽ പാർട്ടിയുടെ ഒരു നയപ്രഖ്യാപനത്തിനാണു് പ്രധാനമായും ശ്രമിച്ചിട്ടുള്ളതു്. പ്രതിപക്ഷത്തുനിന്നു ഭരണചെയ്തികളെ വിമർശിക്കുന്നതിനും, പാർട്ടി കേന്ദ്രത്തിൻെറ പ്രേരണകൾക്കനുസരിച്ചു് വിപ്ലവങ്ങളും കലാപങ്ങളും സൃഷ്ടിക്കുന്നതിനും, കമ്മ്യൂണിസ്റ്റുപാരമ്പര്യത്തിൽ നിരത്ഥകമായ വാഗ്ദാനങ്ങൾകൊണ്ടു് പൊതുജനങ്ങളെ ആവേശംകൊള്ളിക്കുന്നതിനുംമാത്രം ശീലിച്ചിട്ടുള്ള ഒരു കക്ഷിക്കു് ഉത്തരവാദിത്വപൂവ്വകമായ ഒരു ഭരണഭാരം ഏറെറടുക്കേണ്ടിവന്നിരിക്കുന്നതു് ഉൾക്കിടിലമുളവാക്കുന്ന ഒന്നാണെന്നു ഈ പ്രഖ്യാപനത്തിൻെറ പൊതുവായ സ്വരത്തിൽ പ്രതിധ്വനിക്കുന്നുണ്ടു്. ജനതയോടുത്തരവാദിത്വപ്പെട്ട ഡെമോക്രസിയുടേയും സ്വേച്ഛാധിപത്യപരമായ കമ്മ്യൂണിസ്റ്റുതത്വമീമാംസയുടേയും മദ്ധ്യത്തിൽനിന്നു അദ്ദേഹം വളരെ സാഹസപ്പെട്ടാണു് പ്രത്യക്ഷത്തിൽ എല്ലാവക്കും സ്വീകാര്യമായവിധം ഈ നയപ്രഖ്യാപനസന്ദേശം ക്രോഡീകരിക്കുന്നതിനു ശ്രമിച്ചിട്ടുള്ളതു്. "ഞങ്ങളിപ്പോൾ ഏറെറടുത്തിട്ടുള്ള ചുമതല ഭാരമേറിയതാണെന്നു ഞങ്ങൾക്കറിയാം. പ്രശ്നസംസ്ഥാനമെന്നു പേർവിളിക്കപ്പെടുന്ന ഒരു സംസ്ഥാനത്തിൻെറ ഭരണം നടത്തുകയെന്നതു് ആക്കും സുകരമായ ഒരു ജോലിയല്ല. ഞങ്ങളിൽ പലക്കുമാകട്ടെ, ഭരണം നടത്തുന്നതു സംബന്ധിച്ചു് പറയത്തക്ക പരിചയമില്ലതാനും. പോരെങ്കിൽ ഞങ്ങൾ തികച്ചും ഇഷ്ടപ്പെടാത്ത ഒട്ടനവധി നിയമങ്ങളും നടപടിക്രമങ്ങളും ചട്ടങ്ങളും മററുമടങ്ങുന്ന ഒരു ഭരണവ്യവസ്ഥയുടെ ചട്ടക്കൂട്ടിനകത്തുനിന്നുകൊണ്ടുവേണം ഞങ്ങൾ പ്രവത്തിക്കാൻ" എന്നാണു് അദ്ദേഹം നയപ്രഖ്യാപനം സമാരംഭിക്കുന്നതു്. കമ്മ്യൂണിസ്റ്റുപാർട്ടിയുടെ തിരിഞ്ഞെടുപ്പുവിജ്ഞാപനം പെട്ടെന്നു നടപ്പിൽ വരുത്തുമെന്നു ആരും വ്യാമോഹിക്കരുതെന്നും, എന്നാൽ ആ പരിപാടിയിൽ ഉറച്ചുനിന്നു പടിപടിയായി അവ നടപ്പിൽ വരുത്തുന്നതാണെന്നും, മന്ത്രിസഭയുടെപേക്കു് അദ്ദേഹം പൊതുജനങ്ങളെ അറിയിക്കുന്നുണ്ടു്. രാജ്യക്ഷേമകരമായ പദ്ധതികളോരോന്നും നടപ്പിലാക്കുന്നതിനു് അദ്ദേഹം രാജ്യത്തെ എല്ലാ പൗരന്മാരുടേയും വിവിധ പാർട്ടികളുടേയും സഹകരണവും നിർദ്ദേശങ്ങളും അഭ്യത്ഥിക്കുന്നുണ്ടു്. നാട്ടിൻെറ നന്മയെ ലക്ഷ്യമാക്കിയുള്ളതും ജനകീയാദർശാനുയോജ്യമായതുമായ നല്ല നല്ല പ്രസ്ഥാനങ്ങളെ ദേശഭക്തിയുള്ള യാതൊരു പൗരനും പാർട്ടിയും വിഘാതപ്പെടുത്തുമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. എന്നാൽ രാഷ്ട്രപിതാവായ മഹാത്മജിയുടെ നേതൃത്വത്തിൽ സമ്പാദിച്ചതും ബാല്യദശയിൽതന്നെ ലോകാദരത്തിനും പ്രശംസക്കും പാത്രീഭവിച്ചതുമായ ആർഷഭാരതത്തിൻെറ സംസ്കാരസ്വാതന്ത്ര്യാദികൾ ഒരു വിദേശശക്തിയുടെ നുഴഞ്ഞുകയററത്തിനു നിദാനമാകത്തക്കവണ്ണം അപകടപ്പെടുത്താതിരിക്കുവാൻ ഇവിടെ ഭരണം കൈയേല്ക്കുന്ന കമ്മ്യൂണിസ്റ്റുപാർട്ടി പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടെന്നുള്ള മൗലികതത്വം ഈ അവസരത്തിൽ ഭരണകക്ഷിയേയും പ്രതിപക്ഷപാർട്ടികളേയും ബഹുജനങ്ങളേയും ഞങ്ങൾ അനുസ്മരിപ്പിച്ചുകൊള്ളുന്നു. പൂവ്വയൂറോപ്യൻരാജ്യങ്ങളുടെ ദാരുണാനുഭവങ്ങളേയും നമ്മുടെതന്നെ അയൽരാജ്യങ്ങളുടെ ചരിത്രപരിവത്തനങ്ങളേയും കൺമുമ്പിൽവച്ചുകൊണ്ടു് നമുക്കു ഓരോ അടിയും മുന്നോട്ടുവയ്ക്കാം.

### ജപാപ്പസ്തോലസഖ്യത്തിൻെറ ഏപ്രിൽമാസത്തെ പൊതുനിയോഗം

"കുമ്പസാരമെന്ന കൂദാശയെ യഥാർഹം വിലമതിക്കുന്നതിനും കൂടക്കൂടെ സ്വീകരിക്കുന്നതിനും"

### വേദപ്രചാരനിയോഗം

"കോംഗോയിലും റുആണ്ഡാ ഉറുണ്ഡിയിലുമുള്ള കത്തോലിക്കാ വിദ്യാലയങ്ങൾക്കുവേണ്ടി."

### അടുത്തയാഴ്ചയിൽ

ഏപ്രിൽ
- 11 വ്യാ: വി. ലെയോൻ
- 12 വെ: ക. മറിയത്തിൻെറ ഏഴ് വ്യാകുലങ്ങൾ
- 13 ശ: വി. ഹെർമനഗിൽ ദോസ്
- 14 ഞാ: ഓശാന ഞായർ
- 15 തി: വി. ഗൊൺസാലെസ്
- 16 ചൊ: വി. വിനസന്തി യോസ്
- 17 ബു: വി. അനിസേതോസ്

# വിവിധവൃത്താന്തങ്ങൾ

## കമ്മ്യൂണിസ്ററുകാർക്കു പററിയ അമളി

ചൈനായിലെ കമ്മ്യൂണിസ്റ്റുകാർ ഷാൻഗായി രൂപതയുടെ വൈക്കർ കാപ്പിററുലർ ആയി "സ്വതന്ത്രസഭ"യിൽപെട്ട ഫാദർ ചാങ്ങ്-സി-ലിയാങ്ങ എന്ന വൈദികനെ നിയമിക്കുകയുണ്ടായല്ലോ. (ഷാൻഗായി ബിഷപ്പ് മോൺ: കുങ്ങ് പിൻമെൽ ഇപ്പോൾ കമ്മ്യൂണിസ്റ്റ് ജയിലിലാണു്.) പക്ഷേ പുതിയ വൈക്കർ കാപ്പിററുലർ തടവിൽ കിടക്കുന്ന മെത്രാനോടും പരിശുദ്ധ സിംഹാസനത്തോടും തനിക്കുള്ള വിധേയത്വം പരസ്യമായി പ്രഖ്യാപിച്ചിരിക്കുന്നു. സ്വതന്ത്രകത്തോലിക്കരുടെ ഒരു യോഗത്തിൽ അദ്ദേഹം പ്രഖ്യാപിച്ചു: ഷാൻഗായി രൂപതയുടെ യഥാർത്ഥമെത്രാൻ തടങ്കലിലാണു്. ഞാൻ അദ്ദേഹത്തിനു പകരം, അദ്ദേഹത്തിനുവേണ്ടി ഭരണം നടത്തുന്നുവെന്നുമാത്രം. ജനക്കൂട്ടം ഹസ്തതാഡനത്താൽ ആ പ്രഖ്യാപനത്തെ അനുകൂലിച്ചു. ഷാൻഗായി രൂപതയുടെ യഥാത്ഥ വൈക്കർ കാപ്പിററുലറും ഇപ്പോൾ ജയിലിലാണു്.

## പോളീഷ് കർദ്ദിനാൾ റോമിലേക്കു്

പോളണ്ടിൻെറ പ്രൈമേററായ കർദ്ദിനാൾ വിഷിൻസ്കിയും മൂന്നു മെത്രാന്മാരും കൂടി മേയ് ആദ്യവാരത്തിൽ റോമാ സന്ദർശിക്കുന്നതാണു്. ഏതാനും ആഴ്ചകൾ അവർ ഇററലിയിൽ സഞ്ചരിക്കുന്നതായിരിക്കും. പരിശുദ്ധ പിതാവു തിരുമനസ്സിലെ മെത്രാൻ പട്ടാഭിഷേകത്തിൻെറ 40-ാം വത്സരപൂത്തി സംബന്ധിച്ച ആഘോഷങ്ങളിൽ അവർ സംബന്ധിക്കുന്നതാണു്. പോളണ്ടിലെ സഭയുടെ ഇന്നത്തെ സ്ഥിതിഗതികളെപ്പററിയും, സഭയും രാഷ്ട്രവും തമ്മിൽ ഉണ്ടായിരിക്കുന്ന ബന്ധത്തെപ്പററിയും കർദ്ദിനാൾ തിരുമേനി മാപ്പാപ്പായ്ക്കു റിപ്പോർട്ടു സമപ്പിക്കുന്നതാണു്. വത്തിക്കാനും പോളണ്ടും തമ്മിൽ നയതന്ത്രബന്ധം പുനരാരംഭിക്കത്തക്ക പരിതസ്ഥിതി ഉണ്ടായിട്ടുണ്ടോയെന്നു് ഇന്നത്തെ സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ പര്യാലോചിക്കുന്നതായിരിക്കും.

## കണ്ണിൽ മനുഷ്യരൂപം

മെക്സിക്കോയിൽ ഗ്വാഡലൂപ്പിൽ മാതാവിൻെറ ഒരു എണ്ണച്ഛായാചിത്രമുണ്ടു്. ഈ ചിത്രത്തിനു ഉപയോഗിച്ചിരിക്കുന്ന ചായം അസാധാരണമായിട്ടുള്ളതാണെന്നും അമ്ലപരീക്ഷണങ്ങൾകൊണ്ടൊന്നും അതിൻെറ നിറത്തിനു മാററംവരുന്നില്ലെന്നും തെളിഞ്ഞിട്ടുണ്ടു്. അതിൻെറ നീലനിറം ചില പുഷ്പങ്ങളിൽമാത്രം കാണുന്നതാണെന്നും അത്തരം നിറം ഉണ്ടാക്കുവാൻ ഇതേവരെ മനുഷ്യനു സാധിച്ചിട്ടില്ലെന്നുമുള്ളതു് ഒരു വസ്തുതയാണു്. ആ ചിത്രത്തെപ്പററി പഠനം നടത്തിക്കൊണ്ടിരുന്ന ശാസ്ത്രകാരന്മാർ ആ ചിത്രത്തിൻെറ രണ്ടു കൃഷ്ണമണികളിലും ഓരോ മനുഷ്യരൂപമുണ്ടെന്നു് ഇപ്പോൾ കണ്ടുപിടിച്ചിരിക്കുന്നു. ഇതേവരെ ആരുടേയും ശ്രദ്ധയിൽ പെടാതിരുന്നതാണിതു്. അണുദർശിനികൾവച്ചു പരിശോധിച്ചതിൽ ആ രണ്ടു മനുഷ്യചിത്രങ്ങളും ഒന്നുപോലെയാണെന്നും അതു ജുവാൻ ഡീഗോ എന്നയാളുടെ ചിത്രത്തോടു സാധമ്മ്യംവഹിക്കുന്നുവെന്നും തെളിഞ്ഞിരിക്കുന്നു. ശാസ്ത്രകാരന്മാർ അവരുടെ നിരീക്ഷണങ്ങൾ തുടന്നുകൊണ്ടിരിക്കുകയാണു്.

## ചിത്രത്തിൻെറ ഉത്ഭവം

ഈ ചിത്രത്തിൻെറ ഉത്ഭവം ഇങ്ങനെയാണു്. ജുവാൻ ഡീഗോയ്ക്കു പരിശുദ്ധ കന്യകമറിയം അനേകംതവണ പ്രത്യക്ഷപ്പെടുകയും ആയാൾ ആ വിവരം അപ്പഴപ്പോൾ സ്ഥലത്തെ മെത്രാനെ അറിയിക്കുകയും ചെയ്തിരുന്നു. മെത്രാനാകട്ടെ ഒരു അടയാളം കാണണമെന്നു ആവശ്യപ്പെട്ടു. പരിശുദ്ധ കന്യകമറിയം ജുവാനോടു് പുല്ലുപോലും മുളയ്ക്കാതെ സമീപത്തുണ്ടായിരുന്ന ഒരു കുന്നിൽചെന്നു് അവിടെ കാണുന്ന റോസപ്പൂക്കൾ ശേഖരിച്ചുകൊണ്ടുവരുവാൻ പറഞ്ഞു. ജുവാൻ അതുപോലെ ചെയ്തു. പരിശുദ്ധ കന്യകതന്നെ ആ പൂക്കൾ ജുവാൻെറ മേലങ്കിയിൽ അടുക്കിവച്ചു് അവ അതുപോലെതന്നെ മെത്രാനു കൊണ്ടുപോയി കൊടുക്കുവാൻ പറഞ്ഞു. ജുവാൻ മെത്രാൻെറ അടുക്കൽചെന്നു പൂക്കൾ താഴെയിട്ടപ്പോൾ, പൂക്കൾ അടുക്കിയിരുന്ന ഭാഗത്തു് മേലങ്കിയിൽ ആൾ വലുപ്പത്തിലുള്ള പരിശുദ്ധ കന്യകയുടെ ഒരു ഛായ ചിത്രീകരിക്കപ്പെട്ടിരുന്നു. ഇതാണു് ഗ്വാഡലൂപ്പുമാതാവിൻെറ പ്രസിദ്ധമായ ചിത്രം.

## സിറിയാക്കൂസിൽ ബസ്ലീക്കാ

സിസിലിയിലെ സിറിയാക്കൂസ് തുറമുഖത്തു് ഇരുപതിനായിരംപേക്കു് ഇരിക്കത്തക്ക വലുപ്പമുള്ളതും, 426 അടി ഉയരമുള്ളതുമായ ഒരു ബസ്ലീക്കാ പണിയുന്നതിനു തീരുമാനിച്ചിരിക്കുന്നു. സിറിയാക്കൂസിലെ പ്രസിദ്ധമായ "കരയുന്ന കന്യകാമാതൃസ്വരൂപം" ഈ ബസ്ലീക്കായിൽ സ്ഥാപിക്കുന്നതാണു്. 1953 ലാണു് ഈ മാതൃസ്വരൂപത്തിൽനിന്നു കണ്ണുനീർ പ്രവഹിക്കുന്നതായി കാണപ്പെട്ടതു്. അനേകായിരങ്ങൾ ഈ അത്ഭുതം വന്നു കാണുകയുണ്ടായി. അവരുടെ സംഭാവനകൾകൊണ്ടാണു് ബസ്ലീക്കാ നിമ്മിക്കുന്നതു്. ഈ സ്വരൂപത്തിൻെറ നേത്രങ്ങളിൽനിന്നു പ്രവഹിക്കുന്ന ജലം പരിശോധിച്ച ശാസ്ത്രകാരന്മാർ അതു മനുഷ്യരുടെ കണ്ണുനീരിൻെറ എല്ലാ രാസികഘടകങ്ങളോടുംകൂടിയതാണെന്നു പ്രസ്താവിച്ചിട്ടുണ്ടു്.

## മൗനപ്രദക്ഷിണം

ലോകത്തിൻെറ ഏതുഭാഗത്തും പീഡനമനുഭവിച്ചുകൊണ്ടിരിക്കുന്ന സഭയ്ക്കുവേണ്ടി ലണ്ടനിലെ തെരുവീഥികളിലൂടെ മുപ്പതിനായിരത്തിൽപ്പരം കത്തോലിക്കർ പ്രാത്ഥനാനിരതരായി ഒരു മൗനപ്രദക്ഷിണം നടത്തിയിരിക്കുന്നു. ഇവർ എല്ലാവരും ഹൈഡ്പാക്കിൽ സമ്മേളിച്ചു. ഈ പരിഹാരപ്രദക്ഷിണത്തിൻെറ ഉദ്ദേശ്യത്തേയും പ്രയോജനത്തേയും വിശദീകരിച്ചു് ഒരു പ്രസംഗംനടന്നു. അവിടെനിന്നും ആറുവരിയായി വെസ്റ്റ്മിനിസ്റ്റർ ഭദ്രാസനദേവാലയത്തിലേക്കു് ഈ ഘോഷയാത്ര നീങ്ങി. 16 വയസ്സിനുമേൽ പ്രായമുള്ള പുരുഷന്മാർ മാത്രമേ ഘോഷയാത്രയിൽ സംബന്ധിച്ചിരുന്നുള്ളു. എല്ലാവരുടേയും കൈയിൽ ജപമാലയുണ്ടായിരുന്നു. വെസ്റ്റ്മിനിസ്റ്റർ ഭദ്രാസനദേവാലയത്തിൽവച്ചു നടത്തപ്പെട്ട ദിവ്യകാരുണ്യവാഴ്വോടുകൂടി ചടങ്ങുകൾ അവസാനിച്ചു.

## അയർലൻഡിൻെറ ഏകീകരണത്തിനു്

മുപ്പത്തഞ്ചുകൊല്ലംമുൻപു അയർലൻഡു സ്വാതന്ത്ര്യം പ്രാപിച്ചപ്പോൾ ഉത്തരഅയർലൻഡിലെ 6 കൗണ്ടികൾ അതിൽ ചേരാതെ പ്രത്യേകം വേർതിരിഞ്ഞു് ബ്രിട്ടീഷ്ഭരണത്തിൽ തുടന്നുപോരികയാണല്ലോ. ഉത്തരദക്ഷിണഅയർലൻഡുകൾ തമ്മിൽ ഏകീകരിക്കുന്നതിനുള്ള ഒരു പദ്ധതി ഐറിഷ


## ചെറുപുഷ്പസന്യാസസഭ

അനാഥാലയങ്ങൾ, സ്കൂളുകൾ, വ്യവസായശാലകൾ, ഗ്രാമോദ്ധാരണകേന്ദ്രങ്ങൾ മുതലായ സ്ഥാപനങ്ങൾവഴി പൊതുജനങ്ങളുടേയും, പ്രത്യേകിച്ചു് സാധുബാലന്മാരുടേയും ഉദ്ധാരണത്തെ മുൻനിത്തി പ്രവത്തനംചെയ്യുന്ന ചെറുപുഷ്പസന്യാസസഭയിൽ ചേന്നു ദൈവസേവനം ചെയ്വാൻ ആഗ്രഹിക്കുന്ന ചെറുപ്പക്കാർ താഴെപറയുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക. വൈദികാർത്ഥികൾ സ്കൂൾഫൈനൽ പരീക്ഷയെങ്കിലും പാസ്സായിരിക്കണം. സഹോദരാത്ഥികളുടെ കുറഞ്ഞ യോഗ്യത നാലാം ഫാറമാണു്.

Very Rev. Fr. Superior, Little Flower Congregation
Mookkannur P. O., Via Angamaly.

ഐപ്രമററായ കർദ്ദിനാൾ ഡാൾട്ടൻ തിരുമേനി ആവിഷ്ക്കരിച്ചിരിക്കുന്നു. ഇരുഭാഗക്കാരും ചില വിട്ടുവീഴ്ചകൾ ചെയ്യണമെന്നും, ഫെഡറൽഅടിസ്ഥാനത്തിൽ യോജിക്കണമെന്നും, അങ്ങനെ സംയുക്തമായിത്തീരുന്ന അയർലൻഡ് ഇൻഡ്യയെപ്പോലെ കോമൺവെൽത്തിലെ ഒരംഗമായി തുടരണമെന്നുമാണ് തിരുമനസ്സിലെ നിർദ്ദേശങ്ങളുടെ ചുരുക്കം. മാൻചെസ്റ്റർ ഗാർഡിയൻപോലെയുള്ള പത്രങ്ങൾ ഈ പദ്ധതിയെ സ്വാഗതം ചെയ്യുന്നുണ്ട്. ചില യാഥാസ്ഥിതികമെമ്പറന്മാർ ഇതേപ്പററി പാർലമെൻറിൽ ചർച്ച നടത്തുന്നതാണ്.

## അത്ഭുതങ്ങളെപ്പററി പഠിക്കുന്നു

ഒരുഗണം പ്രശസ്തരായ ഇററാലിയൻ ശാസ്ത്രകാരന്മാർ നമ്മുടെ കർത്താവു ചെയ്തിട്ടുള്ള അത്ഭുതങ്ങളെപ്പററി ശാസ്ത്രീയമായ പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. ഒരു അത്ഭുതത്തെപ്പററി—ലാസറിൻെറ ഉയിർപ്പിനെപ്പററി—യുള്ള അവരുടെ നിഗമനം ഇപ്പോൾ പ്രഖ്യാപിതമായിട്ടുണ്ട്. അതിനു ശാസ്ത്രീയമായ യാതൊരു വിശദീകരണവും നൽകുക സാദ്ധ്യമല്ലായെന്നാണ് ശാസ്ത്രകാരന്മാരുടെ ഏകകണ്ഠമായ അഭിപ്രായം. ഒരു അവയവം യഥാർത്ഥത്തിൽ മരിച്ചുകഴിഞ്ഞാൽ പിന്നെ, അതു ജീവിക്കുക സ്വാഭാവികമായി സാദ്ധ്യമല്ലായെന്ന് ഒരു ശാസ്ത്രജ്ഞൻ പ്രസ്താവിച്ചിരിക്കുന്നു. മററു അത്ഭുതങ്ങളെപ്പററിയും അവർ പഠനം തുടർന്നുകൊണ്ടിരിക്കുകയാണ്.

## വിശപ്പിനെതിരായി സമരം

വിശപ്പിനെതിരായ സമരത്തിനുവേണ്ടി തങ്ങൾ ഒരു ലോകസംഘടന തുടങ്ങുവാൻ പോകുകയാണെന്ന് പാരീസിലെ സുപ്രസിദ്ധനായ ആബെ പീയറേയും ഐക്യരാഷ്ട്ര ഭക്ഷ്യകൃഷി സംഘടനയുടെ ഒരുമുൻപ്രസിഡണ്ടായ പ്രൊഫസർ ജോസ് ഡി കാസ്ട്രോയും കൂടി ഫ്രഞ്ചു പത്രങ്ങൾക്കു നൽകിയ ഒരു പ്രസ്താവനയിൽ പ്രസ്താവിച്ചിരിക്കുന്നു. ലോകത്തിലെ എല്ലാ രാജ്യങ്ങളിലെയും വിശപ്പുപ്രശ്നത്തെക്കുറിച്ച് അതു പഠനം നടത്തുന്നതാണ്. ഐക്യരാഷ്ട്ര ഭക്ഷ്യകൃഷി സംഘടന ഇന്നു തളർന്നു കിടക്കുകയാണെന്നും, ഐക്യരാഷ്ട്ര സമിതിയുടെ—അതാണു തീരുമാനങ്ങളെടുക്കേണ്ടത്—പ്രവൃത്തിമാന്ദ്യമാണ് അതിനു കാരണമെന്നും പ്രൊഫസർ ഡി കാസ്ട്രോ പ്രസ്താവിച്ചു. രാഷ്ട്രീയകാരണങ്ങളാൽ മററുള്ളവക്കു ചെയ്യുക സാദ്ധ്യമല്ലാത്ത തീരുമാനങ്ങൾ എടുക്കുന്നതിനു പററിയ അന്താരാഷ്ട്രീയമായ ഒരു സംഘടനയാണ് ആവശ്യമെന്ന് അദ്ദേഹം പറഞ്ഞു. ഉല്പാദനം കുറയ്ക്കുവാൻ നിർബന്ധിതരാകുന്ന കൃഷിക്കാർക്കു നഷ്ടപരിഹാരമായി അമേരിക്ക കൊടുക്കുന്നതുകസംഖ്യ ഈ സംഘടനയെ ഏല്പിക്കണമെന്നും, അപ്പോൾ കൃഷിക്കാർ കൂടുതൽ ഉല്പാദിപ്പിക്കുകയും, അതു വിലയ്ക്കുവാങ്ങി, ദുർഭിക്ഷരാജ്യങ്ങൾക്കു കൊടുക്കുവാൻ സംഘടനയ്ക്കു സാധിക്കുകയും ചെയ്യുമെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു.

## അന്ധനും വൃദ്ധനുമായ മെത്രാൻ

ചൈനായിൽ ഹെയ്നാനിലെ മെത്രാനായ മോൺ: സൈമൺ ത്സു എസ്. ജെ. യ്ക്കു 90 വയസ്സു പ്രായമായി. ഒരുകണ്ണു പൊട്ടിപ്പോകുകയും ചെയ്തു. എന്നിട്ടും ചൈനീസ് കമ്മ്യൂണിസ്റ്റുകാർ അദ്ദേഹത്തെ ഭയപ്പെടുകയാണ്. 18 മാസങ്ങൾക്കുമുമ്പ് അവർ അദ്ദേഹത്തിൻെറ വസതിയിൽ ഒരു തടവുകാരനാക്കി കാവൽ ഏർപ്പെടുത്തി. മററാരുമായും ആശയവിനിമയം ചെയ്യുവാൻ അദ്ദേഹത്തെ അനുവദിച്ചിരുന്നില്ല. ചൈനയിലെ "സ്വതന്ത്രസഭ"യോട് അനുകൂലിക്കുവാൻ വളരെ സമ്മർദ്ദം അദ്ദേഹത്തിൻെറമേൽ ചെലുത്തിയെങ്കിലും അദ്ദേഹം തെല്ലും കുലുങ്ങിയില്ല. ഇപ്പോൾ വസതിവിട്ട് പുറത്തുപോകുവാൻ അദ്ദേഹത്തിന് അനുവാദം നൽകിയിട്ടുണ്ടെങ്കിലും എപ്പോഴും കാവലുണ്ട്. പതിനൊന്നാം പീയൂസുമാർപ്പാപ്പാ 1926-ൽ റോമയിൽവെച്ചു അഭിഷേകം ചെയ്ത ആദ്യചൈനീസു മെത്രാന്മാരിൽ ഒരാളാണു ബിഷപ്പ് സൈമൺ ത്സു തിരുമേനി.

## കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

Alley Vettikkel
Thiruvampady

## കർദ്ദിനാളിൻെറ ധ്രുവ പര്യടനം

ജർമ്മനിയിൽ കൊളോണിലെ കർദ്ദിനാൾ ഫ്റിൻജസ് തിരുമേനി അടുത്ത മേയ്മാസത്തിൽ ജപ്പാൻ സന്ദർശിക്കുന്നതാണ്. ഉത്തരധ്രുവപ്രദേശത്തിലൂടെ പര്യടനം ചെയ്യുന്ന ഒന്നാമത്തെ കർദ്ദിനാൾ തിരുമേനിയായിരിക്കും. ധ്രുവപ്രദേശത്തിലൂടെ ഒരു പര്യടനമാർഗ്ഗം ഉൽഘാടനം ചെയ്യപ്പെട്ടതു് അടുത്തകാലത്താണ്. അതിലൂടെ തിരുമേനി വിമാനമാർഗ്ഗം ടോക്കിയോയിലെത്തും. ടോക്കിയോ മെത്രാപ്പോലീത്താ തിരുമനസ്സിലെ ക്ഷണമനുസരിച്ച്, അവിടെയെത്തുന്ന കർദ്ദിനാൾ തിരുമേനി മൂന്നാഴ്ചയോളം ജപ്പാനിൽ പര്യടനം നടത്തും. ജപ്പാനിലെ വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിലേക്കു 3 ലക്ഷം മാർക്കിൻെറ ഒരു സംഭാവന കൊളോൺരൂപതക്കാർ ടോക്കിയോ മെത്രാപ്പോലീത്തായ്ക്കു നൽകുന്നുണ്ടല്ലോ. കർദ്ദിനാൾ തിരുമേനി ഈ സംഭാവന നേരിട്ട് ടോക്കിയോമെത്രാപ്പോലീത്തായെ ഏല്പിക്കുന്നതിനാണു തീരുമാനിച്ചിരിക്കുന്നതു്.





## വിദേശവാർത്തകൾ

റോമിലുള്ള പോളീഷ് സൈനികപ്രമുഖർ വിശുദ്ധ ജോൺ കാപ്പിസ്ട്രാനെ യൂറോപ്പിൻെറ അപ്പസ്തോലനായി പ്രഖ്യാപിക്കണമെന്നു മാർപ്പാപ്പാ തിരുമേനിയോടു് അഭ്യർത്ഥിച്ചിരിക്കുന്നു. തുർക്കികൾക്കെതിരായി ബെൽഗ്രേഡ് സമരത്തിൽ പങ്കെടുത്ത അദ്ദേഹം മരിച്ചിട്ട് 500 കൊല്ലം തികയുകയാണ്.

—റഷ്യക്കാർ അറസ്റ്റു ചെയ്തു നാടുകടത്തിയിരുന്ന ബർലിനിലെ ഉക്രേനിയന്മാരുടെ അപ്പസ്തോലിക്കു് വീസിററായ മോൺ: പീററർ വെർഹൽ സൈബീരിയായിൽ കിടന്നു നിര്യാതനായിരിക്കുന്നു.

—സുപ്രസിദ്ധ സ്പാനിഷ് ഫുട്ബോൾ കളിക്കാരനായ മി മിഗ്വൽ സെറിയാനോ അഗസ്റ്റിനിയൻ സന്യാസസഭയിൽ ചേരുന്നതിനു തീരുമാനിച്ചിരിക്കുന്നു.

—ഒരു ഇററാലിയൻ ബാലവിശുദ്ധനായ ഡോമിനിക് സാവ്യോയുടെ ചരമശതാബ്ദസ്മാരകമായി വത്തിക്കാൻസിററി 4 തരം സ്റ്റാമ്പുകൾ പുറപ്പെടുവിച്ചിരിക്കുന്നു.

—ബാഗ്ദാദ് ഉടമ്പടിയുടെ സ്ഥിരം കൗൺസിൽ മേയ് അവസാന വാരത്തിൽ കറാച്ചിയിൽ വെച്ചു കൂടുന്നതാണ്.

—ഹംഗറിയിലെ ജനങ്ങളെ മുഴുവൻ പരിശോധിക്കുന്നതിനു കമ്മ്യൂണിസ്റ്റ് പോലീസ് ഉത്തരവിട്ടിരിക്കുന്നു. കഴിഞ്ഞ ഒക്ടോബർ വിപ്ലവത്തിൽ ചേർന്നവരെയെല്ലാം വേട്ടയാടുകയെന്നതാണ് ലക്ഷ്യം.





ഉദ്ദിഷ്ടകാര്യം സാധിച്ചതിനു നന്ദി.

Mrs. Mariamma Vellappally
പേരൂർ

## കൽക്കത്താ നിങ്ങളെ വിളിക്കുന്നു!

പ്രേഷിതശുശ്രൂഷാന്തിയാൽ പ്രോജ്വലിക്കുന്ന യുവത്തിടമ്പുകളെ വരുവിൻ !

ഈശോസഭയുടെ വീരസന്താനങ്ങളായി കൽക്കത്താ മിഷ്യനിൽ പ്രേഷിതവൃത്തി നടത്തുവാൻ വെമ്പൽകൊള്ളുന്ന യുവാസൂനങ്ങൾക്ക് ഒരു സുവർണ്ണാവസരം.

സ്കൂൾഫൈനലെങ്കിലും പ്രശസ്തമായി ജയിച്ചിട്ടുണ്ടെങ്കിൽ, അഥവാ ഇക്കൊല്ലം ജയിക്കുമെന്നു പ്രതീക്ഷയുണ്ടെങ്കിൽ താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ ഉടൻ അപേക്ഷിക്കുക :

Very Rev. Fr. Vice-Provincial,
32 Park Street, Calcutta-13

—ഇൻഡ്യാ ഗവമ്മെൻറുമായി ചർച്ച് നടത്തുന്നതിനു ബ്രിട്ടനിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ ശ്രീമതി വിജയലക്ഷ്മി പണ്ഡിററ് ഏപ്രിൽ 12-ാം തീയതി ഡൽഹിയിലേക്കു പുറപ്പെടുന്നതാണ്.

—സൂയസ് കനാൽ പ്രവർത്തനം സെക്യൂരിററി കൗൺസിൽ അംഗീകരിച്ച 6 തത്വങ്ങൾക്കനുസൃതമായിരിക്കണമെന്ന് അമേരിക്ക ഈജിപ്റ്റിനെ അറിയിച്ചിരിക്കുന്നു.

—ഐക്യരാഷ്ട്ര മനുഷ്യാവകാശ കമ്മീഷൻെറ ചെയർമനായി ഫിലിപ്പൈൻ പ്രതിനിധി ഫെലിക്സ് ബർട്ടോ സെറാനോയെ എതിരില്ലാതെ തിരഞ്ഞെടുത്തിരിക്കുന്നു.

(12-ാംപേജ് തുടർച്ച)

കൊള്ളാമെന്ന്. ആരുമേതുമില്ലാത്ത താൻ ഒരു കത്തോലിക്കനായാൽ അന്ത്യകാലത്തു തന്നെ വല്ലവരും സഹായിക്കയും ശുശ്രൂഷിക്കയും ചെയ്യുമെന്നുള്ള ആശയും അയാളിൽ മുന്നിട്ടുനിന്നു. ജോയിയുടെ സ്നേഹത്തിൽ അതു നാമ്പെടുത്തു. കത്തോലിക്കാസഭയെപ്പററി പഠിച്ചപ്പോൾ അതു കൂടുതൽ ശക്തിപ്പെടുകയുംചെയ്തു.

കാലങ്ങൾ പിന്നെയും കുറേക്കൂടി കടന്നുപോയി. ജോയിയുടെ ഉപദേശവും സഹായവും കിട്ടുക്കിഴവനിൽ നന്നായി ഫലിച്ചു. മാമ്മോദീസാ സ്വീകരിക്കുന്നതിനു തന്നെ തീരുമാനിച്ചു.

ഒരുദിവസം ജോയിയും കിഴവനുംകൂടി സ്ഥലത്തെ പള്ളിയിൽ പോയി. വികാരിയച്ചനെ വിവരം അറിയിച്ചു ജോയിയുടെ പ്രേഷിതവേലയിൽ വികാരിയച്ചൻ വളരെ സന്തോഷിച്ചു.

അത്യാവശ്യമായ ചില കാര്യങ്ങൾമാത്രം പറഞ്ഞുകൊടുത്തശേഷം കിട്ടുക്കിഴവനെ മാമ്മോദീസാമുക്കി. ഔസേപ്പെന്നായിരുന്നു അയാൾക്കു പേരിട്ടതു്.

പടിഞ്ഞാറെ ചക്രവാളത്തിൻെറ കോണിൽ സൂര്യബിംബം പ്രകാശിച്ചുകൊണ്ടിരിക്കുമ്പോൾ ജോയിയും പുതിയ വസ്ത്രം ധരിച്ച ഔസേപ്പുമൂപ്പീന്നുംകൂടി ജോയിയുടെ വീട്ടിലേക്കു തിരിച്ചു. ജോയി വിവരങ്ങളെല്ലാം അപ്പച്ചനെ വിവരിച്ചുകേൾപ്പിച്ചു. ചാക്കോമുതലാളി ആദ്യം കോപാകുലനായെങ്കിലും പിന്നീടു ശാന്തനായി മകൻെറ പ്രേഷിതവേലയിൽ സന്തോഷിക്കുകയാണുണ്ടായതു്.

അന്നുമുതൽ ഔസേപ്പുമൂപ്പീന്നു മുതലാളിയുടെ അന്തേവാസിയായി. കൃതാർത്ഥതയുടെ വെള്ളിനക്ഷത്രങ്ങൾ ജോയിയുടെ മുഖത്തു സദാ മിന്നിത്തിളങ്ങുന്നതു കാണാമായിരുന്നു.

—o—



# കോട്ടയത്തിന്റെ സ്വർഗ്ഗത്തിലെ രണ്ടു മദ്ധ്യസ്ഥന്മാർ

(ഏ. പീലിപ്പോസ് എം. എ., ബി. എൽ.)

വാർദ്ധക്യദശയിൽ പുനരൈക്യപ്പെട്ടശേഷം ഭാഗ്യമരണംപ്രാപിച്ചിട്ട കോട്ടയം പട്ടണത്തിന്റെ മാനസാന്തരത്തിനുവേണ്ടി സ്വർഗ്ഗത്തിൽ അനവരതം തീക്ഷ്ണതയായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന കോട്ടയംകാരായ രണ്ടു മദ്ധ്യസ്ഥന്മാരെ എന്റെ ആത്മീയദർശനത്തിൽ ഞാൻ കാണുന്നു. രണ്ടുപേരും ഭൂമിയിൽ അവർ ജീവിച്ചിരുന്നപ്പോൾ എനിക്കു സുപരിചിതരായിരുന്നു. രണ്ടുപേരും കോട്ടയം പട്ടണത്തിൽ രണ്ടു പ്രശസ്ത കുടുംബങ്ങളിൽ ജനിച്ചു വളർന്നിട്ടുള്ളവരും, ചെറുപ്പംമുതൽ കോട്ടയം പട്ടണത്തെയും അതിലെ നിവാസികളെയും ഹൃദയപൂർവ്വമായി സ്നേഹിച്ചിട്ടുള്ളവരും ആകുന്നു. രണ്ടുപേരും മാർത്തോമ്മാസഭയിലെ പ്രമുഖാംഗങ്ങളും ആയിരുന്നു.

ഒരുവൻ "പാലത്തിങ്കൽ വക്കീയച്ചൻ." കോമളഗാത്രനും സുസ്മേരവദനനും മധുരസംഭാഷണപ്രസക്തനും ആരെയും ആകർഷിക്കുന്നതും നെഞ്ചുവരെ നരച്ചുവെഞ്ചാമരംപോലെതാണുകിടക്കുന്നതുമായ താടിമീശയോടുകൂടി, വാർദ്ധക്യത്തിൽ കോട്ടയം പട്ടണത്തിലെ തെരുവുകളിലും റോഡുകളിലും കൂടി സഞ്ചരിച്ചുകൊണ്ടിരിക്കുന്നയാളുമായ പാലത്തിങ്കൽ വക്കീയച്ചനെ അറിയാത്തവരായി കോട്ടയത്തു അധികംപേർ ഉണ്ടായിരിക്കയില്ല. ജവുളിക്കച്ചവടമായിരുന്നു അദ്ദേഹത്തിന്റെ പ്രധാനതൊഴിൽ. ഒരിക്കൽ മികച്ചരീതിയിൽ ആ കച്ചവടം നടത്തിയശേഷം, പ്രതികൂലസാഹചര്യങ്ങൾ നിമിത്തം കുറെ എല്ലാം നഷ്ടം സഹിക്കേണ്ടിവന്നു. പിന്നീടു അതിൽനിന്നും വിരമിച്ചു സ്വസ്ഥമായ ജീവിതം കഴിച്ചുവരികയിൽ, മനസ്സിനെ കൂടുതൽ ദൈവികകാര്യങ്ങളിൽ പ്രവേശിപ്പിച്ചു ലോകത്തിന്റെ അപൂർണ്ണതയെയും അനിത്യതയെയും കുറിച്ചു ചിന്തിച്ചതിന്റെ ഫലമായി മനസ്സമാധാനത്തിനുവേണ്ടി ചില കത്തോലിക്കാ പുസ്തകങ്ങൾവായിക്കയും, ചില കത്തോലിക്കാ അച്ചന്മാരോടു സംഭാഷണങ്ങൾനടത്തുകയുംചെയ്തതിന്റെഫലമായി, കത്തോലിക്കാസഭയാണു സത്യസഭയെന്നു പൂർണ്ണബോദ്ധ്യം വന്നിട്ടു എഴുപതു വയസ്സിൻമേൽ പ്രായമുള്ളപ്പോൾ പുനരൈക്യപ്പെട്ടു വിജയപുരം രൂപതയിൽ ചേർന്നു് സമാധാനജീവിതം നയിച്ചുവന്നു. ഞാനും ചില അവസരങ്ങളിൽ കത്തോലിക്കാസഭയെക്കുറിച്ചു വക്കീയച്ചനോടു സംസാരിച്ചിട്ടുണ്ട്. പുനരൈക്യപ്പെട്ടശേഷം കഞ്ഞിക്കുഴിയിൽ താമസിച്ചിരുന്ന വീട്ടിൽ ഞാൻചെന്നു വക്കീയച്ചനെ കണ്ടു കുറെനേരം സംസാരിക്കയുണ്ടായി. അപ്പോൾ വക്കീയച്ചനിൽ കണ്ട ദൈവികസന്തോഷവും സമാധാനവും പ്രാർത്ഥനാജീവിതത്തിൽ ഉള്ള തീക്ഷ്ണതയും എന്നെ വളരെ സന്തുഷ്ടനാക്കി. പുനരൈക്യപ്പെട്ടശേഷം കുറെ വർഷങ്ങൾകൂടി അങ്ങനെ ജീവിക്കയും ഏകദേശം 15 വർഷങ്ങൾക്കു മുമ്പു മരിക്കയും ചെയ്തു. ദൈവവിളി അനുസരിച്ചു സ്രഷ്ടാവിന്റെ അടുക്കൽചെന്നു തന്റെ ജോലിക്കുള്ള സമ്മാനം വാങ്ങി തന്റെ സമസൃഷ്ടങ്ങൾക്കുവേണ്ടി, ഇതാഎരിവോടുകൂടി ഇപ്പോൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.

അപരൻ റിട്ടയർഡ് ഡിസ്ട്രിക്ട് രജിസ്ട്രാർ "തടത്തിൽ നൈനാച്ചൻ" (Mr. T. M. Ninan). നല്ല ഒരു ചിന്താശീലൻ. പുസ്തകങ്ങൾ വായിക്കുന്നതിൽ വളരെ താല്പര്യമുള്ളവൻ. ധൃതഗതിയില്ലാതെ ശാന്തമായി ഏതു സംഗതിയിലും മനസ്സിരുത്തിചിന്തിച്ചു പ്രവർത്തിക്കുന്നവൻ. സഭയുടെ പൂർവ്വികനടപടികളും വിശ്വാസരീതിയും അറിവാൻ വളരെ ആഗ്രഹമുള്ളവൻ—മാർത്തോമ്മാസഭയിലെ നൂതനപരിഷ്കാരങ്ങളെക്കുറിച്ചു അതൃപ്തിയുണ്ടായിട്ടു തന്റെ അഭിപ്രായങ്ങൾ ലജ്ജകൂടാതെ ആരോടും തുറന്നു പറയുന്ന ആൾ.

ഞാൻ കോട്ടയത്തു താമസിക്കുന്ന കാലത്തു നൈനാച്ചൻ റിട്ടയർചെയ്തു് കോട്ടയം ബിഷപ്പിന്റെ അരമനയ്ക്കടുത്തുള്ള സ്വന്തവീട്ടിൽ താമസിക്കയായിരുന്നു. ഒഴിവുള്ള ഞായറാഴ്ചദിവസങ്ങളിലും മററും ഞാനും നൈനാച്ചനും നൈനാച്ചനെപ്പോലെ പ്രായംകൂടിയ വേറൊരാളുംകൂടി (അയാൾ യാക്കോബായക്കാരനായിരുന്നു) വൈകിട്ടു വിശ്രമത്തിനായി നടക്കാൻപോകുമായിരുന്നു. അപ്പോൾ പൂർവ്വികസഭയുടെ വിശ്വാസം, നടപടി, ആചാരങ്ങൾ എല്ലാം ഞാൻ നൈനാച്ചനോടും മറേറയാളിനോടും പറയുമായിരുന്നു. അതു കേൾക്കുന്നതു നൈനാച്ചനു ഇഷ്ടവുമായിരുന്നു. പിന്നീടു ഞാൻ പുനരൈക്യപ്പെട്ടശേഷം ചങ്ങനാശേരിയിൽ താമസിക്കുമ്പോൾ അവർ രണ്ടുപേരോടും കത്തോലിക്കാസഭയുടെ കാര്യങ്ങൾ സൗകര്യംകിട്ടുമ്പോഴൊക്കെ ചെന്നുകണ്ടു പറയുമായിരുന്നു. അതിനായിട്ടു അവർ രണ്ടുപേരുടേയും വീടുകളിൽ സന്ദർശനത്തിനായിട്ടു ചെല്ലുമ്പോഴൊക്കെയും രണ്ടുപേർക്കും ലഘുപുസ്തകങ്ങൾ വായിക്കാൻകൊടുക്കുകയും ചെയ്തുവന്നു. നൈനാച്ചനു ഇംഗ്ലീഷ് അറിയാമായിരുന്നതുകൊണ്ടു് ഇംഗ്ലീഷിലുള്ള പുസ്തകങ്ങളും "ഔവർ സൺഡേ വിസിററർ", "സത്യദീപം" മുതലായ പത്രങ്ങളും കൂടക്കൂടെ (ആഴ്ചതോറും) അഞ്ചലിൽ അയച്ചുകൊടുക്കുകയോ സൗകര്യമുള്ളപ്പോൾ കാരാട്ടുചെന്നു കൈയിൽ കൊടുക്കയോ ചെയ്തുവന്നു. അവയെല്ലാം താല്പര്യത്തോടുകൂടി നൈനാച്ചൻ വായിച്ചുംവന്നു. ഒടുവിൽ പുണ്യവാന്മാരുടെ ജീവിതക്രമങ്ങൾ അറിയണമെന്നു പറഞ്ഞപ്പോൾ, ആൽബൻ ബട്ട്ലരുടെ പുണ്യവാന്മാരുടെ ജീവചരിത്രം മൂന്നു വാല്യങ്ങളും (പഴയ പതിപ്പു) ഒന്നിനെത്തുടർന്നു ഒന്നായി കൊണ്ടുചെന്നുകൊടുത്തു. അനേകം പുറങ്ങളുള്ള ചെറിയ അക്ഷരങ്ങളോടുകൂടിയ ആ മൂന്നു വാല്യങ്ങളും മുഴുവൻ വായിച്ചശേഷം തിരികെതന്നു. ഒടുവിൽ ഒരു സംശയം ശേഷിച്ചു: "ക്രമത്തെ കവിഞ്ഞ ഭക്തി എന്തിനാണു കന്യാസ്ത്രീ മറിയത്തിനോടു കത്തോലിക്കർ കാണിക്കുന്നതു്?" എന്നു എന്നോടു ചോദിച്ചു. കത്തോലിക്കരുടെ ഏററവും വലിയ ആരാധനക്രമം കുർബാനതക്സാ (Missal) ആണെന്നും, "Hail Mary" എന്ന ദൈവമാതാവിനോടുള്ള കത്തോലിക്കരുടെ പ്രധാനപ്രാർത്ഥന അതിലില്ലെന്നും, ദൈവമാതാവിനോടു പ്രാർത്ഥിക്കുമ്പോഴൊക്കെയും "ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ" എന്നുമാത്രമേ കത്തോലിക്കർ പ്രാർത്ഥിക്കുന്നുള്ളുവെന്നും, ദൈവത്തോടു പ്രാർത്ഥിക്കുമ്പോഴൊക്കെയും "ഞങ്ങളെ അനുഗ്രഹിക്കേണമെ" എന്നൊക്കുന്നു കത്തോലിക്കർ പ്രാർത്ഥിക്കുന്നതെന്നും, ഒരു സൃഷ്ടിയായിട്ടുമാത്രവും, എന്നാൽ സൃഷ്ടികളിൽ ഏററവും ഉയർന്ന സ്ഥാനം മാതാവിനുള്ളതുമായിട്ടുമേ കത്തോലിക്കർ വിശ്വസിക്കുന്നുള്ളുവെന്നും മററും ഞാൻ പറഞ്ഞു നൈനാച്ചനെ തൃപ്തിപ്പെടുത്തി. പിന്നീടു് "എനിക്കടുത്തവർ എല്ലാവരും മാർത്തോമ്മാസഭയിലാണെന്നും, അവരുടെ ആനുകൂല്യങ്ങളെല്ലാം നശിക്കുമെന്നും, പ്രാതികൂല്യം വർദ്ധിക്കുമെന്നും" എന്നോടു നൈനാച്ചൻ പറഞ്ഞു. അതിനെയെല്ലാം തടുക്കാൻ ദൈവത്തിനു ശക്തിയുണ്ടെന്നു വിശ്വസിക്കണമെന്നു ഞാൻ പറഞ്ഞു. പിന്നീടു അധികംനാൾ കഴിയാതെ നൈനാച്ചന്റെ വീടിനടുത്തുള്ള കോട്ടയം ബിഷപ്പിന്റെ അരമനയിലെ ഒരച്ചൻ നൈനാച്ചനെ പുനരൈക്യപ്പെടുത്തി. എന്റെ സഹായംകൊണ്ടുകൂടിയാണു സത്യസഭയിൽ ചേരാൻ നൈനാച്ചനു ഇടയായതെന്നു് ആ അച്ചനെക്കൊണ്ടുതന്നെ അന്നു ചങ്ങനാശേരിയിൽ താമസിച്ചിരുന്ന എന്റെപേർക്കു് നൈനാച്ചൻ എഴുതിഅയപ്പിക്കയുംചെയ്തു. അപ്പോൾ ഏകദേശം എഴുപത്തിഒൻപതുവയസ്സു നൈനാച്ചനു പ്രായമുണ്ടായിരുന്നുവെന്നു തോന്നുന്നു. എഴുത്തുകൾ സ്വന്തകൈകൊണ്ടു എഴുതാൻ പ്രയാസവുമായിരുന്നു

പിന്നീടു ഒരിക്കൽക്കൂടി ഞാൻ നൈനാച്ചനെ കണ്ടു. അതു ഞാൻ കോട്ടയത്തു ഒരിക്കൽ ക്രിസ്തുരാജ ദൈവാലയത്തിൽ ആദ്യത്തെ കുർബാനയ്ക്കു ചെന്നപ്പോഴാണു്. കുർബാനകഴിഞ്ഞു് ഞങ്ങൾ രണ്ടുപേരും നൈനാച്ചന്റെ വീട്ടിൽച്ചെന്നു. എന്റെ സന്തോഷവും അനുമോദനവും നൈനാച്ചനെ ഹാർദ്ദമായി അറിയിച്ചു. ഞങ്ങൾ ഒരുമിച്ചു് അവിടെവച്ചു ഭക്ഷണംകഴിച്ചശേഷം ഞാൻ നൈനാച്ചനോടു യാത്രപറഞ്ഞുപിരിഞ്ഞു. പിന്നെയും ഏകദേശം നാലുവർഷങ്ങൾകൂടി ജീവിച്ചു് കത്തോലിക്കാജീവിതം തീക്ഷ്ണതയോടും ഭക്തിയോടുംകൂടി രുചിച്ചറികയും "ജീവിക്കാൻ എത്ര നല്ലതാണു് കത്തോലിക്കാസഭ"യെന്നു അനുഭവിച്ചറിഞ്ഞശേഷം 83-ാമത്തെ വയസ്സിൽ ഭാഗ്യമായി മരിക്കയുംചെയ്തു. മരിച്ചിട്ടു ഇപ്പോൾ 8-10 വർഷങ്ങൾ കഴിഞ്ഞിരിക്കും. കോട്ടയംരൂപതയിലാണു് നൈനാച്ചൻ പുനരൈക്യപ്പെട്ടതു്. നൈനാച്ചനോടുകൂടി കത്തോലിക്കാസഭാതത്വങ്ങൾ എന്നിൽനിന്നു കേട്ടറിഞ്ഞ മറേറയാൾ ആ സഭയിൽ ചേരുന്നതിനുള്ള ഭാഗ്യം സിദ്ധിക്കാതെ മരിച്ചു. ഞാൻ പറഞ്ഞതെല്ലാം സത്യമാണെന്നു അയാൾക്കു ബോദ്ധ്യംവന്നിരിക്കണം. എന്തെന്നാൽ എന്നോടു അയാൾ ഒടുവിൽ പറഞ്ഞതു്, "ഞാൻ ചേരുന്നതു് എന്റെ മകനു ഇഷ്ടമില്ല" എന്നാണു്. ഒരുവൻ മനുഷ്യരെ ഭയന്നു ചേർന്നില്ല. മറേറയാൾ മനുഷ്യരുടെ വിരോധത്തെ അവഗണിച്ചു ചേർന്നു. അതിനാൽ ഇന്നു നിത്യഭാഗ്യം അനുഭവിക്കുന്നു. നൈനാച്ചന്റെയും വക്കീയച്ചന്റെയും ഭൗതികാവശിഷ്ടങ്ങൾ വിശ്രമിക്കുന്ന കോട്ടയംപട്ടണത്തിനുവേണ്ടി അവർ രണ്ടുപേരും ഭക്തിയോടെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. "I shall be more powerful dead than alive" അതായതു് ജീവിച്ചിരിക്കുമ്പോഴത്തെക്കാൾ അധികശക്തി മരണശേഷം എനിക്കുണ്ടാകുമെന്നു് 13-ാംശതാബ്ദത്തിലെ ഒരു പുണ്യവാൻ പറഞ്ഞതു ഞാൻ ഈ അവസരത്തിൽ ഓർക്കുന്നു അവർ രണ്ടുപേരുടേയും കോട്ടയത്തിനുവേണ്ടിയുള്ള ശക്തിയേറിയ മദ്ധ്യസ്ഥപ്രാർത്ഥന തക്കകാലത്തു ഫലം പുറപ്പെടുവിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.


## യുവതികൾക്കു് ഏകാന്തധ്യാനം

### ആലുവാ

ചുണങ്ങംവേലി അഗതികളുടെ സഹോദരിമാരുടെ ആഭിമുഖ്യത്തിൽ ആണ്ടുതോറും യുവതികൾക്കായി നടത്താറുള്ള ഏകാന്തധ്യാനം ഈ ആണ്ടിലും ആലുവാ സെൻറു മേരീസ് ഹൈസ്കൂളിൽവച്ചു് ഏപ്രിൽ 29-ാംതീയതി വൈകുന്നേരം തുടങ്ങുന്നതും മേയ് 3-ാംതീയതി രാവിലെ അവസാനിക്കുന്നതുമാണു്.

ശയ്യോപകരണങ്ങൾ ഓരോരുത്തരും കൊണ്ടുവരണം. ബോർഡിംഗുഫീസ് ഏഴു രൂപാമാത്രം.

ഇതിൽ സംബന്ധിക്കുവാൻ ഉദ്ദേശിക്കുന്നവർ ഏപ്രിൽ 25-ാംതീയതിക്കകം വിവരം താഴെവരുന്ന മേൽവിലാസത്തിൽ അറിയിക്കേണ്ടതാണു്.

The Rev. Mother Superior, Sisters of the Destitute,
Chunangumvely, Alwaye, Thottummukam P. O.



ESTD. 1927

## പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

പാലാ

31-12-1956

| | |
|---|---|
| പിരിഞ്ഞു കിട്ടിയ മൂലധനം | 24,87,126 രൂപാ |
| കരുതൽ ധനം ... | 15,25,711 രൂപാ |
| ആകെ ഡിപ്പോസിററ് ... | 7,27,75,507 രൂപാ |
| രൊക്കമിരിപ്പും മററു ബാങ്കുകളിൽ നിക്ഷേപവും | 1,01,72,119 രൂപാ |
| ഗവമ്മേണ്ടു കടപ്പത്രങ്ങളിലുള്ള നിക്ഷേപം ... | 2,55,79,743 രൂപാ |
| ആകെ മുതൽ ... | 7,86,47,461 രൂപാ |

കെ. ജോസഫ് ആഗസ്തി
മാനേജിംഗ് ഡയറക്ടർ

PC. 5181



ചന്ദ്രിക REGD. ഔഷധസോപ്പ്

ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്കു്

S.V.PRODUCTS, IRINJALAKUDA


## രണ്ടു സുകൃതിനികൾ

റീത്തുകളുടെ തിരുസംഘത്തിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിരിക്കുന്ന രണ്ടു സുകൃതിനികളാണു ക്ലാരാഫേയും, ഡൊറോത്തിയാ ഡിചോപ്പിത്തിയാ വിലോത്താ സേറായും. തൊഴിലാളിക്കുട്ടികളുടെ സംരക്ഷണത്തെ ഉദ്ദേശിച്ചു് "പാവപ്പെട്ട ഉണ്ണീശോയുടെ സഹോദരികൾ" എന്ന സന്യാസിനീസമൂഹം സ്ഥാപിച്ച ഒരു സുകൃതിനിയാണു് ക്ലാരാഫേയ്. 1894-ൽ നെതർലൻഡ്സിൽവച്ചു് അവർ നിര്യാതയായി. ഡൊറോത്തിയായാകട്ടെ തെക്കേ അമേരിക്കയിൽ ചില്ലിസ്വദേശിനിയാണു്. 16-ാമത്തെ വയസ്സിൽ വിവാഹിതയായ അവർ, അവരുടെ രോഗിയായ ഭർത്താവിനെ മരണംവരെ ശുശ്രൂഷിച്ചു. അനന്തരം പരോപകാരപ്രവർത്തനങ്ങളിൽ വ്യാപൃതയായി. കുട്ടികൾക്കും വൃദ്ധജനങ്ങൾക്കുമായി 30 ഭവനങ്ങൾ അവർ സ്ഥാപിച്ചു. സലേഷ്യൻസഭക്കായി ഒരു സെക്കണ്ടറിസ്കൂളും കോളെജും സ്ഥാപിച്ചു. 1891-ൽ സ്പെയിനിൽവച്ചു് അവർ മരണമടഞ്ഞു.

# ചെറുകഥ

## നെടുവീർപ്പുകൾ

(പൊൻകുന്നം തോമസ്)

(തുടർച്ച)

"അച്ചാ."

"ഉം?"

"ഇനി കൊറച്ചുകൂടി പോയാമതി."

"അതിനു്?"

"അല്ല, ഞാൻ വെറുതെ പറഞ്ഞെന്നേയുള്ളു. നടന്നുനടന്നു വെഷമിച്ചിരിക്കുമല്ലോ? പോരെങ്കിൽ മഴക്കാലത്തെ തെളിച്ചമില്ലാത്ത രാത്രീയും ദുർഘടംപിടിച്ച വഴീയുമല്ലേ?"

"ഒന്നും സാരമില്ല; താൻ മിണ്ടാതെ നടക്കു്."

"വീടടുത്തോ?" അച്ചൻ ആരാഞ്ഞു.

"ഉം....ദേ, ആ കാണുന്ന പാടത്തിന്റെ അങ്ങേക്കരയാ." നീണ്ടുനിവന്നുകിടക്കുന്ന ആ പച്ചനെൽപ്പാടത്തിനുമപ്പുറത്തു്, അഞ്ചാറു ഫർലോംഗു് അകലെ ഒരു കൂനാച്ചിപ്പുരയുടെ ഓലപ്പഴുതിലൂടെ നേരിയ വെളിച്ചം കാണുന്നുണ്ടു്. അതുതന്നെ "കുടിയൻ"മാത്തന്റെ വീടു്.

"പിള്ളേരുകിടന്നു കരേണപോലെ തോന്നുന്നു." മാത്തന്റെപുറകേ നടന്നിരുന്ന കപ്യാർ പറഞ്ഞു.

"അതെന്റെ മോളാരിക്കും. ചെലപ്പം തള്ളേം കൂട്ടത്തിലാരിക്കും." മാത്തന്റെ ഹൃദയത്തിൽ വേദനിക്കുന്ന വിചാരവീചികൾ കടന്നുപോയി. "ദൈവമേ!" അയാളറിയാതെ മന്ത്രിച്ചു.

"ഇത്തിരികൂടി വേഗംനടക്കു്." മാത്തൻ അവരുടെ മുമ്പേ വിളക്കു കാണിച്ചുകൊണ്ടു നടന്നു.

പാടവും കൊച്ചിടവഴികളും കഴിഞ്ഞു്, ഒന്നുരണ്ടിടവരമ്പുകളും കടന്നു് അവർ ആ വീട്ടിന്റെ മുററത്തെത്തിയപ്പോഴേക്കും ചിമ്മിനിവിളക്കിന്റെ പ്രകാശം കുറഞ്ഞുതുടങ്ങി.

"മണ്ണെണ്ണ തീർന്നുകാണും." കപ്യാർ മാത്തൻചേട്ടന്റെ ചെവിയിൽ മന്ത്രിച്ചു.

"അല്ല. തിരിതിന്നതാ." അയാൾ വിളക്കു് ചെവിയോടടുത്തുപിടിച്ചു കുലുക്കിക്കൊണ്ടു പറഞ്ഞു. അയാളുടെ നെററിയിൽ വിയർപ്പു പൊടിഞ്ഞിരുന്നു.

"നിങ്ങൾ ഇനി മിണ്ടാതിരിക്കണം." അച്ചൻ തിണ്ണയിലേക്കു കയറി. അകത്തിരുന്നു് ആരോ ഏങ്ങിയേങ്ങിക്കരയുന്നുണ്ടു്. ഇടയ്ക്കിടെ വിങ്ങിപ്പൊട്ടുന്ന നെടുവീർപ്പുകളും.

"രോഗിയെവിടെ?" അച്ചൻ കുടമടക്കി മറയിൽ തൂക്കി. ഇടത്തെ കൈകൊണ്ടു് മാറിൽ അമർത്തിപ്പിടിച്ചിട്ടുണ്ടു്. ആ പാവപ്പെട്ട ളോവയ്ക്കുള്ളിൽ ഒരമൂല്യനിധി ഹൃദയങ്ങളെ പ്രതീക്ഷിച്ചിരിപ്പുണ്ടു്, ആയിരമായിരം സന്ദേശങ്ങളുമായി. അതെ! ആ സക്രാരിയിലെ സ്നേഹനാഥൻതന്നെ.

"ആ മുറിയിലാ." പകുതി ഓലയും, കുറെഭാഗം മൺഭിത്തിയുമായ ഒരു മുറിയിലേക്കു മാത്തൻചേട്ടൻ അച്ചനെ നയിച്ചു. ചിമ്മിനിയുടെ വെളിച്ചത്തിൽ, ആ സ്ത്രീയുടെ വാടിത്തളർന്ന മുഖം അദ്ദേഹം വ്യക്തമായി ദർശിച്ചു. അമ്മിണി ആ കട്ടിലിന്റെ തലയ്ക്കൽത്തന്നെ കുനിഞ്ഞിരുന്നു കരയുകയാണു്. ഇങ്ങേവശത്തു കിടന്ന ഒരു സ്ററൂളിന്റെ പുറത്തിരുന്നു് ഒരു തകരവിളക്കു് മങ്ങിമങ്ങിക്കത്തുന്നുണ്ടു്. അതും അണയാനൊരുങ്ങുകയാണു്.

"അമ്മച്ചീ!" അമ്മിണി ശോശാമ്മയെ കുലുക്കിവിളിച്ചു. ഒരർദ്ധ നിദ്രയിൽനിന്നെന്നപോലെ അവർ കണ്ണുതുറന്നു. അവരുടെ കരിവാളിച്ച ചുണ്ടുകളും, നനഞ്ഞ കണ്ണുകളും, ക്ഷീണിതമായ മുഖവും മൂകമായ ഭാഷയിൽ ഈ ലോകത്തോടു് എന്തോ പറയുകയായിരുന്നു.

"അമ്മച്ചീ!...ദേ...അച്ചൻ വന്നു" അവൾ തള്ളയുടെ ചെവിയിലായി പറഞ്ഞു.

നിഷ്കളങ്കത ദ്യോതിപ്പിക്കുന്ന ആ വൈദികനെ തന്റെ മരണക്കട്ടിലിന്റെ സമീപത്തുവച്ചു കണ്ടപ്പോൾ ആ മരണാസന്ന മൃദുവായി ഒന്നു പുഞ്ചിരിച്ചു. അതു് കൃതജ്ഞതയുടേയും, ആശ്വാസത്തിന്റേയും, വേർപാടിന്റേയും അവസാനത്തെ പുഞ്ചിരിയായിരുന്നു.

അവരുടെ മരണത്തിന്റെ നാഴികകൾ സമീപിച്ചെന്നു് വികാരിയച്ചനു മനസ്സിലായി. നിമിഷങ്ങൾക്കു നൂററാണ്ടുകളുടെ ഏകാന്തത കലർന്നിരുന്നു.

അമ്മിണി ഒരു പഴയ നേര്യതു് പെട്ടിയിൽനിന്നെടുത്തു് ശോശാമ്മയെ പുതപ്പിച്ചു്, കട്ടിലിൽ താങ്ങിപ്പിടിച്ചിരുത്തി. അച്ചൻ ആ പഴയ സ്ററൂളിൽത്തന്നെയിരുന്നു് പാപസങ്കീർത്തനം കേൾക്കുകയും, അവരെ ആവുന്നത്ര സമാശ്വസിപ്പിക്കുകയും ചെയ്തു.

മണ്ണെണ്ണക്കുപ്പിയിൽ ശേഷിച്ചിരുന്ന എണ്ണകൂടി മാത്തൻ ചിമ്മിനിവിളക്കിലൊഴിച്ചപ്പോൾ ആ മുറിയിൽ അല്പംകൂടി പ്രകാശമുണ്ടായി.

അമ്മിണിയും, കപ്യാരും, മാത്തൻചേട്ടനും അല്പമകലെ മാറി മുട്ടിന്മേൽനിന്നു് പ്രാർത്ഥനകൾ ചൊല്ലി. ഹൃദയങ്ങളെ അറിയുന്ന ആ സ്നേഹവല്ലഭനെ തന്റെ വിശുദ്ധമായിത്തീർന്ന ഹൃദയപീഠത്തിലേക്കു സ്വീകരിച്ചപ്പോൾ ശോശാമ്മയുടെ മുഖത്തു് ഒരു പ്രസന്നത കളിയാടി. അവർ തന്റെ കുടുംബത്തിനുവേണ്ടിയും, ഓമനമകൾക്കുവേണ്ടിയും ഹൃദയപൂർവ്വം പ്രാർത്ഥിച്ചുകാണണം.

കർമ്മങ്ങൾ കഴിഞ്ഞു്, അച്ചൻ പോകാൻ തയ്യാറായി, കുട കൈയിലെടുത്തു. "മാത്താ" മുററത്തുനിന്നുകൊണ്ടു് അച്ചൻ അയാളെ കരുണാപൂർവ്വം വിളിച്ചു.

"എന്തോ" മാത്തൻചേട്ടൻ സവിനയം മുററത്തേക്കുവന്നു.

"ഒന്നും സാരമില്ല. എന്നായാലും ദൈവം വിളിക്കുമ്പം പോണം. വിഷമിക്കാനൊന്നുമില്ല..." മാത്തൻചേട്ടന്റെ ഹൃദയം വികാരഭരിതമാണെന്നു ആ കണ്ണുകളും മുഖഭാവവും വ്യക്തമാക്കി.

"തനിക്കെത്ര പിള്ളേരൊണ്ടു്?" അച്ചൻ ചോദിച്ചു.

"ആ ഒരു മോളേയൊള്ളു; ഒരു ചെറുക്കനൊണ്ടാരുന്നതു് എങ്ങോ ഒളിച്ചുപോയി. അവനെപ്പററി ഒരു വിവരവുമില്ല.

"കൊള്ളാം. ദൈവം തനിക്കു ഒരു കുഞ്ഞിനെത്തന്നു. അതിനെയെങ്കിലും കഷ്ടപ്പെടുത്താതെ വളത്തി ഒരു നിലയിലെത്തിക്കണം. കേട്ടോ... പോയവൻ പോകട്ടെ; ഏതായാലും തള്ളയുടെ കാര്യം അല്പം സംശയമാ."

"എന്റച്ചോ! ഈ കെടപ്പും ദീനോം തൊടങ്ങീട്ടു നാളൊത്തിരിയായി. ഒരു പാടു ചികിത്സിച്ചു. എന്നിട്ടൊരു കൊറവുമില്ല."

"എടോ, എല്ലാം ദൈവം നിശ്ചയിക്കുന്നതുപോലെ വരും. ഈ ലോകജീവിതംതന്നെ എത്രനേരത്തേക്കുണ്ടു്? ഈ സുഖവും, ആനന്ദവുമെല്ലാം നിഴലുകൾപോലെ മാഞ്ഞുപോകും. എല്ലാം സഹിക്കുക. അനന്തമായ ഒരു സമ്മാനം നമുക്കു ഒരിക്കൽ ലഭിക്കും. ആട്ടെ, താനിപ്പോൾ കുടിക്കാറുണ്ടോ?" അച്ചൻ അയാളുടെ മുഖത്തേക്കു നോക്കി. അയാളൊന്നും മറുപടി പറഞ്ഞില്ല.

"എടോ, താനിപ്പോഴും കുടിക്കുമോ?"

"വല്ലപ്പോഴും."

"ങ്ങ......തന്റെ കുടി! കുടിച്ചു കുടിച്ചു് താൻ സർവ്വതും നശിപ്പിച്ചില്ലേ? കുടുംബം വെളുത്തു. ഇനിയൊരിക്കലും താൻ കുടിക്കരുതു്. ആ പെൺകൊച്ചു നാട്ടുവഴിയാകും. താനതു നല്ലതുപോലെ ഓർത്തുവേണം ഇനിയെങ്കിലും ജീവിക്കാൻ. തന്റെ അന്തസ്സും ആത്മാവുമെല്ലാം നശിക്കും. തെണ്ടാനുമിടവരും. അതുകൊണ്ടു താനിനി കുടിക്കരുതു് കേട്ടോ."

"ഉം" അയാൾ സമ്മതം മൂളി.

"ഒരിക്കലും."

"ഇല്ലച്ചാ! ഞാനിനി ഒരിക്കലും കുടിക്കുകയില്ല..." വെള്ളത്തിൽ വരച്ച രേഖപോലെയുള്ള പ്രതിജ്ഞ! അച്ചൻ ചിന്തിച്ചു.

"താൻ കുടിക്കാതെ, തമ്പുരാനൊത്തപോലെ ജീവിച്ചാൽ ഈ കുടുംബത്തിനു നന്മയും ഭാഗ്യവുമുണ്ടാകും. എന്നാൽ ഞങ്ങൾ പോകട്ടെ."

"ഞാൻ കൂടെ വരണോ?"

"വേണ്ട."

അച്ചൻ കപ്യാരുടെ പുറകേ കയ്യാലപ്പുറമിറങ്ങി നടന്നു. രാത്രിയുടെ മൂകതയിലൂടെ, പാടങ്ങളും, വരമ്പുകളും, ഇടത്തൊണ്ടുകളും കടന്നുപോകുന്ന അവരുടെ ചിമ്മിനിവിളക്കിന്റെ പ്രകാശം, മാത്തൻചേട്ടനു് ആ മുററത്തരുകിൽനിന്നു കാണാമായിരുന്നു. അയാൾ ചിന്താധീനനായി കുറേനേരം അവിടെത്തന്നെനിന്നു.

(തുടരും)

Chakolas SILK HOUSE
TRICHUR-ERNAKULAM

കല്യാണ സാരികൾ

ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ടു്.

EP

(11-ാംപേജ് തുടർച്ച)

സത്തെ സംബന്ധിക്കുന്ന ഒന്നായിരുന്നില്ല, പ്രത്യുത ശിക്ഷണപരമായിരുന്നു എന്നകാര്യം ഓർത്തിരിക്കേണ്ടതത്യാവശ്യമാകുന്നു. ഇൻക്വിസിഷൻ അതിന്റെ ലക്ഷ്യത്തിൽ നീതീകരിക്കത്തക്കതാണോ, അതിന്റെ മാർഗ്ഗങ്ങൾ ബുദ്ധിപൂർവ്വമായിരുന്നോ, നടപടികൾ ക്രൂരങ്ങളായിരുന്നോ എന്നുള്ള ചോദ്യങ്ങളൊന്നും സഭയുടെ വിശ്വാസപരമായ പഠനങ്ങളെ ഒരുവിധത്തിലും ബാധിക്കുന്നില്ല." (കാത്തലിക് എൻസൈക്ലോപീഡിയാ VIII, 36)

പ്രസിദ്ധ പണ്ഡിതനായ വാക്കൻഡാർഡിന്റെ അഭിപ്രായവും ഇവിടെ ഉദ്ധരിക്കാം. "ലോകത്തിൽ സഭയുടെ ഉദ്യോഗം മനുഷ്യന്റെ രക്ഷയ്ക്കു ആവശ്യമായ ആവിഷ്കൃതസത്യങ്ങളുടെ നിക്ഷേപത്തെ തലമുറകൾതോറും നൽകിക്കൊണ്ടിരിക്കുകയെന്നതാണു്. ഈ നിക്ഷേപത്തെ കാത്തുരക്ഷിക്കുന്നതിനായി ഒരു യുഗത്തിൽ അവൾ ഉപയോഗിക്കുന്ന മാർഗ്ഗത്തെ പിന്നീടു് ഒരു യുഗം അനുകൂലിക്കുന്നില്ലെങ്കിൽ, തനിക്കു ചുററും പ്രാബല്യത്തിലിരിക്കുന്ന ആചാരങ്ങളേയും ആശയങ്ങളേയും അവൾ അനുസരിക്കുന്നുവെന്നുമാത്രമേ അതിനർത്ഥമുള്ളു. എന്നാൽ അവളുടെ മനോഭാവത്തെ പരിപൂർണ്ണനീതിയുടെ അപ്രമാദവും നിത്യവുമായ ചട്ടമായി ജനങ്ങൾ കരുതാതിരിക്കുവാൻവേണ്ട ശ്രദ്ധ അവൾ എപ്പോഴും കാണിക്കാറുണ്ടു്. ഭരണമാർഗ്ഗങ്ങൾ തിരിഞ്ഞെടുക്കുന്നതിൽ വഞ്ചിക്കപ്പെട്ടുപോയാൽ അവൾ സസന്തോഷം അതു ഏററുപറയാറുണ്ടു്." (The Inquisition, 255)

ആകയാൽ മുൻപു കത്തോലിക്കാരാജ്യങ്ങളിൽ ഉണ്ടായിരുന്ന ഇൻക്വിസിഷൻ ആളുകളെ കൊല്ലുന്നതിനു വിധിക്കുകയും കൊല്ലുകയും മററും ചെയ്തിരുന്നതു് അന്നത്തെ നിയമങ്ങളും ചിന്താഗതിയും മററും വച്ചു നോക്കുമ്പോൾ തെററാണെന്നു പറയാവതല്ല. ക്രൂരങ്ങളോ അപരിഷ്കൃതങ്ങളോ ആണെന്നു ഇന്നത്തെ മാനദണ്ഡം വച്ചുനോക്കുമ്പോൾ പറയാം.

## അദ്ധ്യയനമണ്ഡലം ചേർത്തലശാഖയുടെ ഉൽഘാടനം

### എറണാകുളം മെത്രാപ്പോലീത്താ തിരുമേനി നിർവ്വഹിച്ചു

ചേർത്തലയിൽ മുട്ടത്തിടവകയിൽ അദ്ധ്യയനമണ്ഡലത്തിന്റെ ഒരു ശാഖ ഉൽഘാടനം ചെയ്യുന്നതിനു് മാർച്ചു് 30-ാംനു- പള്ളിയങ്കണത്തിൽ ഒരു മഹായോഗം ചേന്നു. എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയെ ഉൽഘാടനകർമ്മം നിർവഹിക്കുവാൻ വികാരി റവ. ഫാ. ജോസഫ് വട്ടക്കാട്ടുശേരി അവർകൾ സ്വാഗതം ചെയ്തു. തുടന്നു് തിരുമേനി ചെയ്ത ഉൽഘാടനപ്രസംഗം ഇപ്രകാരം സംഗ്രഹിക്കാം:-

"ഏതു നിലയിൽ നോക്കിയാലും എറണാകുളം അതിരൂപതയിൽ മുൻപന്തിയിൽ നില്ക്കുന്ന ഈ ഇടവകയിൽ, ധാരാളംഅഭ്യസ്തവിദ്യരെ ഉൾക്കൊള്ളുന്ന മുട്ടത്തിടവകയിൽ അദ്ധ്യയനമണ്ഡലം സ്ഥാപിക്കുകയെന്നതു് ഏററവും ചാരിതാർത്ഥ്യജനകമായ ഒരു സംഗതിയാണു്. കത്തോലിക്കാതിരുസഭയുടെ പ്രബോധനങ്ങളും ആദർശങ്ങളും എന്താണെന്നു ബുദ്ധിയും യുക്തിയും ഉപയോഗിച്ചു ശാസ്ത്രീയമായി പഠിച്ചറിയേണ്ടതു് അത്യന്താപേക്ഷിതമത്രെ. സഭ സത്യമാകുന്നു. സത്യത്തെ സഭയ്ക്കു ഭയമില്ല. നിഷ്പക്ഷമായി, മുൻവിധി കൂടാതെ, സത്യസന്ധമായി തുറന്നമനസ്സോടുകൂടി സഭയെ സമീപിച്ചാൽ, ക്രിസ്തുനാഥന്റെ പ്രബോധനങ്ങളെ പഠിച്ചറിഞ്ഞാൽ, അങ്ങനെയുള്ളവർ തീർച്ചയായും തിരുസഭയെ ആശ്ലേഷിക്കുകതന്നെ ചെയ്യും. ഇതിനു പല ദൃഷ്ടാന്തങ്ങളും ഈ അധുനാതനകാലത്തുതന്നെ നമ്മുടെ കൺമുൻപിലുണ്ടു്.

"കത്തോലിക്കാ തിരുസഭയെ നിശിതമായി വിമർശിക്കുവാൻവേണ്ടി അതിന്റെ പ്രബോധനങ്ങളും നിയമങ്ങളും കൂലംകഷമായി പരിശോധിക്കുകയും പഠിക്കുകയും ചെയ്ത ഒരു പാശ്ചാത്യപണ്ഡിതനായ മാർക്വിസ് ഓഫ് റിപ്പൺ എന്ന ഫ്റീമേയ്സൺ ആ പഠനത്തിന്റെ ഫലമായി തിരുസഭയുടെ മടിത്തട്ടിൽ അഭയം തേടുകയാണുണ്ടായതു്. എന്തിനു വിദേശത്തേക്കു പോകുന്നു. നമ്മുടെ ഈ ദേശത്തു ആലുവാ ക്രിസ്ത്യൻ കോളേജ് പ്രഫസറായി സുദീർഘവർഷം സേവനം ചെയ്തശേഷം ഇപ്പോൾ വിശ്രമജീവിതം നയിക്കുന്ന പണ്ഡിതനായ ഒരു യാക്കോബായ വൈദികനായിരുന്നു റവ. ഫാദർ ടി വി ജോൺ അവർകൾ. എന്നാൽ അദ്ദേഹം തിരുസഭയെ ശരിക്കു പഠിച്ചറിഞ്ഞതിന്റെ ഫലമായി ഈ മാസം 17-ാംനു- തിരുസ്സഭയിലേക്കു പുനരൈക്യപ്പെട്ടു. ഇതുപോലെ എത്ര അനുഭവങ്ങൾ വേണമെങ്കിലും ഉദ്ധരിക്കുവാൻ കഴിയും. ഇതിൽനിന്നും നമുക്കു മനസ്സിലാക്കാവുന്നതു് സഭാസിദ്ധാന്തങ്ങളെ ആരു ശരിക്കു മനസ്സിലാക്കുന്നുവോ അയാൾ സഭയുടെ വിശ്വസ്തനുമായിരിക്കുമെന്നാണു്. അതിനാലാണു് ക്രൈസ്തവസിദ്ധാന്തങ്ങൾശരിക്കും ശാസ്ത്രീയമായി — വിശേഷിച്ചും ഇക്കാലസ്ഥിതിക്കു് — പഠിച്ചറിയുന്നതു് ചാരിതാർത്ഥ്യജനകവും അത്യന്താപേക്ഷിതവും ആയിരിക്കുന്നു എന്നു പറയുന്നതു്.

"ഭാരതം ഒരു മതേതരരാഷ്ട്രമാണു്. എന്നുവച്ചാൽ മതമില്ലാരാഷ്ട്രമെന്നല്ല, മതം അനുസരിക്കുന്നതിനുള്ള മനുഷ്യന്റെ മൗലികസ്വാതന്ത്ര്യത്തെ മാനിക്കയും ആ നിലയിൽ എല്ലാ മതങ്ങളും ആദരിക്കപ്പെടുകയും ചെയ്യുന്നു എന്നാണർത്ഥം. ഈ വീക്ഷണകോണത്തിൽക്കൂടി ചില വിചക്ഷണന്മാർ എല്ലാ മതങ്ങളുടേയും സാരാംശത്തെ ഉൾക്കൊള്ളിച്ചു് ഒരു സങ്കരമതം വിഭാവനം ചെയ്യുന്നു. ചിലർ ഇവയുടെ അടിസ്ഥാനത്തിൽ ഒരു ദേശീയസഭാസ്ഥാപനം വേണമെന്നു പറയുന്നു. ഈ അഭിപ്രായങ്ങളെല്ലാംതന്നെ മതം എന്താണെന്നു ശരിക്കു മനസ്സിലാക്കുമ്പോൾ ദൂരതഃ പരിവർജ്ജിക്കുവാൻ നിർബന്ധിതമാണു്.

"മതം മനുഷ്യനും ദൈവവും തമ്മിലുള്ള, സൃഷ്ടികർത്താവും സൃഷ്ടിയും തമ്മിലുള്ള ബന്ധമാണു്. ആ ബന്ധത്തിന്റെ വ്യാപ്തി, ആ ബന്ധം പാലിക്കുന്നതിലുള്ള സൃഷ്ടിപരമായ പ്രവൃത്തി ഇവയെല്ലാം ഏകമതീഭാവത്തിലല്ലാതെ, വിഭിന്നമാകുവാൻ തരമില്ല. എന്തെന്നാൽ ദൈവം സത്യസ്വരൂപനാണു്. അവിടത്തെ പഠനം ഒരുതരത്തിലല്ലാതെ രണ്ടുതരത്തിലാവുകയില്ല. സത്യത്തിനു മാററമില്ല, സത്യം എന്നും ഒന്നുപോലെയാണു്. ഒന്നും ഒന്നും കൂടിയാൽ രണ്ടാണു്. അതു് ഇന്നലേയും ഇന്നും നാളേയും രണ്ടുതന്നെയാണു്. അമേരിക്കയിൽ ഒരു സത്യം, ഇംഗ്ലണ്ടിൽ ഒരു സത്യം, ഇൻഡ്യയിൽ ഒരു സത്യം ഇങ്ങനെ സത്യം വിഭജിതങ്ങളോ വ്യത്യസ്തങ്ങളോ അല്ല. അതു് അവിഭാജ്യമാണു്. അതു എന്നും ഒന്നുമാത്രമാകുന്നു. അതിനാൽ മതം എന്താണെന്നു് ശരിക്കു നാം അറിയുമ്പോൾ, സൃഷ്ടികർത്താവും സൃഷ്ടിയും തമ്മിലുള്ള ബന്ധം എന്താണെന്നു് സൂക്ഷ്മമായി നാം മനസ്സിലാക്കുമ്പോൾ, അവയുടെ വസ്തുനിഷ്ഠവശങ്ങളെ ശരിക്കു നാം ഗ്രഹിക്കുമ്പോൾ മുൻപറഞ്ഞ സങ്കരങ്ങളും, ദേശീയങ്ങളും എന്നൊക്കെ പറയുന്ന മതവാദപ്രസ്ഥാനങ്ങളുടെ അർത്ഥരാഹിത്യവും യുക്തിശൂന്യതയും മനസ്സിലാകുന്നതാണു്.

"മനുഷ്യൻ ബുദ്ധിജീവിയാണല്ലോ. ആ ബുദ്ധിയുപയോഗിച്ചു

(ശേഷം 4-ാംപേജിൽ)

(2-ാംപേജ് തുടർച്ച)

പ്രതിപാദിക്കുന്ന ലേഖനത്തിൻെറ ഒരു ഭാഗം താഴെ ചേർക്കുന്നു: "ഹങ്കറിയിലെ കത്തോലിക്കാസഭയുടെ പ്രത്യേകസ്വഭാവം അതിൻെറ ഐക്യമാണു്. അതിൻെറ ദൈവശാസ്ത്രം ഏകരൂപത്തിലുള്ളതാണു്. സഭയുടെ ഔദ്യോഗികകാര്യങ്ങൾ പ. സിംഹാസനത്തിൽ വാഴുന്ന റോമാമാർപ്പാപ്പായാണു് നിർവ്വഹിക്കുന്നതു്. അദ്ദേഹം വിശ്വാസം, സന്മാർഗ്ഗം സംബന്ധിച്ച കാര്യങ്ങളിൽ അപ്രമാദിത്വമുള്ളവനാണു്. അദ്ദേഹം ഞങ്ങളെല്ലാവരേയും സുരക്ഷിതമായി നിത്യരക്ഷയിലേക്കു നയിക്കുന്നു." ഇതേസമയം പ്രചരണോദ്ദേശത്തോടുകൂടിയല്ലാത്ത ഹങ്കറിയിലെ സാധാരണ കമ്മ്യൂണിസ്റ്റ്പത്രങ്ങൾ മാർപ്പാപ്പായെപ്പററി നേരെ വിരുദ്ധമായ അഭിപ്രായങ്ങളും പ്രകടിപ്പിക്കുന്നു. "നെപ്സാവാ" എന്ന ഹങ്കറിയിലെ ട്രേഡ്‌യൂണിയൻ പത്രത്തിൻെറ 1952 ജൂലൈ 3-ാംനു-യിലെ പ്രതിയിൽ മാർപ്പാപ്പായെപ്പററി പറഞ്ഞിരിക്കുന്നതു നോക്കുക: "മാർപ്പാപ്പാ അദ്ദേഹത്തിൻെറ അഭിപ്രായം എപ്പോഴും മാററിക്കൊണ്ടിരിക്കുന്നു. മാർപ്പാപ്പാ അപ്രമാദിത്വമുള്ളതുകൊണ്ടു അങ്ങനെ ചെയ്യുവാൻ പാടില്ല. അപ്രമാദിത്വമുള്ള മാർപ്പാപ്പാ അഭിപ്രായസ്ഥിരതയുള്ള ആളായിരിക്കണം." ഹങ്കറിയിലെ കമ്മ്യൂണിസ്റ്റ് യുവജനസംഘടനയുടെ ഔദ്യോഗികനാവായ "സാബാദ ഇഫ് ജൂസാഗ്" എന്ന പത്രത്തിൻെറ 1952 ആഗസ്റ്റ് 26-ാംനു-യിലെ പ്രതിയിൽ പ. പിതാവു പന്ത്രണ്ടാംപീയൂസിനെപ്പററി അവഹേളനാപരമായി എഴുതിയിരിക്കുന്നതു് നോക്കുക: "പന്ത്രണ്ടാം പീയൂസ് ഗൂഢതന്ത്രക്കാരുടെ പിതാവാണു്. വഞ്ചകനായ ജോസേഫ് ഗ്രോയേസ് മെത്രാപ്പോലീത്താ പറയുന്നു, പ. പിതാവു തൻെറ പ്രിയ ഹങ്കേറിയൻജനങ്ങളെ ആത്മാർത്ഥഹൃദയത്തോടെ സ്നേഹിക്കുന്നുവെന്നു്."

മുൻപറഞ്ഞ കാത്തലിക് റിവ്യൂവിൽ കൊടുത്തിട്ടുള്ള വേറൊരു ലേഖനത്തിൽ പറയുന്നു: "ആസ്ത്രിയൻസഭാധികാരിയായ കർദ്ദിനാൾ ഇനിററ്സറിൻെറ മരണത്തിൽ ഹങ്കറിയുടെ തലസ്ഥാനമായ ബുഡാപ്പെസ്റ്റിലെ ബെൻവാരോസുപള്ളിയിൽ ഒരു മരിച്ചവരുടെ ദിവ്യബലി അർപ്പിച്ചു." ഈ സംഭവംതന്നെ "കത്തോലിക്കാ വൈദികരുടെ സമാധാനക്കമ്മിററി"യുടെ ഔദ്യോഗികപത്രമായ "കെറാസെററ്" എന്ന വാരികയിൽ കൊടുത്തിരിക്കുന്നതു് വേറൊരു വിധത്തിലാണു്. കത്തോലിക്കാ വൈദികരുടെ ഈ സമാധാനക്കമ്മിററിയെ 1955 ജൂൺ 8-ാംതീയതി വത്തിക്കാൻ നിരോധിച്ചിട്ടുള്ളതാണു് എന്നുള്ളതു സ്മരണീയമാണു്. മുൻപറഞ്ഞ വാരികയുടെ 1953 ജാനുവരി 22-ാംനു-യിലെ പ്രതിയിൽ "നവീന വിധിയാളന്മാർ" (New Inquisitors) എന്ന തലക്കെട്ടോടുകൂടിയാണു് കർദ്ദിനാളിനു എതിരായ ആ ലേഖനം എഴുതിയിട്ടുള്ളതു്. ബുഡാപ്പെസ്റ്റിലെ ആസ്ത്രിയൻ നയതന്ത്രാലയഭാരവാഹികൾ ഹങ്കറിയിലെ കമ്മ്യൂണിസ്റ്റ്ഗവമ്മേണ്ടിനോടു കർദ്ദിനാൾ ഇനിററ്സറിനുവേണ്ടി ഒരു ബലിയർപ്പിക്കുവാനുള്ള അനുവാദം ചോദിച്ചു. "റക്കോസി"യുടെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ്ഗവമ്മേണ്ടു സ്വാഭാവികമായി "സമാധാനകമ്മിററി"യിലെ ഒരു വൈദികനു ഏതെങ്കിലും ഒരു പള്ളിയിൽ ദിവ്യബലി അർപ്പിക്കുവാൻ അനുവാദം നൽകി. ഇങ്ങനെ പോകുന്നു പരസ്പരവിരുദ്ധങ്ങളായ ആ പ്രസ്താവനകൾ.

"കാത്തലിക് റിവ്യൂ"വിൻെറ ഒക്ടോബർ പ്രതിയിൽ "ബുഡാപ്പെസ്റ്റിൽ വേദോപദേശക്ലാസ്സുകൾ ആരംഭിച്ചിരിക്കുന്നു" എന്നൊരു ലേഖനം കൊടുത്തിട്ടുണ്ടു്. ഈ ലേഖനത്തിൻെറ ഉദ്ദേശം വെറും പ്രചരണം മാത്രമാണെന്നു ഹങ്കറിയിലെ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഔദ്യോഗികപത്രമായ "സാബാദ് നെപ്പ്"ൻെറ 1955 ജൂൺ 24-ാംനു-യിലെ പ്രതിയിൽ വേദപഠനാനുവാദത്തിനു വേണ്ട വ്യവസ്ഥകളെ വിവരിച്ചിരിക്കുന്നതിൽനിന്നു മനസ്സിലാക്കാം. തങ്ങളുടെ കുട്ടികൾക്കു മതപഠനാനുവാദം ലഭിക്കുവാൻ ആവശ്യക്കാർ അവരുടെ പേരുകൾ രജിസ്റ്റർ ചെയ്യണം. രജിസ്റ്റർ ചെയ്യുന്നതിനു വളരെയധികം വ്യവസ്ഥകളുണ്ടു്. ആ വ്യവസ്ഥകളെല്ലാം രജിസ്റ്റർചെയ്യുന്ന ദിവസം നിറവേററിയിരിക്കണം. കുട്ടികളുടെ മാതാപിതാക്കന്മാർ തങ്ങളുടെ കുട്ടികളെ മതപഠനം ചെയ്യിക്കുന്നതിനു ആഗ്രഹിക്കുന്നുവെന്നു എഴുതി ഒപ്പിട്ട ഒരു തുറന്ന പ്രസ്താവന രജിസ്ട്രേഷൻ അധികാരികളുടെ കൈയിൽ നേരിട്ടുകൊടുക്കണം. ഇങ്ങനെ പലേ വിഷമതകൾ സൃഷ്ടിച്ചു സാധാരണജനങ്ങൾക്കു മതപഠനാനുമതി ലഭിക്കാത്ത തരത്തിൽ ആക്കിത്തീർക്കുകയാണു ചെയ്യുന്നതു്.

വിയന്നായിലെ "കത്തോലിക്കാ വാർത്താവിതരണസർവ്വീസു" (Kathpress) എന്ന പത്രം അതിൻെറ 1955 നവംബർ 30-ാം തീയതിയിലെ പ്രതിയിൽ "ഹങ്കറിയിലെ കത്തോലിക്കാസഭയുടെ അനുദിനജീവിതം" എന്നൊരു ലേഖനം എഴുതിയിട്ടുണ്ടു്. അതിൻെറ ഒരു ഭാഗം താഴെ ചേർക്കുന്നു: "ആരെങ്കിലും ഇടവകവൈദികൻെറ ഭവനത്തിൽ പ്രവേശിച്ചാൽ പിറേറദിവസം സ്ഥലത്തെ കമ്മ്യൂണിസ്റ്റ്പാർട്ടി ഓഫീസിൽ ആ വിവരം ലഭിക്കുന്നു. കുറച്ചുദിവസം കഴിയുമ്പോഴേക്കും ബുഡാപ്പെസ്റ്റിലെ പ്രധാന കമ്മ്യൂണിസ്റ്റ് ഓഫീസിൽ ആ ആളുടെ പേർ ഫയലിൽ രജിസ്റ്റർചെയ്തിരിക്കും. മതസ്വാതന്ത്ര്യം ഭരണഘടനപ്രകാരം വാഗ്ദത്തംചെയ്തിട്ടുണ്ടു താനും. വൈദികർക്കു പ്രത്യക്ഷമായ തടസ്സങ്ങളൊന്നും കൂടാതെ അവരുടെ സാധാരണ തിരുക്കർമ്മങ്ങൾ അനുഷ്ഠിക്കാം. പക്ഷെ ഓരോ വൈദികനെ രഹസ്യമായി വീക്ഷിക്കുവാൻ പോലീസിൽനിന്നോ, ഇടവകയിൽനിന്നോ ഓരോ ആളെ രാജ്യമൊട്ടാകെ ഏർപ്പാടുചെയ്തിട്ടുണ്ടു്. ഈ വാസ്തവം എല്ലാ ജനങ്ങൾക്കും അറിയാം. പള്ളിയിൽ പോകുന്നതു പലേ കുററാരോപണങ്ങൾക്കും തജ്ജന്യമായ അനർത്ഥങ്ങൾക്കും ഇടയാകുമെന്നറിയുന്നതുകൊണ്ടു് ജനങ്ങൾ പള്ളിയിൽ പോകു് വേണ്ടെന്നു വെക്കുന്നതു സാധാരണയാണു്."

മതപഠനത്തെപ്പററി മുൻപറഞ്ഞ Kathpress എന്ന പത്രം എഴുതുന്നു: "മതപഠനത്തിനു അയക്കുന്ന കുട്ടികളുടെ മാതാപിതാക്കന്മാരുടെ പേരുകൾ അവർ ജോലിചെയ്യുന്ന തൊഴിലുടമസ്ഥന്മാരുടെ പക്കൽ ഏല്പിക്കണമെന്നു എല്ലാ സ്കൂളധികാരികൾക്കും ഗവമ്മേണ്ടു കല്പനയുണ്ടു്. ഈ മാതാപിതാക്കന്മാരോടു തൊഴിലുടമസ്ഥന്മാർ ജോലിസ്ഥലങ്ങളിൽവെച്ചു ചില ചോദ്യങ്ങൾ ഇടയ്ക്കിടയ്ക്കു ചോദിക്കും. എന്താണു നിങ്ങളുടെ കുട്ടികളെ മതപഠനത്തിനയക്കുന്നതു്? എത്രനാൾ ഇങ്ങനെ അയക്കുവാൻ ഉദ്ദേശിക്കുന്നു? എന്നും മററും ചോദിച്ചു അവരെ വിഷമിപ്പിക്കുന്ന ഒരേർപ്പാടു എല്ലാ തൊഴിൽസ്ഥലങ്ങളിലുമുണ്ടു്. ഈവിധങ്ങളായ മതവിരുദ്ധസമ്മർദ്ദങ്ങളുടെ ഫലമായി പട്ടണങ്ങളിൽ 30 ശതമാനം, ഏററവും അധികം 50 ശ... ...നം, കുട്ടികളെ മാത്രമേ മതപ... ...ത്തിനയക്കുന്നുള്ളു."

# ചോദിച്ചാൽ പറയാം

92. ചോ: ആഗ്രഹത്താലുള്ള മാമ്മോദീസാ 2 മാസം പ്രായമുള്ള ഒരു കുട്ടിക്കു ലഭിക്കണമെങ്കിൽ എന്തു ചെയ്യണം? മാതാപിതാക്കന്മാർക്കു മാമ്മോദീസാ കൊടുക്കുവാൻ അറിവില്ലെങ്കിൽ അവരുടെ ആഗ്രഹം മതിയാവുമോ?

(ജെ സി വാഴക്കുളം)

ഉ: രണ്ടുമാസം പ്രായമുള്ള ഒരു കുട്ടിക്കു് ആഗ്രഹത്താലുള്ള മാമ്മോദീസാ ലഭിക്കണമെങ്കിൽ, ആഗ്രഹിക്കത്തക്ക ബുദ്ധിയും വിവേകവും ചിന്താശക്തിയും ലഭിക്കുന്ന ഒരു പ്രായംവരെ ആ കുട്ടി ജീവിച്ചിരിക്കുകതന്നെ വേണം. അതുപോലെതന്നെ മാതാപിതാക്കന്മാർക്കു മാമ്മോദീസാ കൊടുക്കുവാൻ അറിവില്ലെങ്കിൽ അറിയുന്ന ഒരാളെ ഉടനെ വിളിക്കുകയാണു വേണ്ടതു്. അതിനു നിവൃത്തിയില്ലാത്ത അസാധാരണഘട്ടത്തിൽ—അതു വളരെ അപൂർവ്വമായിരിക്കും—കുട്ടിയുടെ തലയിൽ വെള്ളം ഒഴിച്ചുകൊണ്ടു് "പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ നിന്നെ ഞാൻ മാമ്മോദീസാ മുക്കുന്നു" എന്നു ചൊല്ലിയാൽ മതി. എന്തായാലും കുട്ടിയുടെ മാമ്മോദീസാക്കു മാതാപിതാക്കന്മാരുടെ ആഗ്രഹംമാത്രം മതിയാകയില്ല.

ആഗ്രഹത്താലെയുള്ള മാമ്മോദീസാ എന്നു പറഞ്ഞാൽ വല്ലവരുടെയും മാമ്മോദീസായെന്നല്ലാ അർത്ഥം. ആർക്കു മാമ്മോദീസാ ആവശ്യമായിരിക്കുന്നുവോ ആ ആളിൻെറ ആഗ്രഹമാണു വേണ്ടതു്. തന്മൂലം ആഗ്രഹിക്കുന്നതിനു തക്ക പ്രായമാകാത്തവർക്കു ആഗ്രഹത്താൽ മാമ്മോദീസാ സ്വീകരിക്കുക സാദ്ധ്യമല്ലെന്നു വ്യക്തമാണല്ലോ. രണ്ടാം വാലൻറീനിയൻ ചക്രവത്തിയെപ്പററി വിശുദ്ധ അമ്പ്രോസീസ് പറഞ്ഞിരിക്കുന്ന വാചകങ്ങൾ പ്രകൃതത്തിൽ ഓത്തിരിക്കുന്നതു നല്ലതാണു്.

"അദ്ദേഹത്തിനു മാമ്മോദീസാ എന്ന കൂദാശ സ്വീകരിക്കുവാൻ സാധിച്ചില്ലായെന്നതിൽ നിങ്ങൾ സന്താപം പ്രകടിപ്പിക്കുന്നതായി ഞാൻ കേൾക്കുന്നു. എന്നോടു പറയു, നമ്മിൽ ആഗ്രഹവും അപേക്ഷയുമല്ലാതെ മറെറന്താണുള്ളതു്? അദ്ദേഹം ഇററലിയിലേക്കു വരുന്നതിനു വളരെ മുൻപുതന്നെ സഭയിൽ ചേരുന്നതിനു് ആഗ്രഹിച്ചിരുന്നു. കഴിയുന്നവേഗം ഞാൻ അദ്ദേഹത്തെ ജ്ഞാനസ്നാനപ്പെടുത്തണമെന്നുള്ള ആഗ്രഹം അദ്ദേഹം പ്രകടിപ്പിച്ചിരുന്നു... ആകയാൽ അദ്ദേഹം ആഗ്രഹിച്ച വരപ്രസാദം അദ്ദേഹത്തിനു ലഭിച്ചിട്ടില്ലേ? തീർച്ചയായും അദ്ദേഹത്തിനു് അതു ലഭിച്ചിട്ടുണ്ടു്; എന്തെന്നാൽ അദ്ദേഹം അതിനുവേണ്ടി അപേക്ഷിച്ചിരിക്കുന്നു." (De Obitu Valent., 51) "...ഈ കൂദാശ സ്വീകരിക്കുന്നതിനുള്ള സമയം ഇല്ലാത്തപക്ഷം, വിശ്വാസത്തിനും ഹൃദയപരിവത്തനത്തിനും അതു പ്രദാനം ചെയ്യുവാൻ സാധിക്കും" (De Bapt., IV 22) എന്നു വിശുദ്ധ ആഗസ്റ്റീനോസും പറയുന്നു.

93. ചോ: റോമാസഭയെ ഇതുവരെ ഭരിച്ചു കാലം ചെയ്ത എല്ലാ പരിശുദ്ധപിതാക്കന്മാരും വിശുദ്ധ പദത്തിലേക്കുയത്തപ്പെട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ടാണതു്? പരിശുദ്ധപിതാക്കന്മാരെ വിശുദ്ധപദത്തിലേക്കുയത്താണമെങ്കിൽ, ഒരു പ്രത്യേകതെളിവിൻെറ വെളിച്ചത്തിൽ മാത്രമേ പാടുള്ളുവെങ്കിൽ, പരിശുദ്ധ എന്ന വാക്കിൻെറ അത്ഥമെന്താകുന്നു?

(സി ജെ എ ഗുരുവായൂർ)

ഉ: റോമാസഭയെ ഇതുവരെ ഭരിച്ചു കാലംചെയ്ത എല്ലാ പരിശുദ്ധപിതാക്കന്മാരെയും വിശുദ്ധപദത്തിലേക്കുയത്തിയിട്ടില്ല. ഇതേവരെ തിരുസഭയെ ഭരിച്ചു കാലം ചെയ്തിട്ടുള്ള 260 മാർപ്പാപ്പാമാരിൽ 85 പേരേ മാത്രമേ വിശുദ്ധരെന്നോ അനുഗൃഹീതരെന്നോ നാമകരണം ചെയ്തിട്ടുള്ളു. ബാക്കിയുള്ളവരെ വിശുദ്ധപദത്തിലേക്കുയത്താതിരിക്കുന്നതു്, അങ്ങനെ വിശുദ്ധപദത്തിലേക്കുയത്തുന്നതിനു് ആവശ്യമായ വിശുദ്ധിയെപ്പററിയുള്ള തെളിവുകൾ കിട്ടിക്കഴിഞ്ഞിട്ടില്ലാത്തതുകൊണ്ടാണു്. മറേറതൊരു വ്യക്തിയുടെ കാര്യത്തിലുമെന്നപോലെ മാർപ്പാപ്പായുടെ കാര്യത്തിലും, വിശുദ്ധിയെപ്പററിയുള്ള നിഷ്കൃഷ്ടമായ തെളിവുകൾ ലഭിക്കുകയും, അവരുടെ മാദ്ധ്യസ്ഥ്യത്താൽ അത്ഭുതങ്ങൾ സംഭവിക്കുകയും ചെയ്യാതെ, വിശുദ്ധപദത്തിലേക്കുയത്തുന്നതല്ല.

മാർപ്പാപ്പായെ "പരിശുദ്ധപിതാവേ" എന്നു സംബോധന ചെയ്യാറുണ്ടു്. ആ സംബോധനയിലെ പരിശുദ്ധ എന്ന പദവും അവരുടെ വ്യക്തിപരമായ വിശുദ്ധിയും തമ്മിൽ യാതൊരു ബന്ധവുമില്ല. ആ പദം ഉപയോഗിക്കുന്നവക്കും അതു കേൾക്കുന്നവക്കും ആ പ്രതീതി ഉണ്ടാകുന്നുമില്ല. ഇംഗ്ലീഷിൽ Holy Father എന്നു പറയുന്നതിനെയാണല്ലോ നാം മലയാളത്തിൽ പരിശുദ്ധപിതാവു എന്നു് തർജ്ജമ ചെയ്തിരിക്കുന്നതു്. മാർപ്പാപ്പാ വഹിക്കുന്ന ഉന്നതവും ദിവ്യവുമായ സ്ഥാനത്തെയാണു് ഈ പദം വിശേഷിപ്പിക്കുന്നതു്. ആകയാൽ നാം പരിശുദ്ധപിതാവു എന്നു സംബോധന ചെയ്യുന്നവർ വ്യക്തിപരമായിവിശുദ്ധരായിക്കൊള്ളണമെന്നില്ല.

94. ചോ: മുൻപു കത്തോലിക്കാസഭയിൽ ഉണ്ടായിരുന്ന ഇൻകചിസിഷൻ ആളുകളെ കൊല്ലുന്നതിനു വിധിക്കുകയും കൊല്ലുകയും മററും ചെയ്തിരുന്നതു തെററല്ലേ?

(പി. ജെ. ബി വെള്ളാപ്പാറ)

ഉ: മുൻകാലത്തെ ഒരു പ്രവൃത്തിയെ ഇന്നത്തെ മാനദണ്ഡം വച്ചു് അളക്കുന്നതിനു ശ്രമിക്കുന്നതുകൊണ്ടാണു് ഇത്തരത്തിലൊരു സംശയത്തിനു ഇടയാകുന്നതു്. മദ്ധ്യശതകങ്ങളിലാണു് ഇൻകചിസിഷൻകോടതികൾ ഉണ്ടായിരുന്നതു്. അന്നു യൂറോപ്പു മുഴുവൻ കത്തോലിക്കമായിരുന്നു; മാത്രമല്ല ചരിദ്മങ്ങളും ഇടത്തൂട്ടുകളും മതഭിന്നതകളും പല രാജ്യങ്ങളിലും രാഷ്ട്രീയകുററങ്ങളായി കണക്കാക്കപ്പെടുകയും ചെയ്തിരുന്നു. തന്മൂലം ഒരു മതഭിന്നതയോ ഇടത്തൂട്ടോ രാജ്യത്തിലെ നിയമപ്രകാരം ശിക്ഷാർഹമായ ഒരു കുററമായിരുന്നു. അന്നത്തെ മാനദണ്ഡമനുസരിച്ചു് ഏററവും അഭികാമ്യമായ ഒരു വ്യവസ്ഥിതിയായിരുന്നു ഇതു്? ഇന്നത്തെ മാനദണ്ഡമനുസരിച്ചു് അങ്ങനെയല്ലായിരിക്കാം. പക്ഷെ അന്നത്തെ വ്യവസ്ഥിതിയെ ഇന്നത്തെ മാനദണ്ഡംകൊണ്ടു് അളക്കുക സാദ്ധ്യമല്ലല്ലോ.

ഇന്നു രാജ്യദ്രോഹം, കൊലപാതകം മുതലായ കുററങ്ങൾക്കു വധശിക്ഷ നൽകപ്പെടുന്ന രാജ്യങ്ങളുണ്ടു്. വധം മുറിയമായ ഒരു ശിക്ഷാസമ്പ്രദായമാകയാൽ അതു നിത്തലാക്കിയിട്ടുള്ള രാജ്യങ്ങളുമുണ്ടു്. ഒരു നൂറോ ഇരുനൂറോ കൊല്ലം കഴിയുമ്പോഴേക്കു് വധശിക്ഷക്കു എതിരായി സാർവ്വത്രികമായ ഒരു മനോഭാവമുണ്ടാകുമെന്നു പ്രതീക്ഷിക്കാം. അന്നു ഒരാൾ തിരിഞ്ഞുനിന്നു് കൊലപാതകത്തിനും രാജ്യദ്രോഹത്തിനും മററും വധശിക്ഷ നൽകിയിരുന്നതു തെററല്ലേയെന്നു ചോദിച്ചാൽ, എന്തായിരിക്കും മറുപടി? അത്തരത്തിലൊന്നാണു് ഈ ചോദ്യവും.

യൂറോപ്പു മുഴുവൻ കത്തോലിക്കമായിരുന്ന കാലത്തു് കത്തോലിക്കാഗവമ്മെൻറുകൾ ഇൻകചിസിഷൻകോടതികൾ സ്ഥാപിച്ചിരുന്നതുകൊണ്ടു് "കത്തോലിക്കാസഭയിൽ ഇൻകചിസിഷൻ ഉണ്ടായിരുന്നു"വെന്നു വാദിക്കുന്നതു ശരിയായിരിക്കുകയില്ല. അതുപോലെതന്നെ ഇൻകചിസിഷൻകോടതികൾ സ്ഥാപിക്കുവാൻ ചില ഗവമ്മെൻറുകൾക്കു മാർപ്പാപ്പാമാർ അനുവാദം നൽകിയിരുന്നതുകൊണ്ടു്, ആ കോടതികൾ ചെയ്തിട്ടുള്ള എല്ലാ പ്രവത്തികളുടേയും ഉത്തരവാദിത്വം സഭയ്ക്കാണെന്നു ശഠിക്കുന്നതും തെററായിരിക്കും. കേരളത്തിലെ ഏതെങ്കിലും ഒരു ജസ്റ്റി കൈക്കൂലിവാങ്ങുകയോ നിയമവിരുദ്ധമായി പ്രവൃത്തിക്കുകയോ ചെയ്തതുകൊണ്ടു് ആ ജസ്റ്റിയെ നിയമിച്ച കേരളഹൈക്കോടതി കൈക്കൂലിവാങ്ങിയെന്നോ നിയമവിരുദ്ധമായി പ്രവത്തിച്ചെന്നോ അതിനെ അനുകൂലിച്ചെന്നോ പറയുന്നതുപോലെ അസംബന്ധമാണിതു്.

മദ്ധ്യയുഗങ്ങളിൽ— പ്രത്യേകിച്ചു് 12-ം 13-ം നൂററാണ്ടുകളിൽ —ഇടത്തൂടിനെ വ്യഭിചാരമോ കൈയേററമോ പോലെയുള്ള ഒരു കുററമായിട്ടാണു പരിഗണിച്ചിരുന്നതു്. പതിനൊന്നാം നൂററാണ്ടിൽ ഓർലീൻസ്, കൊളോൺ മുതലായ നഗരങ്ങളിലെ ജനക്കൂട്ടം ഇടത്തൂട്ടുകാരെ അഗ്നിക്കിരയാക്കിയതു ശരിയാണു്. ഇരുപതാം നൂററാണ്ടിൽ അമേരിക്കയിലെ ടെന്നസിസംസ്ഥാനത്തും അലാബാമായിലും ബലാൽസംഗക്കുററത്തിനു നീഗ്രോകളേയും അഗ്നിക്കിരയാക്കിയിട്ടുണ്ടു്. ഈ ഒടുവിൽ പറഞ്ഞതിനു സഭയ്ക്കു യാതൊരു ബാദ്ധ്യതയുമില്ലാതിരിക്കുന്നതുപോലെതന്നെ ആദ്യത്തേതിനും ഉണ്ടായിരിക്കുന്നില്ല.

കത്തോലിക്കാസഭയുടെ ഒരു ശത്രുവായ ലീപോലും ഈ വസ്തുത സമ്മതിക്കുന്നുണ്ടു്: "ഇടത്തൂട്ടുകാരെ അഗ്നിക്കിരയാക്കുന്ന നടപടി നിർണ്ണീതമായ നിയമത്തിൻെറ ഒരു സൃഷ്ടിയായിരുന്നില്ല; പ്രത്യുത യാദൃച്ഛികമായും പൊതുവായും ഉണ്ടായിട്ടുള്ളതാണതു്. നിയമദാതാവു് അതിനെ സ്വീകരിച്ചതു് ഒരു പൊതുനടപടിയുടെ അംഗീകാരമെന്ന നിലയിലായിരുന്നു." (A History of the Inquisition I, 222) ബൊൾട്ട്സർ എഴുതുന്നു: "ഇൻകചിസിഷൻകോടതിയുടെ സ്ഥാപനവും നടപടിയും വിശ്വാ

(ശേഷം10-ാം പേജിൽ)

Wednesday
April 10
1957

# THE SATHYADEEPAM

(ESTD. 1927)
BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 30
No. 34

# ബാ ല രം ഗം

## വിദ്യാർത്ഥികളും മിഷൻ പ്രവർത്തനവും

(അഗസ്റ്റിൻ എം. എടക്കര, രാമപുരം Reg No. 3)

"നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ" എന്നു് ഈശോമിശിഹാ ശിഷ്യന്മാരോടു് അരുളിച്ചെയ്തു. ഓരോ കത്തോലിക്കാ വിദ്യാർത്ഥിയും മിശിഹാകത്താവിൻെറ ശിഷ്യനാണു, അരുമസന്താനമാണു്. ആകയാൽ ഗുരുനാഥൻെറ, അല്ല പിതാവിൻെറ കല്പനയെ നിറവേററുവാൻ കടമയുണ്ടു്.

സുവിശേഷപ്രചാരണത്തിനുള്ള പ്രഥമവും പ്രധാനവുമായ മാർഗ്ഗം പ്രാർത്ഥനയാണു് ഒരു മിഷനറിയുടെ കൈവശമുള്ള ഏററം വിലപിടിപ്പുള്ളതും വിലമതിക്കാൻ സാധിക്കാത്തതുമായ ഒരേയൊരായുധം പ്രാർത്ഥനതന്നെയാണു്. ദൈവത്തിൻെറ അനുഗ്രഹവും കൃപാകടാക്ഷവും കൂടാതെ ക്രിസ്തുവിൻെറ സമതചസുന്ദരങ്ങളും ലളിതമനോഹരങ്ങളുമായ ആദർശങ്ങളെ, അജ്ഞാനാന്ധകാരത്തിൽ ആണ്ടുകിടക്കുന്ന സഹോദരങ്ങളിൽ പകർന്നുകൊടുക്കുവാൻ സാദ്ധ്യമല്ല. നമുക്കു് ശക്തിയുക്തം പ്രസംഗിക്കാം; പാരിതോഷികങ്ങൾ നൽകി അവരുടെ അനുഭാവം സമ്പാദിക്കാം എന്നാൽ, അവരെ മാനസാന്തരപ്പെടുത്തുവാൻ ദൈവത്തിൻെറ അനുഗ്രഹം കൂടിയേതീരൂ. ഈ അനുഗ്രഹം പ്രാപിക്കാനുള്ള ഏററം സുനിശ്ചിതവും എളുപ്പവുമായ മാർഗ്ഗം പ്രാർത്ഥനതന്നെയാണു്. നിഷ്കളങ്കഹൃദയത്തിൽനിന്നു് ദൈവസന്നിധിയിലേക്കുയരുന്ന പ്രാർത്ഥന ഒരിക്കലും ഫലശൂന്യമാകുകയില്ല. വി. ശൗര്യാർ തൻെറ സുദീർഘമായ പര്യടനത്തിനിടയിൽ അനേകായിരം ആളുകളെ മാനസാന്തരപ്പെടുത്തിയിട്ടുള്ളതായി ചരിത്രം സാക്ഷിക്കുന്നു. എന്നാൽ അതിനെക്കാൾ കൂടുതൽ ആത്മാക്കളെ വിശുദ്ധ ത്രേസ്യാ തൻെറ അനുസ്യൂതമായ പ്രാർത്ഥനയാൽ നേടിയതായി ചരിത്രം സാക്ഷിക്കുന്നു. വി. കൊച്ചുത്രേസ്യാ ആശ്രമത്തിനു പുറത്തുപോയി സുവിശേഷം പ്രസംഗിച്ചതായി നാം അറിയുന്നില്ല. എന്നാൽ ഇന്നു് പുണ്യവതി തിരുസഭയുടെ സാർവ്വത്രികമായ മിഷൻപ്രവർത്തനങ്ങളുടെയെല്ലാം സ്വർഗ്ഗീയമദ്ധ്യസ്ഥയായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. അതിനു കാരണം തൻെറ പ്രാർത്ഥന, പരിത്യാഗം തുടങ്ങിയവയിൽ തീക്ഷ്ണതയുള്ള ഒരു മിഷനറിയായിരുന്നുവെന്നതാകുന്നു.

ചിലക്കു് പ്രായത്തിൻെറ കുറവുകൊണ്ടും, ചിലക്കു് കാലദേശാവസ്ഥകളുടെ വൈപരീത്യംകൊണ്ടും വിദേശങ്ങളിൽ പോയി മുന്നണിയിൽ മിഷനുവേണ്ടി പ്രവർത്തിക്കുവാൻ സാദ്ധ്യമല്ല. എന്നാൽ "ഹോം" മിഷനറിമാരാകുവാൻ അവക്കു് സാധിക്കുന്നതാണു്. വിദേശങ്ങളിൽ വേലചെയ്യുന്ന മിഷനറിമാർ സമരംചെയ്യുന്ന സഭയുടെ മുന്നണിസേനകളാണു്. അവക്കാവശ്യമുള്ള വിഭവങ്ങൾ എത്തിച്ചുകൊടുക്കേണ്ട ചുമതല ഹോം മിഷനറിമാരുടേതാകുന്നു. നാം വായിക്കുന്ന മതപരമായ ഗ്രന്ഥങ്ങളും പത്രങ്ങളും മാസികകളും മിഷനറിമാക്കു് അയച്ചുകൊടുത്തുകൊണ്ടു് നമുക്കു വേദപ്രചാരവേലയിൽ അവരോടൊത്തു് പരിശ്രമിക്കാം. മതപരമായ സാഹിത്യഗ്രന്ഥങ്ങൾ നാം ധാരാളം വായിക്കണം. നാം വായിച്ചശേഷം അവയെ ചവററുകൊട്ടയിൽ തള്ളാതെ അക്രൈസ്തവരുടെയിടയിൽ വിതരണം ചെയ്യണം. അപ്പോൾ അവക്കു് നമ്മുടെ സഭയെപ്പററിയും സഭാസ്ഥാപകനായ ക്രിസ്തുവിനെപ്പററിയും അറിയുവാൻ സാധിക്കും. ആ അറിവാണു് മാനസാന്തരത്തിലേക്കുള്ള ആദ്യത്തെ ചവിട്ടുപടി. കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ സൗജന്യമായി മിഷൻദേശങ്ങളിലേക്കു് "റിമെയിൽ" ചെയ്യുന്ന സമ്പ്രദായം ഇന്നു പാശ്ചാത്യർ കൈക്കൊണ്ടിരിക്കുന്ന ഒരു വേദപ്രചാരവേലയാകുന്നു വലിയ പണവ്യയം ആവശ്യമില്ലാത്ത ഈ പദ്ധതി വിദ്യാർത്ഥികളായ ഓരോരുത്തക്കും നിഷ്പ്രയാസം പ്രായോഗികമാക്കാവുന്നതാണു്. കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ നിരന്തരമായ പാരായണംമൂലം മാനസാന്തരപ്പെട്ടിട്ടുള്ളവർ നിരവധിയാണു്.

ക്രിസ്തു രോഗികളെ സ്വസ്ഥരാക്കി, ദുഃഖിതരെ ആശ്വസിപ്പിച്ചു. വിശക്കുന്നവക്കു് ഭക്ഷണം കൊടുത്തു, കുരുടർ, ചെകിടർ, അന്ധർ, മുടന്തർ തുടങ്ങിയവരെ സൗഖ്യമാക്കി. ഈ അവസരങ്ങളിലെല്ലാം "ദൈവരാജ്യത്തിൻെറ സുവിശേഷം" പ്രസംഗിച്ചുകൊണ്ടിരുന്നു. അതുപോലെതന്നെ സഭയും അനാഗതരെ സമീപിക്കുന്നതും ജീവകാരുണ്യപ്രവൃത്തികളിലൂടെയാണു്. ദൈവാലയങ്ങൾ കൂടാതെ വിദ്യാലയങ്ങളും ആതുരാലയങ്ങളും അനാഥശാലകളും മിഷനറിമാർ ആയിരക്കണക്കിനു നടത്തിവരുന്നുണ്ടു്. ഇവയ്ക്കെല്ലാം പണം അവശ്യം വേണ്ടതാകുന്നു വിശ്വാസികളുടെ സംഭാവനയല്ലാതെ മററു ധനാഗമമാർഗ്ഗവും ഇല്ല. ആകയാൽ വിദ്യാർത്ഥികളായ നാമേവരും യഥാശക്തി ധനസഹായവും ചെയ്യേണ്ടതാകുന്നു.

നമുക്കു് ചെറിയ മിഷൻസംഘങ്ങൾ സ്ഥാപിച്ചു് അവയുടെ ആഭിമുഖ്യത്തിൽ പിരിവുകൾ നടത്തി മിഷൻപ്രവർത്തനത്തെ ത്വരിതപ്പെടുത്താം. പുതിയ മിഷൻസഹായസംഘങ്ങൾ രൂപവല്ക്കരിച്ചുകൊണ്ടോ, അഥവാ ഓരോ ഇടവകയിലും നടപ്പുള്ള സൊഡാലിററി, ലീജിയൻ ഓഫ് മേരി തുടങ്ങിയ സംഘടനകളുടെ ആഭിമുഖ്യത്തിലോ ആഴ്ചതോറുമോ, മാസംതോറുമോ പിരിവുകൾ നടത്തി മിഷനു് അയച്ചുകൊടുക്കാവുന്നതാണു്. പണം കൊടുക്കാൻ സാധിക്കാത്ത കുട്ടികൾക്കു് മിഷൻസഹായാർത്ഥം റദ്ദുചെയ്ത സ്ററാമ്പുകൾ ശേഖരിച്ചു് മിഷനെ സഹായിക്കാവുന്നതാണു്.

ചില കുട്ടികൾ മാതാപിതാക്കളുടെ അറിവും സമ്മതവും കൂടാതെ ബീഡി, സിഗററു്, മധുരപലഹാരങ്ങൾ എന്നിവയ്ക്കായി എന്തുമാത്രം പണം വ്യഥാ കളയുന്നു. സിനിമാ, നാടകം ഇവകൾ കാണുന്നതിനു് പണമുണ്ടു്. ഈവക കാര്യങ്ങൾ എത്രയോ ആവശ്യമില്ലാത്തവയാകുന്നു. വെറും വിനോദങ്ങൾ മാത്രം. മിക്കപ്പോഴും ഉപദ്രവകരങ്ങളും. മിഷൻചൈതന്യമുള്ള ബാലികാബാലന്മാർ ഈവക കാര്യങ്ങളിൽ ഇടപെടാതെ ആശയടക്കംചെയ്തു അവയ്ക്കായി ചിലവഴിക്കുവാൻ ഉദ്ദേശിക്കുന്ന പണം മിഷൻഫണ്ടിലേക്കു് മുതൽകൂട്ടുക. ത്യാഗപ്പെട്ടികളിൽ നിക്ഷേപിക്കുക. ഒരു ഭവനത്തിലെ കുട്ടികൾ ഭൃത്യന്മാരെക്കൊണ്ടു് ചെയ്യിക്കാറുള്ള ജോലികൾ തന്നത്താൻ ചെയ്തു ലഭിച്ച തുക മിഷനു അയച്ചുകൊടുത്തു. വേറൊരു കുട്ടി അടുത്ത പട്ടണത്തിലേക്കു് കാൽനടയായി പോയി കാര്യം സാധിച്ചുശേഷം വണ്ടിക്കൂലിക്കായി വീട്ടിൽനിന്നും ലഭിച്ച തുക വേദപ്രചാരണാർത്ഥം മിഷൻഫണ്ടിലേക്കു സംഭാവനകൊടുത്തു. ഒരു പ്രഭുവിൻെറ ചെരിപ്പുതുടയ്ക്കൽ ജോലിയായിരുന്ന ഒരു ബാലിക മൂന്നു വർഷംകൊണ്ടു് 20 ഷില്ലിംഗ്ഗ് മിച്ചം വരുത്തി ആ തുക ഒരു മിഷനറിമെത്രാനെ ഏല്പിച്ചു. ഇവരുടെ മഹനീയവും നിസ്വാർത്ഥവുമായ മാതൃകകളെ അനുകരിച്ചു നമുക്കും പ്രവർത്തിച്ചുകൂടയോ?

മിഷൻസഹായാർത്ഥം കോഴിവളർത്തൽ, തേനീച്ചവളർത്തൽ മുതലായവ നടത്തുന്നവരുണ്ടു്. മററു ചിലർ വാഴ, കപ്പ, ചേന, കാച്ചിൽ ഇവ കൃഷിചെയ്യുമ്പോൾ ഏതാനും ചുവടുകൾ മിഷൻസഹായാർത്ഥം നിയോഗിക്കാറുണ്ടു്. വിദ്യാർത്ഥിനികൾക്കു ദേവാലയങ്ങൾക്കാവശ്യമുള്ള തിരുവസ്ത്രങ്ങൾ, അൾത്താരവിരികൾ ആദിയായവ തയിച്ചുകൊടുത്തും, കൊന്ത വെന്തിങ്ങാ മുതലായവ ഉണ്ടാക്കിക്കൊടുത്തും മിഷൻവേലയെ സഹായിക്കാം. സർവ്വോപരി മാതൃകാപരമായ ജീവിതം നയിച്ചും നമുക്കു തീക്ഷ്ണതനിറഞ്ഞ മിഷനറിമാരാകാം. നാം തന്നെ നന്നായി ജീവിക്കാതെ മററുള്ളവരെ എങ്ങിനെ നന്നാക്കും? നാം തന്നെ ക്രിസ്തുവിനെ അനുകരിക്കുന്നവരാകാതെ എങ്ങിനെ ശേഷംപേരെ അവിടുത്തെ അനുകരിക്കുന്നവരാക്കും? "വൈദ്യാ, നീ നിന്നെത്തന്നെ ആദ്യം സൗഖ്യമാക്കുക," എന്നു് നമ്മെപ്പററി ആക്ഷേപിക്കുവാൻ ഇടയാക്കരുതു്. വിദ്യാർത്ഥികൾ വിദ്യാലയത്തിലും, വീട്ടിലും, വിനോദസ്ഥലത്തും പ്രേഷിതരാകണം. ഊണിലും ഉറക്കത്തിലും, പഠനത്തിലും വിനോദത്തിലും, ജോലിയിലും വിശ്രമത്തിലും ചൈതന്യം തുളുമ്പുന്ന പ്രേഷിതരായി വർത്തിക്കണം. അപ്പോൾ അനേകംപേക്കു സുവിശേഷവെളിച്ചം പ്രദാനം ചെയ്യുന്നതിനുള്ള ഭാഗ്യം നമുക്കും ഉണ്ടാകും. ഏക തൊഴുത്തും ഏകയിടയനും ആയിത്തീരുന്ന ആ മംഗളമഹാസുദിനം വേഗം ഉദയംചെയ്തു കാണുവാൻ നമുക്കു് സർവ്വാത്മനാ പരിശ്രമിക്കാം, പ്രാർത്ഥിക്കാം.

### 111-ാംനമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

എൻെറ പേർ—സക്കാരി

### പ്രശ്നം നമ്പർ 112

(ജോസഫ് ജെ. പൊരിയത്തു് Reg. No. 85)

ലോകത്തിൽ എന്നെ ഭയപ്പെടാത്ത യാതൊരു ജീവിജാലവുമില്ല. ഞാൻമൂലം മരണവും, ഒടിവും, ഞെരിവും, അനാരോഗ്യവും, പണനഷ്ടവും എല്ലാം സംഭവിക്കുന്നു. ലോകം പുരോഗമിക്കുന്തോറും ഞാനും പുരോഗമിക്കുകയാണു്. എന്നെ തടഞ്ഞുനിർത്താനുള്ള ശ്രമം എവിടെയും തകൃതിയായി നടക്കുന്നുണ്ടു്. പക്ഷെ, ഞാനെവിടെയും ഒരു വിടവു കണ്ടെത്താതിരിക്കയില്ല. എൻെറ പേരിനു നാലക്ഷരമുണ്ടു്. ഒന്നാമത്തെ അക്ഷരം അപകാശവാദത്തിലുണ്ടു്, പ്രതിഷേധത്തിലില്ല. രണ്ടാമത്തെ അക്ഷരം പരദേസ്സഹത്തിലുണ്ടു്, സ്വാർത്ഥതയിലില്ല മൂന്നാമത്തെ അക്ഷരം കരുണയിലുണ്ടു്, ദയാശീലത്തിലില്ല. അവസാനത്തെ അക്ഷരംദുർഘടത്തിൽ കാണാം, നല്ല വഴിയിൽ കാണാൻ പാറുകയില്ല. എൻെറ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

---

### ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

Reg. No.

156 അലക്സാണ്ടർ കെ. അയ്യന്തി, നരിയപുരം.
157 വി. എം. വക്കി മൈലാട്ടംപാറയിൽ, വാഴൂർ.
158 പി. ജെ. ചാക്കോ പൊരിയത്തു്, തിടനാട്ട്.
159 പി. എം. ജോസഫ് പനസ്കൽ, കോട്ടപ്പടി.
160 കെ. കെ. ദേവസ്യാ കൊച്ചുകരോട്ടു്, മേലുകാവുമറ്റം.

---

ചെറുകഥ

## "വയറിൻെറ വിളി"

(ജോസഫ് ഡി വാരിക്കാട്ടു് Reg. No. 54)

"വല്ലതും തരണേ!..."ഒരു കൈയിൽ പിച്ചച്ചിരട്ടയും മറേറകൈയിൽ വടിയും പിടിച്ചുകൊണ്ടു് ഒരു കിഴവൻ "പണത്തേൽ" മുതലാളിയുടെ വീട്ടുപടിക്കൽനിന്നു വിളിച്ചുപറഞ്ഞു. "വല്ലതും തരണേ!..."

ചാക്കോ മുതലാളി തിണ്ണയിൽ കിടന്നിരുന്ന കസേരയിൽ ചാരിയിരുപ്പുണ്ടായിരുന്നു. രണ്ടു ബംബാപ്പട്ടികൾ മുററത്തുകൂടി ഓടിനടന്നുകൊണ്ടു് ബൗ ബൗ എന്നു കരയുന്നു. "വല്ലതും തരണേ!..." ആ കിഴവൻെറ ദീനരോദനം അന്തരീക്ഷത്തിൽ മാറൊലിക്കൊണ്ടു.

പാവപ്പെട്ടവൻെറ കരച്ചിൽ കേൾക്കുവാനാരുണ്ടു്! അവൻെറ "എരിയുന്ന വയറിൻെറ വിളി" കേൾക്കുവാനാരുമില്ല. ഒരു നേരത്തെ ആഹാരത്തിനുവേണ്ടി വലയുന്ന പാവം അവനെക്കാണാനുള്ള കണ്ണുണ്ടോ മുതലാളിക്കു്?

"പോടാ അവിടന്നു്; ഇപ്പഴൊന്നും തരാനില്ല" ചാക്കോ മുതലാളി കസേരയിൽ കിടന്നുകൊണ്ടു പറഞ്ഞു.

"വല്ലതും തരണേ മുതലാളീ, വിശന്നിട്ടാണേ."

"പോകാനല്ലേ പറഞ്ഞതു്;ഇപ്പഴൊന്നും തരുന്നില്ല. പോ."

"വിശന്നിട്ടല്ലേ മുതലാളീ, ഇച്ചിരി കഞ്ഞി തന്നാൽ മതിയേ; ചക്രം ഒന്നും വേണ്ടേ" ആ കിഴവൻെറ സ്വരം പതറുന്നുണ്ടായിരുന്നു.

"എടാ ചള്ളു, ഇവിടെ വാടാ, ഇയാളെ അടിച്ചു് ഓടിക്കു" മുതലാളി ആജ്ഞാപിച്ചു. ഒരു തടിയൻ മനുഷ്യൻഒരുകൈയിൽ വടിയുമായി ഓടിവരുന്നതു കണ്ടു് കിഴവൻവിറച്ചുവിറച്ചു നടന്നുതുടങ്ങി. "ധമ്മം തന്നില്ലേലും പട്ടിയെ വിട്ടു കടിപ്പിക്കാതെയും തല്ലിക്കൊല്ലിക്കാതെയും ഇരുന്നാൽ മതിയായിരുന്നു" എന്നു പിറുപിറുത്തുകൊണ്ടാണു് കിഴവൻ നടന്നകന്നതു്.

മുതലാളിയുടെവീട്ടിൽനിന്നും ഒരു ഫർലോംഗ് അകലത്തിലായി ഒരു പന്തുകളിസ്ഥലമുണ്ടു്. അവിടെ ഏതാനുംപേർ പന്തു കളിക്കുന്നുണ്ടായിരുന്നു.

"എന്താഅപ്പാപ്പാ.അവിടെച്ചെന്നിട്ടു് ധമ്മം ഒന്നും കിട്ടിയില്ലേ." കിഴവൻ അടുത്തുവന്നപ്പോൾ ആ കൂട്ടത്തിൽ ഒരു യുവാവു ചോദിച്ചു.

"ധമ്മം തന്നില്ലെന്നല്ല, വേലക്കാരനെ വിട്ടു് തല്ലിക്കാൻ തുടങ്ങി" കിഴവൻ സങ്കടത്തോടുകൂടി പറഞ്ഞു.

"സാരമില്ലപ്പാപ്പാ; ഇതെല്ലാം കാണുന്ന ഒരാളുണ്ടല്ലോ. മുതലാളിയേയും പാവപ്പെട്ടവനേയും സൃഷ്ടിച്ച ദൈവം. അവിടുന്നു് ഇതെല്ലാം കാണുന്നുണ്ടല്ലോ." ആ യുവാവു് സമാശ്വസിപ്പിച്ചു.

"പാവപ്പെട്ടവനു് ഒരു നേരത്തെ ആഹാരം കൊടുക്കാൻ മനസ്സില്ലാത്തവർ...ദുഷ്ടന്മാർ! വിശപ്പിൽനിന്നും ഉദിച്ചുയരുന്ന, വയറിൻെറ വിളി കേൾക്കാൻ കഴിവില്ലാത്ത മുതലാളിമാർ. അവക്കുണ്ടോ വിശപ്പു്? വാ കീറിയ ദൈവം ഇരയും തരും; തരാതിരിക്കയില്ല." വൃദ്ധൻ പറഞ്ഞുനിർത്തി.

"എനിക്കു പരവേശം എടുക്കുന്നു കുഞ്ഞേ" ആ കിഴവൻ തളന്നു നിലത്തിരുന്നു. അടുത്തുണ്ടായിരുന്ന നാരങ്ങാവെള്ളക്കടയിൽനിന്നും ആ യുവാവു് ഒരു ഗ്ലാസ് നാരങ്ങാവെള്ളം കൊണ്ടുവന്നു കൊടുത്തപ്പോൾ കിഴവനു് ആശ്വാസമായി.

"കുഞ്ഞേതാ?" കിഴവൻ ചോദിച്ചു.

"അപ്പാപ്പൻ മുമ്പു ധമ്മം ചോദിച്ച വീട്ടിലെ മുതലാളിയുടെ മകനാണുഞാൻ" യുവാവു പറഞ്ഞു.

"കുഞ്ഞിൻെറ പേരു്?"

"ജോയി."

"അപ്പാപ്പൻെറ വീടെവിടാ?" ജോയി ചോദിച്ചു.

"എൻെറ വീടു വടക്കൻതിരുവിതാംകൂറിലാ. 50 മൈൽ അകലമുണ്ടിവിടന്നു്."

"അപ്പാപ്പൻെറ പേരു്?"

"എൻെറ പേരു കിട്ടുന്നാ."

"അപ്പാപ്പനു ആരൊക്കെയുണ്ടു്?"

"ആരുമില്ല" കിഴവൻ ദീർഘമായൊന്നു നിശ്വസിച്ചു.

"ഇതാ, ഇതുകൊണ്ടുചെന്നു് ചോറുവാങ്ങിച്ചു ഉണ്ടോ" ജോയി പോക്കററിൽനിന്നും ഒരു രൂപയെടുത്തുകൊടുത്തു. "ഇനി വല്ലപ്പോഴും ഇതുവഴി വരുമ്പോ കാണണേ" അവൻ സ്നേഹപൂർവ്വം പറഞ്ഞു.

x x x

വസന്തകാലവും വേനല്ക്കാലവും വർഷകാലവും ഓരോരോന്നോരോന്നായി കടന്നുപൊയ്ക്കൊണ്ടിരുന്നു. തേന്മാവും പഞ്ചാരവരിക്കപ്ലാവുമെല്ലാം പൂക്കുകയും കായ്ക്കുകയും കായ്കനികൾ പഴുക്കുകയും ചെയ്തുകൊണ്ടിരുന്നു. മനോഹരമായ ഗ്രാമപ്രദേശത്തിൻെറ വിരിമാറിൽ ഉയർന്നുനിന്നിരുന്നു പരിശുദ്ധ ദേവമാതാവിൻെറ ആ ദേവാലയം.

എല്ലാ മാസത്തിലും ഒരിക്കലെങ്കിലും കിട്ടുക്കിഴവനും ജോയിയുമായി കൂടിക്കാണും. ഇങ്ങനെയുള്ള സമ്പക്കംമൂലം കിഴവനു ജോയിയോടു വലിയ ഇഷ്ടമായിത്തീന്നു. എന്നും അവൻ ഒരു രൂപായോ എട്ടണയോ തരംപോലെ കിട്ടുക്കിഴവനു കൊടുക്കുകയും ചെയ്തിരുന്നു.

അനാഗതനായ ആ കിഴവനോടു് ജോയി സൗകര്യംപോലെ പലപ്പോഴും പറയാറുണ്ടായിരുന്നു, ആ ദേവാലയത്തെപ്പററിയും, പരിശുദ്ധ കന്യകമറിയത്തെപ്പററിയും, കത്തോലിക്കാ സഭയെപ്പററിയും മററും.

കാലക്രമത്തിൽ കിട്ടുക്കിഴവൻെറ മനസ്സിൽ ഒരാശയുണ്ടായി, തനിക്കും ഒരു ക്രിസ്ത്യാനിയായാൽ

(ശേഷം 8-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam—I